# മുസ്ലിംകളുടെ പ്രാർത്ഥനാരൂപങ്ങൾ

- ഖുർആൻ പഠനം എന്ന സ്വലാത്ത്
- അല്ലാഹു അക്ബർ – 'തെറ്റും' 'ശരി'യും.
- ചേകനൂർ മൗലവിയുടെ ദൗത്യം – ചേകനൂർ മൗലവിയുടെ 'സ്വലാത്ത്'
- 'ബിസ്മി' – അർത്ഥവും വ്യാഖ്യാനവും

**ഡോ:എം. അബ്ദുൾ ജലീൽ, പുറ്റെക്കാട്**
ഖുർആൻ സുന്നത്ത് സൊസൈറ്റി
കേന്ദ്ര നിർവ്വാഹക സമിതി അംഗം
ചെയർമാൻ, ഇസ്ലാമിക് റിസർച്ച് ആൻഡ്
പ്രൊപ്പഗേഷൻ സെന്റർ (IRPC)
കോഴിക്കോട്.

# മുസ്‌ലിംകളുടെ പ്രാർത്ഥനാരൂപങ്ങൾ

**ഖുർആൻ സുന്നത്ത് സൊസൈറ്റി പ്രവർത്തകർക്കിടയിൽ സ്വകാര്യ വിതരണത്തിനുള്ളത്**

For private circulation only


**ഡോ:എം. അബ്ദുൾ ജലീൽ, പുറ്റെക്കാട്**
ഖുർആൻ സുന്നത്ത് സൊസൈറ്റി
കേന്ദ്ര നിർവ്വാഹക സമിതി അംഗം
ചെയർമാൻ, ഇസ്ലാമിക് റിസർച്ച് ആൻഡ്
പ്രൊപ്പഗേഷൻ സെന്റർ (IRPC)
കോഴിക്കോട്.



**പരിഭാഷകൾക്കും വ്യാഖ്യാനങ്ങൾക്കും കടപ്പാട്**
അബൂയാസിൻ
അബുൽകലാം
ഡോ. ഷബീർ അഹ്മദ്
അബൂഹാല.



Rs. 30/-

www.khur-aansunnathsociety.com
www.chekanoormoulavi.com

# മുസ്ലിംകളുടെ പ്രാർത്ഥനാരൂപങ്ങൾ
## ഖുർആനിലെ പ്രാർത്ഥനകൾ
## മുഹമ്മദ് നബിയുടെ പ്രാർത്ഥന
## (Prayer of Prophet Mohammed(PB UH)

**മുഹമ്മദ് നബി അല്ലാഹുവിനോട് പ്രാർത്ഥിച്ചിരുന്നുവോ ? ഖുർആനിൽ ഒരു പ്രത്യേക പ്രാർത്ഥനാ രൂപമുണ്ടോ? ഉണ്ടെങ്കിൽ അതെങ്ങിനെയായിരുന്നു..? അതെങ്ങിനെയായിരിക്കണം എന്നൊക്കെ സംക്ഷിപ്തമായി വിവരിക്കുകയാണിവിടെ.**

ഏതായാലും നാം ഇന്നു കാണുന്ന ഈ 'ആചാര നമസ്ക്കാരം' -വിശ്വാസികളെ കുരങ്ങന്മാരാക്കുന്ന ഈ നമസ്ക്കാരം (Ritual prayer) -ഖുർആൻ കൊണ്ട് സമർത്ഥിക്കാൻ നമുക്ക് സാധ്യമല്ല. ഒരാൾ മുമ്പിൽ (ഇമാം ആയി) നിൽക്കുക, മറ്റുള്ളവർ അദ്ദേഹത്തെ അനുകരിക്കുക, ഇമാം(നായകൻ) അറബിയിൽ ഓതുന്നത് ഒന്നും മനസ്സിലായിട്ടില്ലെങ്കിലും 'കോട്ടുവാ'ഇട്ടും മൂളിയും ഞരങ്ങിയും മുമ്പിൽ നിൽക്കുന്ന ആൾ (ഇമാം) എപ്പോഴാണോ കുമ്പിടുന്നത് (റുക്കൂഅ് ചെയ്യുന്നത്), അല്ലെങ്കിൽ സാഷ്ടാംഗം പ്രണമിക്കുന്നത്(സുജൂദ് ചെയ്യുന്നത്), എന്ന് കാത്തിരുന്നു നാട്ടുകാര്യങ്ങളും വീട്ടുകാര്യങ്ങളുമൊക്കെ ആലോചിച്ച്, ഇമാമിനെ അനുകരിച്ചുകൊണ്ടു ചെയ്യുന്ന, ഒടുവിൽ മൂക്ക് കൊണ്ട് കുരിശ് വരച്ചവസാനിപ്പിക്കുന്നതുമായ ഈ അഞ്ച് നേരമുള്ള 'കവാത്ത് കം പ്രകടന നമസ്ക്കാരം' (Ritual prayer = Monkey prayer) ഒരിക്കലും മുഹമ്മദ് നബിയോ വിശുദ്ധ ഖുർആനോ പഠിപ്പിച്ചതല്ല. 'ഈ ഖുർആൻ പോലും ചിന്തിച്ചു പഠിച്ചല്ലാതെ നിങ്ങൾ സ്വീക രിക്കരുതെന്നും'(25:73) 'നിങ്ങൾ ഗ്രന്ഥം ചുമക്കുന്ന കഴുതകളാകരുതെ'ന്നും (62:5) നിങ്ങൾ കുരങ്ങന്മാരും പന്നികളുമാവരുത്' (അനുകരണഭ്രാന്തന്മാരും എല്ലാ വൃത്തികേടുകളും വാരിവലിച്ചു തിന്നുന്നവരുമാവരത്) (5:60) എന്നൊക്കെ ഖുർആനും മുഹമ്മദ് നബിയും ആവർത്തിച്ചു പഠിപ്പിച്ചിട്ടും ആ ദൈവീക വചനങ്ങളെ കാറ്റിൽ പറത്തികൊണ്ട് മുടിക്കച്ചവടവും മുടിവെള്ളവും സംസം വെള്ളവുമൊക്കെയായി-ശമ്പളവും ശാപ്പാടും കൊടുത്താൽ മാത്രം നമസ്കാരത്തിന് 'ഇമാമാ'യി നിൽക്കുകയും ബാങ്ക് കൊടുക്കുകയും ചെയ്യുന്ന ഒരു കൂട്ടം 'ശാപ്പാട്ടുരാമൻമാരായ' പുരോഹിതന്മാരെ സൃഷ്ടിക്കുകയും അവരുടെ പിറകിൽ കേവലം 'കുര ങ്ങൻമാരെ'പ്പോലെ അനുകരിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു പറ്റം അനുയായികളെയും സൃഷ്ടിക്കുക യാണ് അറേബ്യയിലെ മുസ്ലിം വേഷമിട്ട ആ ജൂതലോബി ചെയ്തത് എന്ന് നമുക്ക് പറയാതെ വയ്യ. എന്നു മാത്രമല്ല, വിശുദ്ധ ഖുർആനും മുഹമ്മദ് നബിയും പഠിപ്പിച്ച 'ഖുർആൻ പഠനം' എന്ന മഹത്തായ സ്വലാത്തിനു പകരം വെച്ച ഒരു പ്രഹസനമാണ് നാം ഇന്നു കാണുന്ന 'അഞ്ചുനേര നമസ്കാരം' എന്ന 'സുന്നീ സ്വലാത്ത് എന്ന് സമർത്ഥിക്കുകയാണ് നാമിവിടെ ചെയ്യുന്നത്.

'ഖുശൂഇന്നു (ഭയഭക്തിക്ക്) വേണ്ടി- ഭയഭക്തിക്കുവേണ്ടി- അഥവാ ഒരു ഏകാഗ്രത കിട്ടാൻ നമസ്ക്കാരത്തിൽ സുജൂദു ചെയ്യുന്ന സ്ഥലത്തേക്ക് നോക്കണം എന്നാണ് ആദ്യകാലത്ത് അബുഹുറൈറയും അനുയായികളും മുസ്ലിംകളെ പഠിപ്പിച്ചിരുന്നത്. അങ്ങിനെ നമസ്ക്കാരത്തിൽ നിൽക്കുമ്പോഴും, റുക്കൂഅ്(കുനിഞ്ഞു നിൽക്കുമ്പോഴും)സുജൂദ് (അഥവാ സാഷ്ടാംഗം) ചെയ്യുമ്പോഴും ആ പോയിന്റിലേക്ക് തന്നെ ശ്രദ്ധിച്ചു നോക്കിക്കൊണ്ടിരിക്കണം എന്നാണ് അബുഹുറയ്റയും ശിഷ്യന്മാരും , സിറിയ, ഈജിപ്ത്, ഇറാഖ് തുടങ്ങിയ പ്രവിശ്യകളിൽ (മക്കയും മദീനയും ഉൾപ്പെട്ട ഹിജാസ് പ്രവിശ്യയിലല്ല)തങ്ങളുടെ ജൂതമിഷ്യനറി പ്രവർത്തനം തുടങ്ങിയ ആദ്യകാലത്ത് പഠിപ്പിച്ചിരുന്നത്. അവരിൽ നിന്ന് 'ഇസ്ലാംമതം സ്വീകരിച്ച' നമ്മുടെ സുന്നി, മുജാഹിദ്, ജമാഅത്ത് മൗലവിമാരുടെ പൂർവികരും (സുന്നത്ത് ജമാഅത്തിന്റെ പണ്ഡിതന്മാർ) ഇന്നും കേരളത്തിലെ പള്ളി മദ്രസകളിൽ അങ്ങിനെത്തന്നെയാണ് നിസ്ക്കാരം പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഈ നമസ്ക്കാരത്തിന്റെ അവസാനത്തിൽ -അത്തഹിയ്യാത്തിന്റെ അവസാനത്തിൽ 'അല്ലാഹുമ്മ ഇന്നീ'-അഊദുബിക-മിൻ അദാബിൽ ഖബ്റി-വമിൻ അദാബിന്നാരി-വമിൻ ഫിത്നത്തിൽ മഹ്യാ-വൽമമാത്തി-വമിൻ ഫിത്ത്നത്തിൽ- മസീഹിദ്ദജ്ജാൽ. (അർത്ഥം:അല്ലാഹുവേ.(ദൈവമേ...) ഖബറിലെ ശിക്ഷയിൽ നിന്നും നരകശിക്ഷയിൽ നിന്നും, മനുഷ്യൻ ജനിക്കുമ്പോഴും മരിക്കുമ്പോഴും പിശാചുണ്ടാക്കുന്ന കുഴപ്പത്തിൽ നിന്നും, പെരുംകള്ളനായ ഈസാനബിയുടെ(യേശുക്രിസ്തുവിന്റെ) (അൽമസീഹുദ്ദജ്ജാലിന്റെ) കുഴപ്പത്തിൽ നിന്നും എന്നെ രക്ഷിക്കേണമേ.) എന്ന തികച്ചും ഖുർആൻ വിരുദ്ധവും, തനിവഷളത്തരവും, മഹാഅപകടകരവുമായ, ഖുർആൻ വിരുദ്ധമായ നാലു അബദ്ധങ്ങളുള്ള ആ ദൈവവിരുദ്ധ പ്രാർത്ഥനയോടുകൂടി (മുഖമുയർത്തി, പിന്നീട്, വലത്തോട്ടും ഇടത്തോട്ടും, മുഖം തിരിച്ചു, തികച്ചും ഖുർആൻ വിരുദ്ധമായ ശൈലിയിൽ-അഥവാ 'അസ്സലാമു അലൈക്കും' എന്ന ജൂതശൈലിയിൽ- രണ്ടു പ്രാവശ്യം 'അസ്സലാം' പറഞ്ഞു) മൂക്കു കൊണ്ട് അവരറിയാതെ ഒരു കുരിശും വരച്ചാണ് ഇന്നും സുന്നി-മുജാഹിദ്-ജമാഅത്തു മൌലവിമാർ തങ്ങളുടെ നിത്യവുമുള്ള അഞ്ചുനേര നമസ്ക്കാരം അവസാനിപ്പിച്ചുവരുന്നത്.

ഇതു നാം മുമ്പു എത്രയോ തവണ ആവർത്തിച്ചെഴുതിയതാണ്. ചേകന്നൂർ മൗലവി അമ്പതുവർഷം മുമ്പ് ചൂണ്ടിക്കാണിച്ച, സുന്നി മുസ്ലീംകളുടെ നിത്യനമസ്ക്കാരത്തിലെ ഇത്തരത്തിലുള്ള മുപ്പത്തിരണ്ടോളം ഖുർആൻ വിരുദ്ധമായ അബദ്ധങ്ങളിൽ ഒന്നിനുപോലും മറുപടി പറയാതെ പൂർവികരുടെ ആചാരവും, 'സലഫിസം' എന്ന ഖുർആൻ വിരുദ്ധ പ്രത്യയശാസ്ത്രവുമായി വിലസി നടക്കുകയാണ് നമുക്കിടയിലെ പണ്ഡിത മന്യന്മാരായ മുജാഹിദ്-ജമാഅത്ത് മൗലവിമാർ.

സുന്നീ-മുജാഹിദ്-ജമാഅത്ത് മൗലവിമാർ നമസ്ക്കാരത്തിൽ കുരിശു വരയ്ക്കുകയോ, എന്നു അത്ഭുതപ്പെടുകയും സംശയിക്കുന്നവരും അതൊരു കേവലം ബാലിശമായ ആരോപണമായി കാണുന്നവരും ഉണ്ടാകും. അവരുടെ സംശയ നിവാരണത്തിനായി ചില കാര്യങ്ങൾ കൂടി ഇവിടെ കുറിയ്ക്കട്ടെ. നിങ്ങൾ നമസ്ക്കാരത്തിൽ 'അത്തഹിയ്യാത്തിൽ' ഇരിക്കുന്നത് പോലെ ഇരിക്കുക. അബുഹുറയ്റ പഠിപ്പിച്ചതുപോലെ ഒരു ഏകാഗ്രതക്കുവേണ്ടി(ഖുശു ഇന്നു വേണ്ടി) സുജൂദ് ചെയ്യുന്ന സ്ഥാനത്തേക്കു നോക്കി നിൽക്കുക. കാര്യം വളരെ വ്യക്തമാവാൻ വേണ്ടി ഒരു കണ്ണാടിയെടുത്ത് കണ്ണാടിയുടെ പ്രതലം മൂക്കിന്റെ തുമ്പിൽ തട്ടുന്ന വിധം മൂക്കിനു സമാന്തരമായി പിടിക്കുക. പിന്നീട് മുഖമുയർത്തി 'അസ്സലാമു അലൈക്കും' പറഞ്ഞു കൊണ്ട്, മുഖം ആദ്യം വലത്തോട്ടും പിന്നെ ഇടത്തോട്ടും തിരിക്കുക. കണ്ണാടിയുടെ പ്രതലത്തിൽ മനോഹരവും അന്യൂനവുമായ ഒരു കുരിശു പ്രത്യക്ഷപ്പെടുന്നതു കാണാം. ഒരുപക്ഷേ വിശുദ്ധ പൗലോസ്പോലും ഇത്ര മനോഹരമായി ഒരു കുരിശു വരച്ചിട്ടുണ്ടാവില്ല !. മൂക്കിൻ തുമ്പിൽ ഒരൽപം വെള്ളം കൊണ്ട് നനച്ചാൽ കുരിശിന്റെ ചിത്രം കണ്ണാടിയുടെ പ്രതലത്തിൽ വളരെ വ്യക്തമാകും...! വിശുദ്ധ ഖുർആനും മുഹമ്മദ് നബിയും വളരെ ആദരവോടും, ഭയഭക്തിയോടെയും പരിചയപ്പെടുത്തിയ പുണ്യാത്മാവായ അൽമസീഹിനെ - ഈസാനബിയെ- യേശുക്രിസ്തുവിനെ- നമ്മളറിയാതെ(നമുക്കറിയാത്ത അറബിഭാഷയിൽ) 'പെരുങ്കള്ളൻ' എന്നു വിളിപ്പിച്ചതിനു ശേഷമാണ് നമ്മളറിയാതെ നമ്മെകൊണ്ട് ഈ കുരിശ് വരപ്പിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം! ഇത്തരത്തിലുള്ള അമ്പതോളം ഖുർആൻ വിരുദ്ധമായ അബദ്ധങ്ങൾ സുന്നികളുടെ നമസ്ക്കാരത്തിലും ബാങ്കിലുമുണ്ടെന്ന് ചേകന്നൂർ മൗലവി സമർത്ഥിച്ചത് നാം അറിഞ്ഞതാണല്ലോ. **('നമസ്ക്കാരം എങ്ങിനെ; എത്ര?' എപ്പോൾ, 'ഖുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും,' 'അബുഹുറയ്റയുടെ തനിനിറം' എന്നീ ഗ്രന്ഥങ്ങൾ വായിച്ചാൽ ഈ അബദ്ധങ്ങളെല്ലാം എളുപ്പം മനസ്സിലാകും).** മാത്രമല്ല, പ്രസ്തുതഗ്രന്ഥങ്ങൾ വായിച്ചുപഠിച്ചവർക്കു മാത്രമേ, ഈ ഗ്രന്ഥത്തിൽ തുടർന്നു പറയുന്ന കാര്യങ്ങൾ ദഹിക്കുകയുള്ളു. (ശിയാ മുസ്ലിംകൾ അവരുടെ പ്രാർത്ഥനയിൽ ആമീൻ എന്നു പറയുകയോ, മൂക്കുകൊണ്ട് കുരിശുവരക്കുകയോ ചെയ്യുന്നില്ല എന്ന വസ്തുതയും നാം ഓർത്തുവെക്കുക)

ജാതിക്കും, മതത്തിനും, ഗോത്രങ്ങൾക്കും, ഗോത്രദൈവങ്ങൾക്കും, ആചാരാനുഷ്ഠാനങ്ങൾക്കും അമിതപ്രാധാന്യം നൽകിയിരുന്ന അറേബ്യയിലെ ഖുറൈശി കൂട്ടങ്ങൾക്കിടയിൽ നിന്ന് മതവും ജാതിയും ഏതായലും, ആണായാലും, പെണ്ണായാലും, (ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരായാലും അധികാരവും, ആജ്ഞാ ശക്തികളുമുള്ള വിഭാഗമായാലും) മനുഷ്യൻ നന്നായാൽ മതി, വിശ്വാസത്തോടുകൂടി സൽക്കർമ്മങ്ങൾ ചെയ്യുന്ന ഏതു വ്യക്തിക്കും സ്വർഗ്ഗമുണ്ട്. (ജീവിതവിജയമുണ്ട്) (2:62, 5:68) (16:97) (40:40) (57:18) (3:195) എന്ന് പ്രഖ്യാപിച്ചുകൊണ്ട് ഒരു ഉത്തമ സമൂഹത്തെ വാർത്തെടുക്കുകയും ആ സമൂഹത്തിൽ നിന്ന് മഹത്തായ ഒരു മാതൃകാ സമൂഹത്തെയും പിന്നീട് ഒരു മാതൃകാ ഭരണകൂടത്തെയും സ്ഥാപിച്ചെടുക്കുകയുമായിരുന്നു, ദൈവദൂതനായ മുഹമ്മദ് ചെയ്തിരുന്നതെന്ന് ഖുർആനും അറേബ്യൻ ചരിത്രവും ഖുർആൻ വിരുദ്ധമല്ലാത്ത ഹദീസുഗ്രന്ഥങ്ങളും സാക്ഷിനിൽക്കുന്നു. ചരിത്രപരമായ ആ ഭാഗം നാം പിന്നീട് പഠിക്കുന്നുണ്ട്. ഏതായാലും 'അഞ്ചുനേരം അറബിഭാഷയിൽ പ്രാർത്ഥിക്കുന്ന സുന്നികൾക്കു മാത്രമേ വിജയമുള്ളു എന്ന ഖുർആൻ വിരുദ്ധവാദം ലോകത്ത് സ്ഥാപിച്ച അറേബ്യൻ ജൂതന്മാരുടെ (അഹ്ലുസ്സുന്നത്തുവൽ ജമാഅത്തിന്റെ)അസ്ഥിവാരമായ അഞ്ചുനേര നമസ്ക്കാരത്തിലും അഞ്ച്നേര ബാങ്കിലും കാണപ്പെടുന്ന അമ്പതോളം ഖുർആൻ വിരുദ്ധ ചിന്താഗതികളാണ് മൗലവി ചേകന്നൂർ അദ്ദേഹത്തിന്റെ നമസ്ക്കാരത്തെക്കുറിച്ചുള്ള അഞ്ചു ഗ്രന്ഥങ്ങളിലൂടെ നമുക്ക് തുറന്ന് കാണിച്ചു തന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അറേബ്യൻ സുന്നികളും-ശിആക്കളും വളരെ പാവനമായും, സത്യവുമാണെന്നു കരുതി ആചരിച്ചുപോന്ന-നബിതിരുമേനിയോ വിശുദ്ധ ഖുർആനോ പഠിപ്പിക്കാത്ത-നൂറുകണക്കിനുള്ള അബദ്ധങ്ങളുള്ള നമസ്ക്കാരത്തെയും, ബാങ്കിനെയും, നോമ്പിനെയും, ഹജ്ജിനെയും മറ്റു ഇസ്ലാം വിരുദ്ധ വിശ്വാസാചാരങ്ങളെയുമാണ് തന്റെ പത്തൊൻപത് ഗ്രന്ഥങ്ങളിലൂടെ മൗലവി സാഹിബ് ഖുർആൻ കൊണ്ട് തകർത്തുകളഞ്ഞത്. ഏതായാലും ഇന്നു നാം കാണുന്ന സുന്നി-ശിയാ മുസ്ലീം വിഭാഗങ്ങളുടെ ഈ നമസ്ക്കാര രീതി ഖുർആൻ കൊണ്ട് സമർത്ഥിക്കാൻ നമുക്ക് പറ്റുകയില്ല. പിന്നെ എന്തുകൊണ്ടാണ് മൗലവി ചേകന്നൂർ **'ഖുർആനിലെ നമസ്ക്കാരരൂപം'** എന്നൊരു കൊച്ചുഗ്രന്ഥം കൂട്ടത്തിൽ രചിച്ചത്? അതിന്റെ പ്രായോഗികവും , മനശ്ശാസ്ത്രപരവും, കാലികവുമായ പ്രസക്തിയെന്ത്? എന്നു ചർച്ച ചെയ്യുക കൂടിയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

# ഖുർആൻ പഠനം എന്ന സ്വലാത്ത്
# വെള്ളിയാഴ്ച ഖുത്തുബയും നമസ്ക്കാരവും
# നബിയുടെ പ്രസംഗത്തിന്റെ-നബിയുടെ
# ഖുതുബയുടെ ആരംഭം

## അബൂഹുറയ്റയും മുആവിയയും 'ഖുർആൻ പഠന'മെന്ന സ്വലാത്തിനെ 'കുരങ്ങൻ പ്രാർത്ഥന'യാക്കി (Monkey Prayer - ആക്കി) മാറ്റുന്നു. !

മുസ്ലിംകളുടെ ഏറ്റവും പ്രധാനപ്പെട്ട-മർമ്മ പ്രധാനമായ-ഒരു ബാധ്യതയാണല്ലോ വെള്ളിയാഴ്ച ദിവസം, ഖുർആൻ പാരായണം ചെയ്യലും, പ്രസംഗവും കേൾക്കാനായി പള്ളിയിൽ ഒത്തുകൂടുക എന്നത് ഖുർആൻ പഠനം എന്ന സ്വലാത്തിന്റെ പ്രാധാന്യത്തെ ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. ((62:9) (2:238) (8:24))- ഖുർആനിന്റെ ഭാഷയിൽ സ്വലാത്ത് എന്നു പറഞ്ഞാൽ **'ഖുർആൻ എന്ന വേദഗ്രന്ഥം നിലനിർത്തുക'** എന്നതാണ്. എന്നു വെച്ചാൽ ഖുർആൻ എന്ന വേദ ഗ്രന്ഥം, പാരായണം ചെയ്യുകയും പഠിക്കുകയും അതനുസരിച്ചുള്ള ഒരു വ്യക്തി ജീവിതവും, കുടുംബജീവിതവും, സാമൂഹ്യ ജീവിതവും വളർത്തിയെടുക്കുക എന്നുള്ളതാണ്. ഇത് (ഖുർആൻ പഠനം) ഒരു വ്യക്തിക്ക് സ്വയം നടത്താം, (നടപ്പിലാക്കാം). ഒരു കുടുംബത്തിൽ നടപ്പിലാക്കാം, ഒരു സമൂഹത്തിൽ നടപ്പിലാക്കാം. സ്വലാത്ത് എന്ന പദം വേദം, വേദപഠനം, വേദത്തിന്റെ അടിസ്ഥാനത്തിലുള്ള സനാതന മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു സമൂഹത്തെ വാർത്തെടുക്കൽ, ദൈവിക നിയമങ്ങളെ നിരന്തരം പിന്തുടരൽ, ബാധ്യത(ദൗത്യം), പ്രാർത്ഥന എന്നീ അർത്ഥത്തിൽ ഖുർആൻ പ്രയോഗിച്ചതായി കാണാം.(മുഹമ്മദ് കാസിം അൽനൂരി ഉറുദുവിൽ എഴുതിയ 'ഹഖീഖത്തുസ്സലാത്ത്' എന്ന ഗ്രന്ഥവും അതിനെ ആസ്പദമാക്കി അൻസാരി സാഹിബ് എഴുതിയ 'സ്വലാത്തിന്റെ സത്യം' എന്ന പുസ്തകവും വായിക്കുക.) 'വഅഖീമുസ്സലാത്ത വ ആത്തുസ്സക്കാത്ത' - 'നിങ്ങൾ വേദഗ്രന്ഥം നിലനിർത്തുകയും (ആത്മശുദ്ധി കൈവരിക്കാനുതകുന്ന രീതിയിലുള്ള ദാനധർമ്മങ്ങളാകുന്ന) സാംസ്ക്കാരിക പ്രവർത്തനങ്ങളോട് സഹകരിക്കുകയും ചെയ്യുക എന്നതാണ് അതിന്റെ ശരിയായ അർത്ഥം.

## ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക....!

ദൈവദൂതനായ ശുഐബിനോട് അദ്ദേഹത്തിന്റെ ജനത പറഞ്ഞു.(11:87)

'ഖാലൂ-യാശുഐബ്-അസ്വലാത്തുക-തഅ്മുറുക-അൻ-നത്റുക-മാ-യഅ്ബുദു-ആബാഉനാ-ഔ അൻ-നഫ്അല-ഫീഅംവാലിനാ-മാ-നശാഉ. ഇന്നക-ലഅൻതൽഹലീമുർറശീദ് '. അർത്ഥം:- 'അവർ പറഞ്ഞു. ശുഐബേ, ഞങ്ങളുടെ പിതാക്കന്മാർ ആരാധിച്ചു വരുന്നതിനെ ഞങ്ങൾ ഉപേക്ഷിക്കണമെന്നും ഞങ്ങളുടെ സ്വത്തുക്കളിൽ ഞങ്ങൾക്ക് ഇഷ്ടമുള്ള പ്രകാരം പ്രവർത്തിക്കാൻ പാടില്ലെന്നും ഞങ്ങളെ ഉപദേശിക്കാൻ നിന്റെ വേദഗ്രന്ഥം നിന്നോട് കൽപ്പിക്കുന്നുണ്ടോ? തീർച്ചയായും നീ സഹനശീലനും, വിവേകശാലിയുമാണല്ലോ'(എന്നാൽ നിന്നെപ്പോലെ സഹനശീലവും വിവേകവുമൊന്നും ഞങ്ങൾക്കില്ല എന്ന് നിനക്കറിയാമല്ലോ, അതുകൊണ്ട് നീ നിന്റെ 'പുത്തക'ത്തിലുള്ള(ഗ്രന്ഥത്തിലുള്ള) കാര്യവും പറഞ്ഞ് വീണ്ടും ഞങ്ങളുടെ അടുത്ത് വന്നാൽ ഞങ്ങൾ നിന്നെ കല്ലെറിഞ്ഞ് കൊല്ലുക തന്നെ ചെയ്യും.) എന്ന് തുടർന്നുള്ള വചനങ്ങളിൽ നിന്ന്(11:87-91)നമുക്ക് മനസ്സിലാകുന്നുണ്ട്. വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലാണ് മുഹമ്മദ് നബി അടക്കമുള്ള എല്ലാ ദൈവദൂതന്മാരും പ്രബോധനം ചെയ്തിരുന്നത്. അല്ലാതെ ഇന്ന് നാം കാണുന്ന അഞ്ച് നേര നമസ്ക്കാരവും മൂന്ന് നേര നമസ്ക്കാരവുമൊന്നും മറ്റ് ജനങ്ങളുടെ ആരാധനാ രീതികളിലോ അവരുടെ സാമ്പത്തിക ഇടപാടുകളിലോ ഇടപെടുന്നില്ല എന്നത് ഒരു നഗ്ന യാഥാർത്ഥ്യമല്ലേ..? ഇത്തരത്തിലുള്ള ഇരുപതോളം തെളിവുകളാണ് സ്വലാത്ത് എന്നാൽകേവല പ്രാർത്ഥനയല്ലെന്നും (Ritual prayer) അത് വേദഗ്രന്ഥം നിലനിർത്തലാണ്-അഥവാ ദൈവിക നിയമങ്ങളെ കണിശമായി ജീവിതത്തിൽ പിന്തുടരുക എന്ന അർത്ഥത്തിലാണ് ഖുർആൻ പ്രയോഗിച്ചിട്ടുള്ളത് എന്നതിലേക്കുള്ള തെളിവായി സെയ്തലവി അൻസാരിയും, മുതൂർ അബൂബക്കർ മൗലവിയുമടക്കമുള്ള ഖുർആൻ പണ്ഡിതന്മാർ എടുത്തു കാണിക്കുന്നത്.

ഖുർആൻ പഠനം, അഥവാ ഖുർആനിക വചനങ്ങൾ വായിച്ചും, പഠിച്ചും അതിലെ നിയമങ്ങൾ ഉൾക്കൊണ്ടും ജീവിക്കാൻ ഏതൊരു വിശ്വാസിക്കും, ഏതൊരു സാഹചര്യത്തിലും സാധ്യമാണ്. അതുപോലെ ഒരു വിശ്വാസിക്ക് ഖുർആനിക നിയമങ്ങൾ തന്റെ കുടുംബത്തിലും നടപ്പിലാക്കാം. **പക്ഷെ ഈ ഖുർആനിക നിയമങ്ങൾ ഒരു സമൂഹത്തിൽ നടപ്പിലാക്കുമ്പോൾ പ്രശ്നങ്ങളും, പ്രയാസങ്ങളും ഉണ്ടാകും.** കാരണം ഖുർആൻ നിലകൊള്ളുന്നത് മതവും, ജാതിയും, വർഗ്ഗവും, ഭാഷയും, ദേശവും വിശ്വാസവും

നോക്കാതെയുള്ള ഉത്തമ മാനുഷിക മൂല്യങ്ങൾക്ക് വേണ്ടിയാണ്. അതൊരു നമസ്ക്കാര പ്രസ്ഥാനമോ ആരാധനാ പ്രസ്ഥാനമോ അല്ല!. **'ഏതെങ്കിലും ഒരു പ്രത്യേക ഭാഷയിൽ സംഘടിച്ചു പ്രാർത്ഥിക്കുക എന്നത് ഖുർആനിന്റെയോ മുഹമ്മദ് നബിയുടെയോ അധ്യാപനമോ നയമോ അല്ല.'**

യാതൊരു വിധത്തിലുള്ള മനുഷ്യാവകാശ ലംഘനങ്ങളും,രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക ചൂഷണങ്ങളും ഖുർആൻ അനുവദിക്കുന്നില്ല. ഏകാധിപതികളും, സ്വേച്ഛാധിപതികളും, മതഭ്രാന്തന്മാരായ പുരോഹിതന്മാരും ഭരിക്കുന്ന പ്രദേശങ്ങളിൽ ഖുർആൻ വിഭാവനം ചെയ്യുന്ന ഇസ്ലാമിക സമൂഹത്തെ വാർത്തെടുക്കുമ്പോൾ എതിർപ്പുകൾ ഉണ്ടാവുക സ്വാഭാവികം. കാരണം ഖുർആൻ എന്ന വേദഗ്രന്ഥം പൂർണ്ണമായും നീതിയുടെയും നന്മയുടെയും പക്ഷത്തു നിൽക്കുന്നു. (16:90) (3:17) (3:21) (4:40) (4:135) (9:10) (68:10) (39:10) (42:15) അതുകൊണ്ട് തന്നെ അത് എകാധിപതികളുടേയും, വർഗ്ഗീയഭ്രാന്തന്മാരുടേയും, മതപുരോഹിതന്മാരുടേയും താൽപ്പര്യങ്ങൾക്ക് എതിരാണ്. അതുകൊണ്ടാണ് ഇറാഖിലെ നമ്രോദും, ഈജിപ്തിലെ ഫിർഔനും, മക്കയിലെ ഖുറൈശികളും ഇസ്ലാമിന്നെതിരായത്. ഇന്ത്യ, ഇംഗ്ലണ്ട്, അമേരിക്ക പോലുള്ള ജനാധിപത്യ- മതേതര മൂല്യങ്ങൾ മുറുകെ പിടിക്കുന്ന രാഷ്ട്രങ്ങളിൽ ഖുർആനിക സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്ന ഇസ്ലാമിക സംഘടനകൾക്ക് (ഖുർആനിക സംഘടനകൾക്ക്) പ്രവർത്തിക്കാൻ കഴിയുന്നതും അതുകൊണ്ടാണ്. സൗദിഅറേബ്യ, ഇറാൻ തുടങ്ങിയ സുന്നി-ശിയാ രാജ്യങ്ങളിൽ 'ഖുർആൻ വാദികളും', ഖുർആനിക സംഘടനകളും നിരോധിക്കപ്പെടാനും കാരണം മറ്റൊന്നല്ല.

ഖുർആനിക നിയമങ്ങൾ കാറ്റിൽ പറത്തിക്കൊണ്ടു മക്കയിലെ, കഅബയിൽ, ഇരുപത്തിനാലു മണിക്കൂറും 'ഹജറുൽഅസ്വദു്' എന്ന കരിങ്കല്ലു ചുംബനവും, സംസം വെള്ളക്കച്ചവടും പൊടിപൊടിക്കുമ്പോൾ ഖുർആൻ വിശ്വാസികൾക്ക് അത് നിർത്തലാക്കാൻ പറ്റാത്തതും അത് അറേബ്യൻ പുരോഹിതൻമാരുടെ സ്ഥാപിത താൽപ്പര്യങ്ങൾക്ക് എതിരായതുകൊണ്ടാണ്.

ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക(22:41)' അല്ലദീന-ഇൻമക്കന്നാഹുംഫിൽഅർളി-അഖാമുസ്സ്വലാത്ത-വആത്തുസ്സക്കാത്ത-വ-അമറൂ-ബിൽമഅ്റൂഫി-വനഹൗ-അനിൽമുൻകരി-വലില്ലാഹി-ആഖിബത്തുൽ ഉമൂർ.' അർത്ഥം:- '(എല്ലാ) കാര്യങ്ങളുടെയും പര്യവസാനം അല്ലാഹുവിനുള്ളതായിരിക്കേ (അഥവാ എല്ലാ കാര്യങ്ങളുടെയും പര്യവസാനം നീതിയിലും നന്മയിലും അധിഷ്ഠിതമായി അല്ലാഹു ഈ പ്രപഞ്ചത്തിൽ സംസ്ഥാപിച്ചിട്ടുള്ള നിയമമനുസരിച്ചായിരിക്കേ) ഭൂമിയിൽ നാം അവർക്ക് സ്വാധീനം നൽകിയാൽ സ്വലാത്ത് നിർവഹിക്കുകയും(അഥവാ വേദഗ്രന്ഥം (കണിശമായി) പഠിക്കുകയും), സക്കാത്ത് നടപ്പിലാക്കുകയും,(അഥവാ ആത്മപരിശുദ്ധി കൈവരിക്കാനുതകുന്ന സാംസ്ക്കാരിക പ്രവർത്തനങ്ങളോട് സഹകരിക്കുകയും) സൽകർമ്മങ്ങൾ സ്വീകരിക്കാൻ കൽപ്പിക്കുകയും, ദുഷ്ക്കർമ്മങ്ങളിൽ നിന്ന്(ദുഷ്ടജനങ്ങളെ) തടയുകയും ചെയ്യുന്നവരത്രെ അവർ'. നോക്കൂ, അഞ്ച് നേരം നമസ്ക്കരിക്കാനും , മൂന്ന് നേരം നമസ്ക്കരിക്കാനും ഒരു ഭൂപ്രദേശത്തിന്റെ സ്വാധീനമോ, സ്വതന്ത്രമായ ഒരു സ്ഥലത്തിന്റെ ആവശ്യമോ ഇല്ല. എന്നാൽ ഖുർആനിക നിയമങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ നമ്മെ ശത്രുക്കളായി കാണുന്ന ഭരണവർഗ്ഗമോ, പുരോഹിതവർഗ്ഗമോ ഉള്ള സ്ഥലത്ത് സാധ്യമല്ല. വളരെ സ്വാതന്ത്ര്യമുള്ള-ജനാധിപത്യരാജ്യമായ-ഇന്ത്യയിൽ ആയിട്ടുകൂടി ചേകന്നൂർ മൗലവി വധിക്കപ്പെട്ടതും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും, ഖുർആൻ വിശ്വാസികളും ഊരുവിലക്കും, വധഭീഷിണിയും, വധവുമൊക്കെയായി അനുഭവിച്ചതും, അനുഭവിച്ചുകൊണ്ടിരിക്കുന്നതും നമുക്കറിയാമല്ലോ.

**എന്നാൽ വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ മതത്തിനും, ജാതിക്കും, ഭാഷയ്ക്കും, ദേശത്തിനും അതീതരായി നിന്നുകൊണ്ട് ഒരു മാതൃകാ സമൂഹത്തെ വാർത്തെടുക്കുക എന്ന 'ഖുർആനിക സ്വലാത്തിനെ'യാണ് ഹദീസിലൂടെ അബുഹുറൈറയും, മുആവിയയും, മറ്റ് അമവി രാജാക്കന്മാരും 'സംഘടിതമായി അഞ്ച് നേരം അറബി ഭാഷയിൽ പ്രാർത്ഥിക്കുക' എന്ന സ്വലാത്താക്കി - കുരങ്ങൻ പ്രാർത്ഥനയാക്കി - മാറ്റി മറിച്ചത്. വിശുദ്ധ ഖുർആനിലെ സ്വലാത്തും, പ്രാർത്ഥനയുമായി ബന്ധപ്പെട്ട എല്ലാ സൂക്തങ്ങളും നാം ഈ വിധം വിശദമായി പഠിക്കുന്നുണ്ട്.**

നബിയുടെ ജനനത്തിനു മുമ്പും ബാല്യകാലത്തും, യൗവനകാലത്തും അറേബ്യ, മൂന്നുറോളം ഗ്രാമീണ ഗോത്രങ്ങൾ അലഞ്ഞ് നടന്ന് ജീവിച്ചു കഴിഞ്ഞിരുന്ന നാടായിരുന്നവല്ലോ. അവർക്ക് സ്വന്തമായി ഒരു രാഷ്ട്രമോ, ഭരണസംഹിതയോ, അവരെ നയിക്കാൻ ഒരു നേതാവോ ഉണ്ടായിരുന്നില്ല. സ്വന്തം ഗോത്രത്തലവന്മാർ പറയുന്നതായിരുന്നു ഓരോ ഗോത്രത്തിന്റെ നീതിയും, നിലപാടും. ഓരോ ഗോത്രവും ഫലത്തിൽ ഒരു കൊച്ചു രാഷ്ട്രം തന്നെയായിരുന്നു. ഈ ഗോത്രങ്ങളെ, അവരുടെ ഗോത്രദൈവങ്ങളുടെ പേരിൽ ഭിന്നിപ്പിച്ചും, തമ്മിലടിപ്പിച്ചും, ചൂഷണം ചെയ്തുമായിരുന്നു ഖുറൈശികൾ അറേബ്യയിൽ രാജാക്കന്മാരെപ്പോലെ കഴിഞ്ഞിരുന്നത്. അതുകൊണ്ടാണ് അവർ നബിയെയും നബിയുടെ ഖുർആനിക 'സ്വലാത്തിനെയും' (ദൗത്യത്തെയും) സംഘടിച്ച് എതിർത്തത്.

എന്നാൽ മക്കയിൽ പരാജയപ്പെട്ടെങ്കിലും മദീനയിലേക്കു പിൻമാറി, നബി തന്നിലും ഖുർആനിലും വിശ്വസിച്ച അറേബ്യൻ ഗോത്രങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഖുറൈശികളെ പരാജയപ്പെടുത്തി അറേബ്യ ഉപ ഭൂഖണ്ഡം മുഴുവൻ തന്റെ സമരസന്നദ്ധരായ അറേബ്യൻ ചുണക്കുട്ടികളെ ഉപയോഗിച്ച് ഏകീകരിച്ചതായും, അങ്ങിനെ അറബികൾക്ക് നേട്ടമുണ്ടാക്കിയതായും ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. (3:103) (9:74) (13:21-25) ഗോത്രദൈവങ്ങളുടെ പേരിൽ ഭിന്നിച്ചിരുന്ന കാട്ടറബികൾ, കുടുംബ ബന്ധവും, ഗോത്രബന്ധവും, സാമൂഹ്യ ബന്ധവും, രക്തബന്ധവും നോക്കാതെ പരസ്പരം കലഹിക്കുകയും, യുദ്ധം ചെയ്യുകയും, കൊല്ലുകയും ചെയ്തപ്പോൾ 'എല്ലാവരുടെയും ദൈവം ഒന്ന് എന്ന ആശയത്തിൽ ആ ദൈവദൂതൻ അവരെ കൂട്ടിയിണക്കി. അതായിരുന്നു നബിയുടെയും, ഖുർആനിന്റെയും മഹത്തായ വിജയം. അതായിരുന്നു നബിയുടെ ദൗത്യം.! അതായിരുന്നു നബിയുടെ മഹത്തായ സ്വലാത്ത്...!! അല്ലാതെ സുന്നീ-മുജാഹിദ്-ജമാഅത്തു മൗലവിമാർ വിശ്വസിക്കുന്നതുപോലെ തമിഴനോടും, ഹിന്ദിക്കാരനോടും, ഇംഗ്ലീഷുകാരനോടും, പേർഷ്യക്കാരനോടും, ഹിബ്രുഭാഷ സംസാരിക്കുന്നവനോടും, "അഞ്ചുനേരം അറബിഭാഷയിൽ സംഘടിച്ചു പ്രാർത്ഥിക്കണം, ബാങ്കു കൊടുക്കണം, ചേലാകർമ്മം ചെയ്യണം എങ്കിലേ സ്വർഗ്ഗത്തിൽ പോവൂ" എന്നു പഠിപ്പിക്കാനല്ല നബി മക്കയിൽ വന്നത്. ഈ സത്യം പറഞ്ഞ ചേകനൂർ മൗലവിയെയാണ് ഇരുട്ടിന്റെ ശത്രുക്കൾ ചതിയിലൂടെ വധിച്ചത്.

സമർത്ഥന്മാരായിരുന്ന അബൂസുഫിയാനെപ്പോലുള്ള ഖുറൈശിഗോത്രത്തലവന്മാർ അറബി ഗോത്രങ്ങളുടെ വൈരുദ്ധ്യവും, ശത്രുതയും, ചിന്താഗതിയും, ഗോത്രയുദ്ധങ്ങളും മുതലെടുത്തുകൊണ്ടായിരുന്നു തങ്ങളുടെ മേൽക്കോയ്മ അറേബ്യയിൽ നിലനിർത്തിയിരുന്നത്. ഫിർഔനെപോലെ ഭിന്നിപ്പിച്ചു ഭരിക്കുക' (28:1-5) (73:15) എന്ന പുരോഹിത-ബൂർഷ്വാ തന്ത്രം തന്നെയാണ് അബൂ സൂഫ്‌യാനും, അദ്ദേഹത്തിന്റെ മകനായ മുആവിയയും അടക്കമുള്ള ഖുറൈശികൾ അവലംബിച്ചിരുന്നത്. മുന്നൂറിൽ പരം ദൈവങ്ങളും, ചിന്താഗതികളും, ആചാരങ്ങളുമായി തമ്മിലടിച്ചു കഴിഞ്ഞിരുന്ന അറേബ്യൻ ഗേത്രങ്ങളെ ഏക ദൈവം എന്ന ആശയത്തിൽ(തൗഹീദ്) ഏകോപിപ്പിച്ച് തന്റെ 'ദൈവിക കമ്മ്യൂണിസം', അല്ലെങ്കിൽ 'ദൈവിക സോഷ്യലിസം'(ഇസ്ലാം=ഖുർആൻ) എന്ന വിപ്ലവ നവോത്ഥാന പ്രസ്ഥാനത്തിലൂടെ മുഹമ്മദ് ഏകീക്കിച്ചാൽ തങ്ങളുടെ 'കഞ്ഞികുടി മുട്ടും' എന്നുറപ്പായതുകൊണ്ടാണ് ഖുറൈശികൾ നബിയുടെ പ്രഖ്യാപിത ശത്രുക്കളായത്. അല്ലാതെ ആയിരക്കണക്കിന് ദൈവങ്ങളുള്ള അറേബ്യൻ മണ്ണിലേക്ക് അവർക്ക് തന്നെ നല്ല പരിചയമുള്ള 'മുഹമ്മദി ന്റെ മറ്റൊരു ദൈവവും പ്രാർത്ഥനയും കൂടി കടന്ന് വന്നാൽ ഖുറൈശികൾക്ക് അതുകൊണ്ട് യാതൊരു ചേതവും വരാനില്ലായിരുന്നു. എന്നാൽ ദൈവദൂതനായ മുഹമ്മദിന്റെ തൗഹീദ് എന്ന 'ഏക ലോകാശയം' അവർക്കൊരു ഇടിത്തീ തന്നെയായിരുന്നു. എല്ലാ ഗോത്രദൈവങ്ങളേയും കൈവെടിഞ്ഞ് അന്ധവിശ്വാസങ്ങളിൽ നിന്നും, അനാചാരങ്ങളിൽ നിന്നും, പിൻമാറി നീതിയും, നന്മയും മാത്രം നടപ്പിലാക്കുന്ന ഏകദൈവ ത്തിൽ വിശ്വസിച്ചുകൊണ്ടുള്ള ഒരു ഏകീകരണം- സകല ഗോത്രദൈവങ്ങൾക്കും പകരം നിത്യവും, സത്യവുമായ ഒരെയൊരു ദൈവം- (നമ്മുടെയെല്ലാം ദൈവം ഒന്ന് - നാം ഒന്ന്)എന്ന തൗഹീദിൽ വിശ്വസിപ്പിച്ചുകൊണ്ട് അറേബ്യയിലെ ഗോത്രവഴക്കുകളും, കക്ഷിമാത്സര്യങ്ങളും, എല്ലാവിധ ചൂഷണങ്ങളും, മനുഷ്യാവകാശ ധ്വംസനങ്ങളും ഇല്ലാതാക്കികൊണ്ടുള്ള ഒരു വിപ്ലവ പ്രസ്ഥാനം, അറബികളെ ചൂഷണം ചെയ്ത് ജിവിച്ചിരുന്ന, കച്ചവട താൽപ്പര്യങ്ങളുള്ള ഖുറൈശികൾക്ക് ഒരു ഭീഷണി തന്നെയായിരുന്നു. അതുകൊണ്ടാണ് 'മുഹമ്മദി'നേയും അദ്ദേഹത്തിന്റെ ഇസ്ലാം(ശാന്തി) എന്ന വിപ്ലവ പ്രസ്ഥാനത്തേയും ഖുറൈശികൾ നഖശിഖാന്തം എതിർക്കാൻ തുടങ്ങിയത്. ഈ കാര്യം ഇസ്ലാമിക ചരിത്രം പഠിക്കുമ്പോൾ നമുക്ക് കൂടുതൽ വ്യക്തമാകും. **'വേദഗ്രന്ഥത്തെ മുറുകെ പിടിക്കുകയും, അതിലുള്ള നിയമങ്ങളെ നിരന്തരം പിന്തുടരുകയും ചെയ്യുന്നവരുടെ (അതിലുള്ള നിയമങ്ങൾ കണിശമായി പാലിക്കുകയും ചെയ്യുന്നവരുടെ)- ആ സൽകർമ്മകാരികളുടെ - പ്രതിഫലം നാം നഷ്ടപ്പെടുത്തുകയില്ല; തീർച്ച' (7:170)**

ഖുർആൻ പഠിക്കാൻ ആരംഭിക്കുന്നതോടെ ഓരോ വ്യക്തിയിലുമുള്ള വിവരക്കേടും, വർഗ്ഗീയതയും, ക്രൂരതയും, സ്വജനപക്ഷപാതവും, വൃത്തികെട്ട തറവാടിത്ത ബോധവും അപ്രത്യക്ഷമാകുന്നു. ജാതിക്കും, മതത്തിനും, ദേശങ്ങൾക്കും, ഭാഷകൾക്കും അതീതമായി ചിന്തിച്ചുകൊണ്ട് ഭൂമിയിലുള്ള സർവ്വ മനുഷ്യരേയും സ്നേഹിക്കാൻ- ഈ പ്രപഞ്ചത്തോടു തന്നെ വല്ലാത്തൊരു പ്രണയം തോന്നാൻ - അത് കാരണമാവുകയും ചെയ്യുന്നു. അങ്ങിനെ ഖുർആൻ എന്ന വേദഗ്രന്ഥം നമ്മുടെ മനസ്സിലുള്ള ദുഷ്ചിന്തകൾ അവസാനിപ്പിക്കുകയും നാം ഓരോരുത്തരും ഒരു പുതിയ മനുഷ്യരായി പുനർജനിക്കുകയും ചെയ്യുന്നു. ഖുർആൻ എന്ന വേദഗ്രന്ഥം അറേബ്യയിൽ നടത്തിയ പരിഷ്ക്കാരം അതായിരുന്നു.

**ഖുർആൻ എന്ന വേദഗ്രന്ഥത്തിലെ ആ ദൈവീക ചൈതന്യം- നമ്മുടെ മനസ്സിലേക്കിറങ്ങുന്നതോടെ നാം ഒരു പുതിയ യുഗത്തിലേക്ക് കാലെടുത്തു വെക്കുന്നു.** ആ ഗ്രന്ഥം നമ്മിലുള്ള- നമ്മുടെ സമൂഹത്തിലുള്ള അബൂജഹലിനെയും(വിവരം കെട്ടവരേയും), ഫിർഔനേയും(ഏകാധിപതികളേയും, സ്വേച്ഛാധിപതികളേയും), ഹാമാനെയും(ചൂഷണത്തിന്റെ പ്രതീകങ്ങളായ പുരോഹിതന്മാരേയും), ഖാറൂനെയും(പൊങ്ങച്ചം

കാണിക്കുന്ന(അഹങ്കാരികളായ പണക്കാരേയും) ഒക്കെ 'വധിക്കുന്നു'. അതുകൊണ്ടായിരുന്നല്ലോ! ഒന്നിനും കൊള്ളാത്തവർ' എന്നും 'വിവരം കെട്ടവർ' എന്നും ലോകം കളിയാക്കിയിരുന്ന അറബികൾ, റോമാ പേർഷ്യൻ സാമ്രാജ്യങ്ങളെ കുറച്ചുകാലത്തേക്കെങ്കിലും കീഴടക്കി ലോകം മുഴുവൻ ഭരിച്ചത്. അത്രയ്ക്കും മഹത്തായ ഒരു ദൈവിക വിപ്ലവ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ആ വേദ ഗ്രന്ഥം നമ്മിലുള്ള സാധ്യതകളെ ഉയർത്തിവിടുന്നു. 'മരിച്ചവർക്കു ജീവൻ നൽകുന്നതും', 'അന്ധനു കാഴ്ച നൽകുന്നതും', 'മുടന്തനെ മല കയറ്റുന്നതുമൊക്കെ' ഖുർആനും, ബൈബിളും, ഗീതയും പോലുള്ള ദൈവീക പ്രത്യയശാസ്ത്രങ്ങളാണ് എന്നറിയുക. പണ്ട് കുരങ്ങന്മാരെപ്പോലെ ജീവിച്ചിരുന്ന ആദിമ മനുഷ്യന് ജീവൻ നൽകിയത് ഈ ഖുർആൻ എന്ന വേദമാണ്. ആദമിന്ന് അല്ലാഹു നൽകിയ റൂഹും(ചൈതന്യം-ജീവൻ) ഇത് തന്നെ! (8:24) (27:80, 81) (36-:70) (97) അങ്ങനെയുള്ള ഖുർആൻ ഉൾക്കൊണ്ട ഒരു സമൂഹത്തിൽ മതഭ്രാന്തൻമാർ ഉണ്ടാവില്ല. 'ഞാൻ ക്രിസ്ത്യൻ', 'ഞാൻ സാബി', 'ഞാൻ ഹിന്ദു', 'ഞാൻ സുന്നി'- 'ഞാൻ മുജാഹിദ്'-'ഞാൻ ജമാഅത്ത്' എന്നിങ്ങനെ പെരുമ്പറയടിച്ചു അഹങ്കരിക്കുന്ന വർഗ്ഗീയ കോമരങ്ങൾ അവിടെയുണ്ടാവില്ല. പണക്കാരനും, പണിക്കാരനും തന്റെ ബാധ്യതകൾ സ്വയം അറിഞ്ഞു നിർവ്വഹിക്കും. ആ നാട്ടിൽ പട്ടിണിയുള്ള കുടുംബം ഉണ്ടാവില്ല. ഏതെങ്കിലും വീട്ടിൽ പട്ടിണിയോ ദാരിദ്ര്യമോ ഉണ്ടെന്നറിഞ്ഞാൽ അവിടത്തെ ഇസ്ലാമിക ഖലീഫയോ, ഖാളിയോ, അദ്ദേഹത്തിന്റെ പ്രതിനിധിയോ പോയി കാര്യങ്ങൾ അന്വേഷിച്ചു, അതിനു ഉടനടി പരിഹാരം കണ്ടെത്തും. അങ്ങിനെ പാവപ്പെട്ടവന്റെ അവകാശം അവന്റെ വീട്ടുപടിക്കൽ പോയി എത്തിച്ചുകൊടുക്കുക എന്നതാണ് ഒരു ഇസ്ലാമിക സമൂഹത്തിലെ ഏറ്റവും ചെറിയ സാധാരണ പൗരൻ മുതൽ ഖലീഫ വരെയുള്ളവരുടെ ഡ്യൂട്ടി. ജാതി-മത-വർഗ്ഗചിന്തകൾ അവിടെയില്ല. അവിടെ ആണും പെണ്ണുമില്ല. അടിമയും ഉടമയുമില്ല. തന്റെ കഴിവിനനുസരിച്ചു സൽകർമ്മങ്ങൾ ചെയ്യുന്ന സത്യ വിശ്വാസികൾ മാത്രം. !!. അവിടെ സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ ഹനിക്കപ്പെടുകയില്ല. തൊഴിലാളിയും മുതലാളിയും- അടിമയും ഉടമയും പരസ്പരം പാരവെയ്ക്കില്ല. അവർ പരസ്പരം ചൂഷണം ചെയ്യില്ല. ഇസ്ലാമിക രാഷ്ട്രത്തിലുള്ള ഓരോ പ്രജയും - അവൻ അവിശ്വാസിയായാൽ പോലും - മരണം വരെ സ്വർഗ്ഗതുല്യമായ - പട്ടിണിയും ദാരിദ്ര്യവും ഇല്ലാത്ത - സുഖവും സംതൃപ്തിയുമുള്ള ഒരു കുടുംബ ജീവിതം നയിക്കാൻ സമൂഹം ശ്രദ്ധിക്കുന്നു. (അവിടെ അവിശ്വാസികളുടെയും, - അമുസ്ലിം ഗോത്രങ്ങളുടെപോലും- മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടാൻ നബിയും നാലു ഖലീഫമാരും അനുവദിച്ചിരുന്നില്ല). അത്രക്കു മനോഹരവും ഉദാത്തവുമായ ഒരു പ്രത്യയശാസ്ത്രമാവുന്നു വിശുദ്ധ ഖുർആൻ. 'ജനാധിപത്യവും' കമ്മ്യൂണിസവും സോഷ്യലിസവുമൊക്കെ ആ സമൂഹത്തിൽ കാണാം. (കൂടുതൽ വിശദീകരണത്തിന് 'ഇസ്ലാമും ജനാധിപത്യവും' എന്ന ഗ്രന്ഥം വായിക്കുക).

അങ്ങിനെയുള്ള ഒരു മഹത്തായ വേദപഠനമാണ് എല്ലാ വെള്ളിയാഴ്ചയും നടക്കുന്നത്. **അപ്പോൾ വേദപഠനമാണ് പ്രധാനം. പഠിച്ചിട്ടല്ലേ നമുക്കത് പ്രാവർത്തികമാക്കാൻ പറ്റൂ.** അത് അല്ലാഹുവിനോടുള്ള ഒരു പ്രാർത്ഥനയോടുകൂടി ആരംഭിക്കുന്നതല്ലേ ഉചിതം? റോട്ടറി ക്ലബിന്റെയും, ലയൺസ് ക്ലബിന്റെയും, വിദ്യാലയങ്ങളിലേയും പരിപാടികൾ എന്തിനധികം, യുക്തിവാദികളുടെ ചില പരിപാടികൾപോലും ഒരു നിശ്ശബ്ദ പ്രാർത്ഥനയോടെയാണ് തുടങ്ങുന്നത് എന്നിരിക്കെ നമ്മുടെ ജുമുഅ ദിവസത്തെ ഖുതുബയും ഖുർആൻ പഠനവും എല്ലാ വിഭാഗം മനുഷ്യർക്കും സ്വീകാര്യമായ ഒരു പ്രാർത്ഥനയോടെയായിരിക്കണം നാം ആരംഭിക്കേണ്ടത്. അല്ലാതെ 'കിളി ബെല്ലടിക്കുക, ഡ്രൈവർ വണ്ടിവിടുക' എന്ന രീതിയിലുള്ള ഏർപ്പാട് ശരിയല്ല. അതുകൊണ്ട് നമ്മുടെ വെള്ളിയാഴ്ച ദിവസത്തെ ഖുതുബ(പ്രസംഗം) ബിസ്മിചൊല്ലിക്കൊണ്ട്- ഫാത്തിഹ ഓതിക്കൊണ്ട്, 'വജ്ജുഹ്ത്തു' എന്ന പ്രതിജ്ഞ ചൊല്ലിക്കൊണ്ടു, തസ്ബീഹു ചൊല്ലിക്കൊണ്ട് - ആരംഭിക്കുക.

ഇമാം ഫാത്തിഹ ഓതുമ്പോൾ എല്ലാവരും എഴുന്നേറ്റ് നിന്ന് ഭക്തി പുരസ്സരം ആ വരികൾ അർത്ഥം മനസ്സിലാക്കി ശ്രവിക്കുക... 'ഇഹ്ദിന സ്സിറാത്തൽ മുസ്ത ഖീം'.- ['അല്ലാഹുവേ നീ ഞങ്ങൾക്ക് നേരായ മാർഗ്ഗം കാണിച്ചു തരേണമേ,'] എന്ന പ്രാർത്ഥന അതിലുള്ളതുകൊണ്ടുതന്നെയാണ് നബിയും അനുയായികളും സ്ഥിരമായി ഫാത്തിഹ കൊണ്ട് 'ഖുർആൻ പഠനം' എന്ന സ്വലാത്ത് ആരംഭിച്ചിരുന്നത് എന്ന് നമുക്ക് ഉറപ്പിക്കാവുന്നതാണ്. മാത്രമല്ല ഖുർആൻ എന്ന വേദഗ്രന്ഥമാണ് വിശ്വാസികൾ അവലംബിക്കേണ്ട- ആശ്രയിക്കേണ്ട- ഒരേയൊരു മാർഗ്ഗവും,(സിറാത്തുൽ മുസ്തഖീമും) വഴികാട്ടിയും, പ്രമാണ ഗ്രന്ഥവും എന്ന് ഖുർആൻ തന്നെ നൂറുകണക്കിന് സ്ഥലങ്ങളിൽ വ്യക്തമാക്കിയതാണ്. ചുരുക്കത്തിൽ ഫാത്തിഹയിലെ നമ്മുടെ ആ പ്രാർത്ഥനക്കുള്ള മറുപടിയെന്നോണമാണ് അല്ലാഹു വിശുദ്ധ ഖുർആൻ നമുക്ക് അവതരിപ്പിച്ചു തന്നിട്ടുള്ളത്. പ്രാരംഭാദ്ധ്യായമായ ഫാത്തിഹയിലെ ഒരു അപേക്ഷയും അതിനുള്ള മറുപടിയായി മറ്റു 113 അദ്ധ്യായങ്ങളും എന്ന മട്ടിലാണ് വിശുദ്ധ ഖുർആൻ എന്ന വേദഗ്രന്ഥം സർവ്വശക്താനായ അല്ലാഹു സംവിധാനിച്ചിട്ടുള്ളത്.

ഫാത്തിഹായുടെയും, തസ്ബീഹിന്റെയും അർത്ഥവും, ആശയവും എല്ലാവർക്കും അറിവുള്ള തും എല്ലാമതക്കാർക്കും ഒരു പോലെ സ്വികാര്യവുമാണ്. അങ്ങിനെ ഫാത്തിഹ ഓതിക്കഴിഞ്ഞു. തസ്ബീഹും ചൊല്ലിയതിനു ശേഷം ആവശ്യമുണ്ടെങ്കിൽ ഇമാമിന്ന് പ്രസംഗ പീഠത്തിൽ ഒന്നോ രണ്ടോ മിനുട്ടു നേരം ഇരിയ്ക്കാവുന്നതാണ്. റൂക്കുഉം, സുജൂദും ചെയ്തു പ്രാർത്ഥിക്കാൻ താൽപ്പര്യമുള്ളവർക്ക്, തസ്ബീഹ് ചൊല്ലിക്കൊണ്ട് (റുക്കൂഉം, സുജൂദും ചെയ്ത് തസ്ബീഹ് ചൊല്ലി) ഇമാമിന്റെ ഖുർആൻ പ്രഭാഷണം കേൾക്കാൻ ഇരിയ്ക്കാവുന്നതാണ്. റുക്കൂഉം, സുജൂദുമൊക്കെ ഒന്നു മാത്രം മതി. ഇനിയതല്ല നിലവിലുള്ള സുന്നി തഫ്സീറിന്റെ അടിസ്ഥാനത്തിൽ രണ്ടു റക്അത്ത് പ്രാർത്ഥിക്കണമെന്ന് ആഗ്രഹമുള്ളവർക്ക് അങ്ങിനെയും പ്രാർത്ഥിക്കാം.(രണ്ടിന്റെ തെളിവുകൾ ചേകന്നൂർ മൗലവി തന്റെ നമസ്ക്കാരം എങ്ങിനെ? എത്ര? എപ്പോൾ? എന്ന ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഒന്നിന്റെ തെളിവുകൾ താഴെ പറയുന്നതാണ്.

**'റുക്കൂഉ'ന്റെയും,(കുമ്പിട്ടു നിൽക്കൽ) 'സുജൂദി'ന്റെയും(സാഷ്ടാംഗം പ്രണമിക്കൽ), നിർത്തം എന്നീ ശാരീരിക ചേഷ്ഠകളുടെയും പ്രസക്തി:-** റുക്കൂഉം, സുജൂദും, ഒക്കെ അനുസരിക്കുക, കീഴ്പ്പെടുക, വിനയാന്വിതരായി വർത്തിക്കുക, കാര്യങ്ങൾ മനസ്സിലായാൽ അതിനനുസരിച്ച് പ്രവർത്തിക്കുക., എന്നൊക്കെയുള്ള അർത്ഥത്തിലല്ലാതെ നാം ഇന്നു കാണുന്ന 'സാഷ്ടാംഗ പ്രണാമം'(സുജൂദ്) അല്ലെങ്കിൽ കുമ്പിട്ട് നിൽക്കൽ( റുക്കൂഅ്) എന്നിങ്ങനെയുള്ള ശാരീരിക ചേഷ്ഠകൾ എന്ന അർത്ഥത്തിൽ ഖുർആനിൽ എവിടെയും ഉപയോഗിച്ചിട്ടില്ല. എന്നാൽ സുന്നിഭരണം അമവികളുടെ കാലത്ത് (ഹജ്ജാജുബിൻ യൂസുഫിന്റെ കാലത്ത്) അതിന്റെ ഉച്ചകോടിയിലെത്തുകയും, അറബിഭാഷയും, ലിപിയും ഒക്കെ പരിഷ്കരിക്കപ്പെടുകയും, പുതിയ അറബി ഭാഷാ നിഘണ്ടുക്കൾ രചിക്കപ്പെടുകയും ചെയ്തപ്പോഴാണ് ഈ പദങ്ങൾക്ക് പുതിയ അർത്ഥവും ഈ ശാരീരിക ചേഷ്ടകൾക്ക് അമിതപ്രാധാന്യവും കൈവരാൻ തുടങ്ങിയത്.

എന്നാൽ ദൈവത്തിനു മുന്നിൽ റുക്കൂഉം, സുജൂദും ചെയ്യുന്നത് ഒരു വലിയ അപരാധമോ ശിർക്കോ ആവുന്നില്ല. നിർത്തവും, റുക്കൂഉം, സുജൂദുമൊക്കെ മനുഷ്യജീവിത്തിന്റെ വിവിധ ഭാവങ്ങളെ പ്രതിനിധാനം ചെയ്യുന്നു. മനുഷ്യൻ 'രണ്ടു കാലിൽ' നല്ല ആരോഗ്യവാനായിരിക്കുന്ന ഒരു കാലഘട്ടമുണ്ട്. രോഗങ്ങളും, സാമ്പത്തിക നഷ്ടങ്ങളും കാരണം നാം ചിലപ്പോൾ പതറിപ്പോവാറുണ്ട്. അത്പോലെ വാർദ്ധക്യ സഹജമായ കാരണങ്ങളാലും മറ്റുമായി ജീവിതത്തിന്റെ സായാഹ്നത്തിൽ എത്തി നിൽക്കുന്നവരുമുണ്ട്. നിർത്തവും, റുക്കൂഉം,സുജൂദുമെല്ലാം മനുഷ്യന്റെ ഈ മൂന്ന് അവസ്ഥകളുടെ പ്രതീകങ്ങളാണ്. ഈ മൂന്ന് അവസ്ഥകളിലും - ജീവിതത്തിന്റെ സമസ്ത മേഖലകളിലും- തസ്ബീഹ് നിലനിർത്തിക്കൊണ്ട്- ഖുർആൻ എന്ന വേദഗ്രന്ഥം മുറുകെപ്പിടിച്ചുകൊണ്ട്-ഒരു ശരിയായ മുസ്ലീമായി - ഒരു ഋജുമാനസനായ ഒരു സത്യവിശ്വാസിയായിക്കൊണ്ട്,- ഞാൻ ജീവിക്കും എന്ന പ്രതിജ്ഞയുടെ ബാഹ്യമായ ഒരു പ്രകടനവും, പ്രഖ്യാപനവും മാത്രമാണത്. അപ്പോൾ റുക്കൂഉം, സുജൂദുമൊക്കെ ചെയ്യാൻ സൗകര്യം കിട്ടുമ്പോഴൊക്കെ(ഉറങ്ങാൻ പോകുമ്പോഴും രാവിലെ എഴുന്നേൽക്കുമ്പോഴുമൊക്കെ) ആ രീതിയിൽ തന്നെ പ്രാർത്ഥിക്കുന്നതിൽ വലിയ കുഴപ്പമൊന്നുമില്ല. ബസ്സിലും കാറിലുമൊക്കെയായി യാത്രയിലും, മറ്റു തിരക്കിലുമൊക്കെ ആവുമ്പോൾ മാത്രമേ 'തസ്ബീഹ്' മനസ്സിൽ ഓർത്തു നമസ്ക്കരിക്കേണ്ടതുള്ളു.

ചുരുക്കത്തിൽ ഖുർആൻ വിശ്വാസികൾക്ക് രാവിലെയും വൈകുന്നേരവും, പ്രഭാതത്തിലും, പ്രദോഷത്തിലും രാത്രിയിലും, ജുമുഅ ദിവസവുമൊക്കെ പ്രാത്ഥിക്കുമ്പോൾ തസ്ബീഹ് ചൊല്ലിക്കൊണ്ട് തുടർന്നു വ്യക്തമാക്കുന്ന അഞ്ച് രീതിയിൽ ഏതെങ്കിലും ഒരു രീതി മാതൃകയാക്കി കൊണ്ടു പ്രാർത്ഥിക്കാവുന്നതാണ്. അതുകൊണ്ട് തന്നെ പ്രാർത്ഥന കൃത്യസമയത്ത് തന്നെ അനുഷ്ഠിക്കുക, അബുഹുറയ്റയും, അമവികളും, അവരെ തുടർന്ന് സുന്നികളും നടപ്പിലാക്കിയ 'നമസ്ക്കാരം ഖളാവീട്ടുക എന്ന ചിന്താഗതിയും, അനാചാരവും,' **നബിയോ ഖുർആനോ പഠിപ്പിക്കാത്ത സംഘടിത നമസ്ക്കാരം എന്ന ആ 'കുരങ്ങൻ പ്രാർത്ഥനയും' നാം കുഴിച്ചുമൂടുക. ('ഖുർആൻ വിരുദ്ധബാങ്കും ജമാഅത്തും' എന്ന ഗ്രന്ഥം ഇതിനോട് ചേർത്ത് വായിക്കുക)**

ശരിയായ ക്രിസ്തുമതത്തെയും (ഇസ്ലാംമതത്തെയും), യേശുദേവനെയും, ശരിയായ ബൈബിളിനെയും തകർക്കാനും, നിഷ്പ്രഭമാക്കാനും, വിശുദ്ധപൗലോസ് മെനഞ്ഞെടുത്ത സിദ്ധാന്തമാണ് ത്രിയേകത്വവും, കുരിശ് പൂജയും, ക്രിസ്തുദേവന്റെ കുരിശു മരണവുമൊക്കെ. അതുപോലെ ബൈബിളിനെ സത്യപ്പെടുത്തിക്കൊണ്ടും, ശക്തിപ്പെടുത്തിക്കൊണ്ടും, നബിതിരുമേനി കൊണ്ടുവന്ന വിശുദ്ധഖുർആൻ എന്ന സ്വലാത്തിനെ അട്ടിമറിക്കാനും, തന്ത്രപൂർവ്വം, നിഷ്പ്രഭമാക്കാനും, തകർക്കാനും, കെട്ടിയുണ്ടാക്കിയ ഏറ്റവും വലിയ ശിർക്കൻ കോട്ടയാണ് സുന്നികളുടെ അഞ്ചുനേരത്തെ സംഘടിത നമസ്ക്കാരം. ആ കോട്ടയാണ് ചേകന്നൂർ മൗലവി തകർത്തു കളഞ്ഞത്. നാം ചെയ്യേണ്ടതും അത് തന്നെയാണ്.

ഖുർആൻ പോലും ചിന്തിച്ചു പഠിച്ചല്ലാതെ സ്വീകരിക്കരുതെന്നും, നിങ്ങൾ ഗ്രന്ഥം ചുമക്കുന്ന കഴുത

കളാകരുതെന്നും വിശ്വാസികളുടെ കണ്ണും, കാതും ചിന്താശക്തിയുമൊക്കെ എന്നെന്നും ചോദ്യം ചെയ്യ പ്പെടും, എന്നൊക്കെ ആവർത്തിച്ചു പഠിപ്പിച്ച നബിയുടെ അദ്ധ്യാപനങ്ങളെ കാറ്റിൽ പറത്തിക്കൊണ്ട്- മത ത്തിനും, ജാതിക്കും, വിശ്വാസങ്ങൾക്കും ഗോത്രത്തിനും, വർഗ്ഗത്തിനും, വംശത്തിനും, ഭാഷയ്ക്കും അമിത പ്രാധാന്യം നൽകാതെ, നീതിയിലും നന്മയിലും, അധിഷ്ഠിതമായ ഒരു ജീവിത വ്യവസ്ഥിതി വളർത്തിയെ ടുത്ത്(ഖുർആനിക സലാത്ത്) ആ ദൈവീക വ്യവസ്ഥിതിയിലൂടെ ലോകം മുഴുവൻ ഒന്നായി കാണാനും, ഒന്നിപ്പിക്കാനും ശ്രമിച്ച നബിയുടെ ചരിത്രം മൂടിവെച്ചുകൊണ്ട്-(തൗഹീദ് എന്ന ഏക ലോകാശയവും) നബി യുടെ ചരിത്രവും, ഖുർആനും മറച്ചുവെച്ചുകൊണ്ട്- ഒരഞ്ചുനേര സംഘടിതനമസ്ക്കാരമുണ്ടാക്കുകയും, അങ്ങിനെ സംഘടിച്ചുകൊണ്ട് അഞ്ചുനേരം അറബിഭാഷയിൽ പ്രാർത്ഥിക്കുന്ന സുന്നികൾക്കു മാത്രമേ സ്വർഗ്ഗ മുള്ളു എന്നു പഠിപ്പിച്ചതിലൂടെ, ഇസ്ലാമിനെയും മുഹമ്മദ് നബിയേയും പറ്റെ തകർത്ത് തരിപ്പണമാക്കുകയും അവഹേളിക്കുകയുമാണ് അബുഹുറയ്റയും, മുആവിയയും ചെയ്തത്. 'ഈ കുരങ്ങൻ പ്രാർത്ഥന'യിലൂടെ യാണ്(Monkey prayer) വിശുദ്ധ ഖുർആൻ എന്ന വേദഗ്രന്ഥത്തെ മൂടിവെക്കാനും, ഖുർആൻ പഠനം മുട ക്കാനും എല്ലാവർക്കും ദൈവീക ചൈതന്യം പ്രദാനം ചെയ്യുന്ന- ലോകത്തിന് മുഴുവൻ ജീവൻ നൽകുന്ന -ആ വേദഗ്രന്ഥത്തെ മറച്ചുപിടിക്കാനും, ഇസ്ലാമിന്റെയും മുസ്ലീംകളുടെയും പുരോഗതിയെ തടഞ്ഞു നിർത്താനും, അബുഹുറയ്റക്കും, മുആവിയക്കും, അമവികൾക്കും, പിന്നീട് വന്ന അബ്ബാസിരാജാക്കന്മാർക്കും കഴിഞ്ഞത് എന്ന ചരിത്രസത്യം നാം പ്രത്യേകം തിരിച്ചറിയുക തന്നെ വേണം.

**ഈസാനബിക്കു വിശുദ്ധപൗലോസ് വെച്ച പാരയേക്കാളും എത്രയോപതിന്മടങ്ങ് വലുതായിപ്പോയി മുആവിയ, നബിയോടും, ഖുർആനോടും കാട്ടിയ ഈ കൊടുംക്രൂരത എന്നു പറയാതെ വയ്യ.!! അതുകൊ ണ്ട് തന്നെ ഒരു പ്രത്യേകഭാഷയിൽ സംഘടിച്ചു നമസ്ക്കരിക്കുക എന്ന ദൈവവിരുദ്ധ-ഖുർആൻ വിരുദ്ധ അനാചാരം- നാം അവസാനിപ്പിക്കുക തന്നെ വേണം.**

പ്രാർത്ഥനകൾ തികച്ചും വ്യക്തിപരമാണ്. ശരീരം കൊണ്ടുള്ള ചേഷ്ടകളെക്കാൾ മനസ്സുകൊണ്ടുള്ള പ്രാർത്ഥനയാണ് പ്രധാനം. അതു മനസ്സിൽ തട്ടുന്നതായിരിക്കണം. നമുക്കറിയാവുന്ന ഭാഷയിലോ നമ്മുടെ മാതൃഭാഷയിലോ ആയിരിക്കണം. കാരണം ഓരോരുത്തരുടെയും, ദു:ഖങ്ങളും, ആവശ്യങ്ങളും, അഭിലാഷ ങ്ങളും, വ്യത്യസ്തമായിരിക്കുമല്ലോ. അതുകൊണ്ട് പ്രാർത്ഥനയും വ്യക്തിപരമായിരിക്കും. അതും ഓരോരു ത്തരും അവർക്കറിയുന്ന ഭാഷയിലുമായിരിക്കണം പ്രാർത്ഥിക്കേണ്ടത്. അറബി അറിയുന്നവർക്ക് അറബിഭാഷ യിൽ പ്രാർത്ഥിക്കാം. അങ്ങിനെ പ്രാർത്ഥിക്കാൻ താൽപ്പര്യമുള്ളവർക്ക് നബി ചെയ്തതു പോലെ അവരുടേ തായ രീതിയിൽ പ്രാർത്ഥിക്കാൻ അവസരം നൽകുകയാണ് പ്രായോഗിക ബുദ്ധി. അതിൽ വലിയ ശിർക്കൊ ന്നുമില്ലല്ലോ. മാത്രമല്ല, ജൂതൻ, ക്രിസ്ത്യൻ, സാബി എന്നീ പദങ്ങൾ ഖുർആൻ തന്നെ പരാമർശിക്കുന്നുണ്ട്. അവർക്കൊക്കെ അവരുടേതായ ആരാധനാ രീതികളുണ്ടെന്ന് ഖുർആൻ പറയുന്നു.((22:34) (22:40) (2:62) (5:68) അതുകൊണ്ടാണ് അവർ ആ പേരിൽ അറിയപ്പെടുന്നത്. ജൂതൻ ജൂതനാവുന്നത് അയാളുടെ പ്രാഥനാ രീതി കൊണ്ടാണ്. ക്രിസ്ത്യാനി ക്രിസ്ത്യാനിയാവുന്നത് അവന്റെ പ്രാർത്ഥനാ രീതികൊണ്ടാണ്. സുന്നി സുന്നി യാവുന്നത് അയാളുടെ പ്രാർത്ഥനാ രീതികൊണ്ടും, ആചാരങ്ങൾകൊണ്ടും, മതപരമായ ചടങ്ങുകൾകൊ ണ്ടുമാണ്. അല്ലാതെ നമ്മുടെ കണ്ണും, മൂക്കും, മുഖവും, രക്തവും, മാംസവും കൊണ്ടല്ല. അതുപോലെ മുഹ മ്മദ് നബിയുടെ അനുയായികൾക്കും ഉണ്ടാവാം, ഉണ്ടാവാതിരിക്കാം ഒരു പ്രാർത്ഥന. ഏതായായലും ഒരു തർക്കവിഷയമാക്കാൻ മാത്രം അതൊരു ആനക്കാര്യമല്ല. ഒരു മതവും ജാതിയുമില്ലാത്ത ഇബ്രാഹിം വ്യതിരി ക്തനായിരുന്നത് ജീവിതം മുഴുവൻ കർമ്മോത്സുകനായതുകൊണ്ടാണ്. (3:67)) മുസ്ലീകളായ നമ്മളും അങ്ങിനെ ആയിരിക്കണം. ആരാധനക്ക് ഒരു സുന്നത്തിന്റെ മാത്രം പ്രാധാന്യം നൽകി, ആ ചടങ്ങുകൾക്കുവേണ്ടി കടി പിടി കൂടാതെ, എപ്പോഴും അല്ലാഹുവിനെ മനസ്സിൽ ഓർത്തുകൊണ്ട് സ്വന്തം ശരീരത്തിന്റെയും, കുടംബത്തി ന്റെയും, സമൂഹത്തിന്റെയും, നാടിന്റെയും, നാം അധിവസിക്കുന്ന ഈ പ്രപഞ്ചത്തിന്റെയും നന്മയ്ക്കുവേണ്ടി നാം കർമ്മനിരതരാവുക!! ഇതാണ് ഖുർആൻ നമ്മോട് ആവശ്യപ്പെടുന്നത്. അങ്ങിനെ നാം ഇവിടെ വളരെ സന്തോഷവാന്മാരും, സംതൃപ്തരും കഠിനാദ്ധ്വാനികളുമായി നിന്നാൽ, നാളെ അന്ത്യദിനത്തിലും നാം സന്തോ ഷവാന്മാരും, സംതൃപ്തരുമായിരിക്കും. അതല്ല ഇവിടെ നാം ഈ ഗ്രന്ഥത്തിനു നേർക്ക് അന്ധത നടിച്ചാൽ നാളെ പരലോകത്തും നാം അന്ധരായിരിക്കും. (17:72, 75) (7:13)

പരിഷ്കൃത രാജ്യങ്ങളെന്നും, വികസിതരാജ്യങ്ങൾ എന്നും നാം അവകാശപ്പെടുന്ന അമേരിക്ക, ഇംഗ്ല ണ്ട്, ഫ്രാൻസ്, ഇന്ത്യ പോലുള്ള വൻ രാഷ്ട്രങ്ങൾക്ക് അവരുടെ രാജ്യാതിർത്തി കാക്കാൻ കൂറ്റൻ സൈന്യ ങ്ങളുടെ ഒരു നിര തന്നെയുണ്ട്. അതിർത്തി കാക്കാനും, അതിർത്തിയിലെ നുഴഞ്ഞുകയറ്റം തടയാനും, ആഭ്യ ന്തര സുരക്ഷക്കുമായി 'ബില്യൺ കോടി' ഡോളറുകളും മറ്റുമാണ് ഓരോ രാഷ്ട്രവും ചിലവഴിക്കുന്നത്. എല്ലാ നാട്ടിലെ സൈന്യങ്ങൾക്കും അവരുടെതായ ദൈനംദിന 'മാർച്ചുപാസ്റ്റും' 'പരേഡു'മൊക്കെയുണ്ട്. ശത്രുസൈന്യം വരുമ്പോഴും, എതിരാളികൾക്കുനേരെ വെടുയുതിർക്കുമ്പോഴും, അവർ 'ലെഫ്റ്റും', 'റൈറ്റും'

ഉരുവിട്ടു കവാത്തു നടത്താറില്ല. എന്നാൽ സമാധാനാന്തരീക്ഷത്തിൽ അവർ അവരുടെ ക്യാപ്ററന്റെ ലഫ്റ്റ് (Left) റൈറ്റ് (Right), Right turn, Left turn, എന്നിങ്ങനെയുള്ള ആജ്ഞകൾക്കനുസരിച്ച് എന്നും രാവിലെ അച്ച ടക്കത്തോടെ ചുവടു വെക്കുന്നു- 'കവാത്തു' നടത്തുന്നു. പരേഡ് നടത്തുന്നു. അതിലൂടെ അച്ചടക്കമുള്ള ഒരുസൈന്യമായി മാറുകയാണ് അവർ ചെയ്യുന്നത്. അതേപോലെ നമ്മുടെ പഞ്ചേന്ദ്രിയങ്ങളും, കൈകാലു കളുമൊക്കെയടങ്ങുന്ന സൈന്യത്തെ -നമ്മുടെ ശരീരത്തെ- നമ്മുടെ 'കമാൻഡറും', 'ക്യാപ്റ്റനു'മൊക്കെ യായ സ്വന്തം മനഃസ്സാക്ഷിയുടെ ആജ്ഞാനുവർത്തികളാക്കാനും, സ്വയം 'ഒരച്ചടക്ക'മുള്ള സത്യത്തിന്റെ കാവൽഭടനാക്കാനും, നിർത്തവും, റുക്കൂഉം, സുജൂദുമടങ്ങുന്ന ശാരീരിക ചേഷ്ടകൾ ഉൾക്കൊള്ളുന്ന പ്രാർത്ഥ നയിലൂടെ നമുക്കു സാധിച്ചേക്കാം. അല്ലാതെ അത്കൊണ്ട് മാത്രം അല്ലാഹു പ്രസാദിക്കുമെന്നും പ്രതിഫലം തരും എന്നൊക്കെ വിശ്വസിക്കുന്നതിന് യാതൊരർഥവുമില്ല. നാം പ്രാർത്ഥിക്കാൻ തുടങ്ങുന്നതിനു മുമ്പേ അതറിഞ്ഞിട്ടുള്ളവനാണ് അല്ലാഹു!!. നമ്മുടെ മനസ്സമാധാനത്തിനുവേണ്ടി മാത്രമാണ് നാം പ്രാർത്ഥിക്കുന്നത്. (9:103) (13:28)

നമുക്ക് അറിയുന്ന ഭാഷയിലും, ശൈലിയിലും, നമ്മുടെ ആഗ്രഹങ്ങളും, അഭിലാഷങ്ങളും, സങ്കടങ്ങ ളും, പരാതികളും സ്വന്തം മനസ്സാക്ഷിയിലൂടെ അല്ലാഹുവിന് കൈമാറിക്കൊണ്ട് ഓരോരുത്തരും, ഒറ്റക്കൊറ്റ ക്കായി പ്രാർത്ഥിക്കുക...!! നമ്മുടെ എല്ലാ ഖുർആൻ ക്ലാസ്സുകളും, ഖുർആൻ ഓതിക്കൊണ്ടുള്ള നിത്യ പ്രാർത്ഥ നകളും, (വെള്ളിയാഴ്ച ദിവസത്തെ, ഉൽബോധനപ്രസംഗത്തിനു മുൻപുള്ള പ്രാർത്ഥനയൊഴികെ, പ്രതിജ്ഞ യൊഴികെ) നാം ഒറ്റയ്ക്ക് തന്നെ ചെയ്തു ശീലിക്കുക - പഠിക്കുക. അതായിരുന്നു നബിയുടെ യഥാർത്ഥ സുന്നത്ത് എന്ന് നാം തിരിച്ചറിയുക. !!! ആ പ്രാർത്ഥനയെക്കാളും നമുക്ക് ജീവൻ നൽകുന്ന ഖുർആൻ എന്ന വേദപഠനത്തിന് നാം കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്യുക..!! ആ വേദപഠനവും അതിന്റെ പ്രയോഗ വൽക്കരണവും തന്നെയാണ് യഥാർത്ഥപ്രാർത്ഥന. അല്ലാതെ ശരീരം കൊണ്ടു നടത്തുന്ന അഭ്യാസങ്ങളല്ല.

## രഹസ്യമായും ഭയഭക്തിയോടുകൂടിയും പ്രാർത്ഥിക്കണമെന്ന് ഖുർആൻ (7:205)(7:55)

ആമീൻ പോലുള്ള പൗരോഹിത്യ - ശിർക്കൻ - പ്രാർത്ഥനാ മൊഴികൾ ബൈബിളിൽ കടന്നു കൂടി യതുകൊണ്ടാണ് ബൈബിൾ എന്ന മഹത്തായ ദൈവിക ഗ്രന്ഥത്തിനും, ക്രിസ്തു മതത്തിനും അതിന്റെ ഗൗരവം നഷ്ടപ്പെട്ടത്. വേദക്കാരിൽ ഒരു വിഭാഗം അവരുടെ മതത്തെ ഒരു വിനോദത്തിനും നേരമ്പോക്കിനു മുള്ള ഉപാധിയാക്കിയതും അവരിൽ ചിലരുടെ പ്രാർത്ഥനകൾ 'കൊട്ടും കുരവയുമാക്കാനും' (5:56-60) (8:35) (3:110-120))കാരണം അവർ അവർക്കു കിട്ടിയ വേദഗ്രന്ഥം ശരിക്കു നിലനിർത്താത്തതുകൊണ്ടായിരുന്നു. അതുകൊണ്ടാണ് നബിയും അവിടുത്തെ അടുത്ത അനുചരന്മാരും ആമീൻ എന്ന പദവും ശിർക്കൻ ആചാ രങ്ങളും അവർക്കിടയിലും ഖുർആനിലും കയറിക്കൂടാൻ അനുവദിക്കാതെ അവരുടെ കാലഘട്ടം കഴിയു ന്നത് വരെ ശ്രദ്ധിച്ചത്.

എന്നാൽ ഖുർആൻ എന്ന വേദഗ്രന്ഥത്തിൽ ഇല്ലെങ്കിലും ഹദീസ് എന്നൊരു രണ്ടാം പ്രമാണമു ണ്ടാക്കി 'ആറു പ്രാമാണിക ഹദീസു ഗ്രന്ഥങ്ങൾ (സിഹാഹുസ്സിത്ത) എന്ന 'സുവിശേഷഗ്രന്ഥങ്ങൾ' എഴുതി യുണ്ടാക്കി-സുന്നികൾ എന്ന പേരിൽ ഒരു പറ്റം മതഭ്രാന്തന്മാരെയും, ആരാധനാഭ്രാന്തന്മാരെയും വളർത്തി യെടുത്ത് ഖുർആൻ എന്ന വേദഗ്രന്ഥത്തെ പൂർണ്ണമായും തള്ളിക്കളയുകയും, അതിലൂടെ ആമീനും, അത്ത ഹിയ്യാത്തും കൂട്ടപ്രാർത്ഥനയുമാകുന്ന ധാരാളം ചടങ്ങുകളിലൂടെയും ചേലാകർമ്മത്തിലൂടെയും ഇസ്ലാമിനെ വീണ്ടും 'സുന്നത്ത് ജമാഅത്ത്' എന്ന ഒരു ആചാരമതമാക്കി മാറ്റിമറിച്ചു ലോകജനതയ്ക്കിടയിൽ പ്രതിഷ്ഠി ക്കുകയാണ് മുആവിയയും, അബൂഹുറയ്റയും ചെയ്തത്. **യഥാർത്ഥത്തിൽ ആമീൻ' പോലുള്ള എല്ലാ ദൈവവിരുദ്ധ പ്രാർത്ഥനാ മൊഴികളും, ചടങ്ങുകൾ എന്ന നിലക്ക് ഇന്ന് ഭൂമിയിലുള്ള എല്ലാ മതക്കാരും സംഘടിതമായി ചെയ്യുന്ന എല്ലാ പ്രാർത്ഥനകളും, ഖുർആനോ, നബിയോ പഠിപ്പിക്കാത്ത എല്ലാ 'ജമാഅത്ത് നമസ്ക്കാരങ്ങളും' പൗരോഹിത്യത്തിന്റെ മേൽക്കോയ്മ അംഗീകരിപ്പിക്കാൻ വേണ്ടിയുള്ള പുരോഹിത തന്ത്രം മാത്രമാണ്...! 'നീ വേദഗ്രന്ഥത്തിനെയല്ല(ഖുർആനിനെയല്ല) എന്നെയാണ് പിന്തുടരേണ്ടത്' എന്നൊരു ധ്വനി അതിലുണ്ട്. ഇന്ന് ഏതാണ്ടെല്ലാ മതത്തിന്റെയും അനുയായികൾ ചെയ്യുന്നതും അത് തന്നെയാണല്ലോ. ഒരു പുരോഹിതന്റെ കീഴിൽ സംഘടിച്ചു ചെയ്യപ്പെടുന്ന എല്ലാ ആരാധനാ ചടങ്ങുകൾക്കു പിറകിലും ഈ പൗരോഹിത്യ ചൂഷണം കാണാം. അതിനെ തകർക്കാൻ വേണ്ടിയാണ് രഹസ്യമായും, ആത്മാർത്ഥതയോടു കൂടിയും അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ അല്ലാഹുവും നബിയും ഖുർആനിലൂടെ നമ്മെ പഠിപ്പിച്ചത്. "വിനയാന്വിതനായും ഭയപ്പാടോടുകൂടിയും, വാക്കു ഉച്ചത്തിലാകാതെയും, രാവിലെയും വൈകുന്നേരവും നീ നിന്റെ രക്ഷിതാവിനെ മനസ്സിൽ സ്മരിക്കുക. നീ ശ്രദ്ധയില്ലാത്തവരുടെ കൂട്ടത്തിലാകരുത്". (7:205)**

അതേസമയം മനുഷ്യൻ സ്വയം കണ്ടുപിടിച്ചുണ്ടാക്കിയതും, ചെറുപ്പം മുതലേ ആചരിച്ചു വരുന്നതു മായ ആചാര നമസ്ക്കാരങ്ങളും ചടങ്ങുകളും ഒരു സുപ്രഭാതത്തിൽ ഇല്ലാതാക്കാനും അവരെയെല്ലാവ രെയും ഒറ്റയടിക്കു തിരുത്താനും നമുക്കു കഴിയില്ല.

എന്നാൽ മുസ്ലിംകൾ അവരുടെ നിലപാടിൽ- തസ്ബീഹ് ചൊല്ലുക- എന്ന നിലപാടിൽ ഉറച്ചു നിൽക്കുന്നു- നിൽക്കണം. അതുകൊണ്ടാണ് ലോകസമുദായങ്ങളെല്ലാം സാധാരണ പ്രാർത്ഥിക്കാറുള്ള എല്ലാ സമയങ്ങളും ഒന്നു പരാമർശിച്ച ശേഷം, ആ സമയത്തൊക്കെ നിങ്ങൾ തസ്ബീഹ് ചൊല്ലണം അഥവാ ദൈവത്തിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കണം എന്നു പറയാൻ കാരണം. (സുന്നി-തഫ്സീർ) രാവിലെയും വൈകുന്നേരവും, പ്രഭാതത്തിലും, പ്രദോഷത്തിലും, രാത്രിയിലും, നിങ്ങൾ എഴുന്നേൽക്കുന്ന സമയത്തും, നക്ഷത്രങ്ങൾ വിടവാങ്ങുമ്പോഴും (ഉദയാസ്തമന സമയങ്ങളിലുമൊക്കെ)നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ (ആ പ്രാർത്ഥനയിൽ) നിങ്ങൾ തസ്ബീഹ് ചൊല്ലണം- അഥവാ 'ദൈവത്തിനു നിരക്കാത്തതൊന്നും ഞാൻ ചെയ്യില്ല' എന്ന് ഒരു പ്രതിജ്ഞയെന്നോണം ചെയ്തുകൊണ്ടിരിക്കണം എന്ന് ഖുർആൻ ആവർത്തിച്ച് പഠിപ്പിക്കാൻ കാരണവുമതാണ്. (50:40) (52:49) (76:26) (3:41) (6:52) (7:205) (13:15) (18:28) (24:36) (33:42) (40:55) (48:9) എന്നാൽ ഈ സത്യമൊന്നും ഒരൊറ്റ സുന്നി- തഫ്സീറുകാരനും ഇന്നേവരെ രേഖപ്പെടുത്തിയിട്ടില്ല. അതേസമയം വേദ പഠനത്തിനും, ചർച്ചകൾക്കും മറ്റുമായി നാം ഒത്തുകൂടുമ്പോൾ(വെള്ളിയാഴ്ച പോലുള്ള ദിവസങ്ങളിൽ മുസ്ലിംകൾ ഒത്തു കൂടുമ്പോൾ), ഒരു പ്രതിജ്ഞയെന്നോണം ഫാത്തിഹയും, തസ്ബീഹും ചൊല്ലുന്നതിൽ യാതൊരു കുഴപ്പവുമില്ല. ഭൂമിയിലുള്ള എല്ലാ ജാതികൾക്കും, മതക്കാർക്കും, ദേശക്കാർക്കും, ഭാഷക്കാർക്കും ഒരുപോലെ ദഹിക്കുന്നതും, ഉൾക്കൊള്ളാവുന്നതുമായ മഹത്തായ തത്ത്വങ്ങൾ മാത്രമെ ഫാത്തിഹയിലും തസ്ബീഹിലും ഉള്ളു. ആ പ്രതിജ്ഞയിൽ ഇമാം ചൊല്ലുന്നതും പറയുന്നതും നാം സംഘടിച്ചു നിന്നു ശ്രദ്ധയോടെ കേട്ടാൽ മതി. ഫാത്തിഹയുടെയും, 'വജ്ജുഹ്ത്തു'വിന്റെയും തസ്ബീഹിന്റെയും, പ്രാധാന്യവും അതിന്റെ മഹത്തായ ആദർശങ്ങളും നമുക്ക് മുമ്പേ അറിയുന്നതാണെങ്കിലും സന്ദർഭത്തിന്റെ ഗൗരവം കണക്കിലെടുത്ത് ആ തസ്ബീഹിന്റെ പ്രസക്തിയും, മഹത്തായ അർത്ഥവും ഒരിക്കൽക്കൂടി നാം ഇവിടെ ആവർത്തിക്കുന്നുണ്ട്.

**വേദപഠനത്തിനായും, സാമൂഹ്യ-രാഷ്ട്രീയ-കാലികപ്രശ്നങ്ങൾ ചർച്ചചെയ്യാനായും മുസ്ലിംകൾ ഒത്തു കൂടുമ്പോൾ താൽപ്പര്യമുള്ളവർക്ക് പ്രാർത്ഥിക്കാം എന്നല്ലാതെ, പ്രാർത്ഥിക്കാൻ വേണ്ടി ഒത്തുകൂടുന്ന എല്ലാ ചടങ്ങുകളും 'ചടങ്ങു നമസ്ക്കാരങ്ങളും'(Ritual prayers) 'മതപരം' എന്ന പേരിൽ ഒരു പുരോഹിതന്റെ കീഴിൽ സംഘടിച്ചു ചെയ്യുന്ന എല്ലാ അനാചാരങ്ങളും ദൈവവിരുദ്ധവും, അനിസ്ലാമികവുമാണ് എന്ന ഖുർആനിക സത്യം നാം തിരിച്ചറിയേണ്ടതാണ്.**

മനുഷ്യൻപൊതുവേ ബലഹീനനാണ്, ദുർബലനാണ്, ആധുനിക മനുഷ്യൻ വളരെ തിരക്കിലുമാണ്. മതവും മതചിഹ്നങ്ങളും, മതാചാരങ്ങളുമൊക്കെ ശുദ്ധമായ ആത്മീയതയിൽ നിന്ന് വേർതിരിച്ച് മനസ്സിലാക്കാനും, പഠിക്കാനും ഒന്നും അവന് സമയമില്ല. സന്ദർഭമില്ല. അവന്റെ മതവും, മതചിഹ്നവും, ആത്മീയതയുമൊക്കെ അവൻ ദൈവമായി കാണുന്ന അവന്റെ നേതാവിന്റെ കൈയിലാണ്. ആ നേതാവ് അവനെ സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ നയിക്കുന്നു. (9:34)

നാം ഓരോരുത്തരുടെയും മനസ്സിൽ തന്നെ കുടികൊള്ളുന്ന ചെകുത്താനും(ഇബ്‌ലീസ്), നമ്മുടെ സമൂഹത്തിലുള്ള ചെകുത്താന്മാരും(പൈശാചിക പ്രവണതകളും) എപ്പോഴും നമ്മെ മാടിവിളിച്ചുകൊണ്ടിരിക്കുകയാണ്. നാം നമ്മിലുള്ള ആ പൈശാചിക പ്രവണതയെ വളരെ ബുദ്ധിപൂർവ്വവും, കരുതലോടെയും അകറ്റി നിർത്തിയിരിക്കുകയാണ്. അതുകൊണ്ടാണ് നാം സത്യവിശ്വാസികൾ എന്നും 'മുസ്ലീംകൾ' എന്നും 'മാന്യന്മാർ' എന്നും സമൂഹത്തിൽ അറിയപ്പെടുന്നത്. സാഹചര്യങ്ങളുടെ സ്വാധീനത്തിൽ പെട്ട് തെറ്റുകൾ ചെയ്ത് സെൻട്രൽ ജയിലിൽ കിടക്കുന്ന കുറ്റവാളികളും, നമ്മളും തമ്മിലുള്ള വ്യത്യാസം അതുമാത്രമാണ്. (12:53) നാം നമ്മിലുള്ള പിശാചിനെ അകറ്റി നിർത്തി. എന്നാൽ ചില പ്രതികൂല സാഹചര്യങ്ങൾ കാരണം അവർക്കതിന് കഴിഞ്ഞില്ല. അങ്ങിനെ അവർ കുറ്റവാളികളുമായി. ആത്മീയ ചൂഷണത്തിന്റെയും, പൗരോഹിത്യത്തിന്റെയും പ്രതീകങ്ങളായ അഭിനവ ഹാമാൻമാരും അബുഹുറയ്റകളും ധാരാളമുള്ള ഒരു സമൂഹത്തിലാണ് നാം- നമ്മുടെ മക്കൾ- കഴിഞ്ഞു കൂടുന്നത്. ദൈവനാമത്തിൽ അവരുടെ കൈയിൽ എന്തെങ്കിലും ഒരാചാരം പിടിക്കാൻ കൊടുത്തിട്ടില്ലെങ്കിൽ, നാളെ ഈ ചൂഷകരായ പുരോഹിതന്മാർ നൽകുന്ന വലിയ അപകടം പിടിച്ച മറ്റുവല്ല ഒരനാചാരത്തിന്റെ ഭാണ്ഡമായിരിക്കും പിന്നെ നമ്മുടെ മക്കൾ അവരുടെ തലയിൽ പേറുന്നത്. അതിനാൽ ആർക്കും വ്യക്തിപരമായി, (സമൂഹത്തിനും) സമയനഷ്ടമോ,ശാരീരിക ക്ലേശമോ, സാമ്പത്തിക നഷ്ടമോ ഇല്ലാത്ത- തന്റെ സ്വന്തം ശരീരം കൊണ്ടും മനസ്സുകൊണ്ടും ചെയ്യാൻ പറ്റുന്ന ഒരു പ്രാർത്ഥന-നമ്മുടെ സൗകര്യപൂർവ്വം-നിന്നും, ഇരുന്നും, കുമ്പിട്ടും, സാഷ്ടാംഗം പ്രണമിച്ചും, അല്ലാഹുവിനെ ഓർമ്മിക്കുക - എന്ന പ്രാർത്ഥനാ ശൈലി-ലോകത്തിലെ സകല മനുഷ്യർക്കും- സകലമതക്കാർക്കും ഒരുപോലെ സ്വീകാര്യമായ ഒരു ആരാധനാ ശൈലി നാം നിലനിർത്തുന്നത് പ്രയോജനകരമായിരിക്കും.

മതവും ജാതിയും വർഗ്ഗീയ ചിന്തകളുമൊന്നുമില്ലാത്ത ഖുർആൻ എന്ന ദൈവിക പ്രത്യയശാസ്ത്രം

മറച്ചുവെച്ചുകൊണ്ട്-അല്ലാഹു കൽപ്പിക്കുന്നത് നീതിയും നന്മയുമാണ്(16:90) (3:17) (3:21) (4:40) (4:135) (9:10) (68:10) (39:10) (42:15) എന്ന് നൂറു കണക്കിനു സന്ദർഭങ്ങളിൽ നബി പഠിപ്പിച്ച ഖുർആനിക സത്യം മറച്ചുവെച്ചു കൊണ്ട്, കുറെ അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും, 'ലോകം മുഴുവൻ അഞ്ചുനേരം അറബിഭാഷയിൽ പ്രാർത്ഥിക്കണം' എന്ന വർഗ്ഗീയ നിയമവും, തന്ത്രപൂർവ്വം സുന്നികളിലൂടെ വളർത്തിയെടുക്കുക വഴി നബി കൊണ്ടുവന്ന ഇസ്ലാം മതത്തെ 'സുന്നത്ത് ജമാഅത്ത്'എന്ന -വർഗ്ഗീയ സംഘടനയാക്കുകയാണല്ലോ മുആ വിയയും അബുഹുറയ്റയും ചെയ്തത്. ചുരുക്കത്തിൽ സുന്നികളെ വർഗ്ഗീയ ഭ്രാന്തന്മാരാക്കി മാറ്റിയത് ഈ 'തലയും വാലുമില്ലാത്ത' അഞ്ചുനേരത്തെ സുസംഘടിതമായ അറബിപ്രാർത്ഥനയും, അനുബന്ധ പ്രാർത്ഥ നയുമായി ദിവസേന അവർ ചെയ്തുകൊണ്ടിരിക്കുന്ന 'അറുപത് റക്ക്അത്തോളം' വരുന്ന നമസ്ക്കാരങ്ങ ളും, ഹദീസ് പഠനവും അശാസ്ത്രീയ മദ്രസ്സാ പഠനവുമാണ്. അതുകൊണ്ടാണ് ചേകന്നൂർ മൗലവി അവരെ 'നമസ്ക്കാര ഭ്രാന്തന്മാർ' എന്നു വിളിച്ചത്.

യഥാർത്ഥത്തിൽ അറേബ്യൻ ജൂതന്മാർ (അബുഹുറയ്റയും, മുആവിയയും) വളർത്തിയെടുത്ത 'അഹ്ലു സ്സുന്നത്ത്' എന്ന പേപ്പട്ടിയുടെ വിഷബാധയേറ്റവരാണ് യഥാർത്ഥ സുന്നികൾ. പേപ്പട്ടി കടിച്ചാൽ ഹൈഡ്രോ ഫോബിയ എന്ന മാരക രോഗം തലച്ചോറിന് കടന്നു പിടിക്കുന്നതിന് മുമ്പായി പേപ്പട്ടി വിഷത്തിന്റെ തന്നെ നേരിയ ഡോസിൽ നിന്നുണ്ടാക്കിയ വാക്സിൻ ഉപയോഗിച്ച് ഹൈഡ്രോഫോബിയ എന്ന അതിമാരകവും, ഭീകരവുമായ രോഗാവസ്ഥയെ തടയാനുള്ള വാക്സിൻ കണ്ടുപിടിച്ച് ലോകത്തെ രക്ഷിക്കുകയാണ് ലൂയിപാ സ്ചർ ചെയ്തത്. ഒരർത്ഥത്തിൽ ചേകന്നൂർ മൗലവി ചെയ്തതും അതുതന്നെയാണ്. ഇരുപതും, നാൽപ്പതും, അറുപതും റക്ക്അത്തുമൊക്കെയായി നബിയോ, വിശുദ്ധഖുർആനോ പഠിപ്പിക്കാത്ത, 'അറബിഭാഷയിൽ പ്രാർത്ഥിക്കുക, അതിന്നുവേണ്ടി ജീവിച്ചു മരിക്കുക' എന്ന മുദ്രാവാക്യവുമായി പേപ്പട്ടിവിഷബാധയേറ്റ വരെപോലെ കിതച്ചോടിക്കൊണ്ടിരുന്ന ആ അറേബ്യൻ സുന്നികൾക്ക്- മുആവിയൻ സുന്നികൾക്ക് -അവ രുടെ ഖുർആനിൽ നിന്ന് ആഴ്ചയിൽ ഒരിക്കൽ മാത്രം നടത്തപ്പെടുന്ന ജുമുഅ നമസ്ക്കാരം പോലെയുള്ള സ്വലാത്തും പകലിന്റെ രണ്ടറ്റങ്ങളിലും, രാത്രിയിലുമായി നടത്തപ്പെടുന്ന(മൂന്നു നേരത്തെ) നമസ്ക്കാരവു മൊക്കെ അവരുടെ തന്നെ തഫ്സീറിൽ(അവരുടെ പരിഭാഷയിൽ) അവർ എഴുതി വെച്ചത് കാട്ടികൊടുത്തു ആ രണ്ട് റക്ക്അത്ത് നമസ്ക്കാരം കൊണ്ടു(vaccine കൊണ്ടു) അവരുടെ 'നമസ്ക്കാര ഭ്രാന്ത്'എന്ന വിഷം ഇറക്കി അവരെ ചികിത്സിക്കുകയായിരുന്നു മൗലവി. അതൊരു ചികിത്സയും തന്ത്രവും മാത്രമായിരുന്നു. 'അഹ്ലുസ്സുന്നത്തുവൽജമാഅത്ത് ഈ ഭൂമിയിൽ നിലനിൽക്കുന്ന കാലത്തോളം ആ വാക്സിൻ-ജുമുഅ നമസ്ക്കാരം എന്ന രണ്ടുറക്ക്അത്ത്- ആവശ്യവുമാണ്. നബിയുടെ ദൗത്യം അറബികളെ നന്നാക്കൽ മാത്ര മായിരുന്നില്ല (18:4). വേദക്കാർ എന്ന പേരിൽ പല ബൈബിൾ വിരുദ്ധ ചിന്തകളും വെച്ചുപുലർത്തിയിരുന്ന, ജൂത-കൃസ്ത്യൻ സഹോദരന്മാരെ തിരുത്തലും കൂടിയായിരുന്നുവല്ലോ. നമുക്കിടയിലെ 'വേദ'ക്കാരാണ് സുന്നികൾ. ആ സുന്നികളെ ഇവരുടെ കയ്യിലുള്ള ഖുർആൻ കൊണ്ടുതിരുത്തുക എന്നതായിരുന്നു ചേകന്നൂർ മൗലവിയുടെ ദൗത്യം.

## നബിയുടെ പ്രാർത്ഥനയുടെ (ഖുതുബയുടെ-പ്രസംഗത്തിന്റെ ) ആരംഭം - ചില ചരിത്രശകലങ്ങൾ :

ബിസ്മിയോടുകൂടിയാണ് നബി ഖുതുബ പ്രസംഗം ആരംഭിച്ചിരുന്നത്. ബിസ്മി ചൊല്ലിയതിനുശേഷം നബി 'ഇന്ന സ്സ്വലാത്തു തൻഹാ' അനിൽ 'ഫഹ്ശാഇ-വൽ-മുൻകർ-ഫല ദിക്റുല്ലാഹി അക്ബർ -(ഖുർ ആൻ 29:45 തീർച്ചയായും നമസ്ക്കാരം നീചപ്രവർത്തികളിൽ നിന്നും തിന്മകളിൽ നിന്നും തടയും) എന്നു പറയുമായിരുന്നുവത്രെ.(ഇതും ചരിത്രത്തിൽ മാത്രമുള്ള തെളിവാണ്. ഖുർആനിൽ ഉള്ളതല്ല.) ഈ വചനം നബിയുടെ അടുത്തു നിൽക്കുന്ന ഇമാം അലിയോ, ബിലാലോ ഒന്നുകൂടി ശബ്ദത്തിൽ വിളിച്ചു പറയും. അന്ന് മൈക്കും ഉച്ചഭാഷിണിയൊന്നും ഉണ്ടായിരുന്നില്ലല്ലോ. അതോടുകൂടി ജുമുഅ പ്രസംഗം ശ്രവിക്കാൻ വന്ന പള്ളിയിലുള്ള  എല്ലാ വിശ്വാസികളും ഒരു നിമിഷനേരത്തേക്ക് എഴുന്നേറ്റു നിൽക്കും ഇതായിരുന്നു സ്ഥിതി. നബിയുടെ ഈ ചര്യ അമവി ഭരണം ആരംഭിച്ച മുആവിയയും യസീദും നിർത്തലാക്കിയെങ്കിലും ഉമർരണ്ടാമൻ എന്ന പേരിൽ പ്രസിദ്ധനായ ഉമറുബിൻ അബ്ദുൽ അസീസ് അതു തിരിച്ച് കൊണ്ടുവന്നു നടപ്പിലാക്കി എന്ന് ഹദീസ് ഗ്രന്ഥങ്ങളിലും മറ്റും രേഖപ്പെടുത്തിയിട്ടുണ്ട്. (92 വർഷത്തെ ഖുർആൻ വിരുദ്ധ അമവിഭരണകാലത്ത് (സുന്നിഭരണ കാലത്ത്) കുറച്ചെങ്കിലും ഖുർആൻ അനുസരിച്ചു ഭരിക്കണമെന്ന് അഭിപ്രായപ്പെട്ട ഒരേയൊരു അമവി രാജാവായിരുന്നു ഉമറുബിൻ അബ്ദുൽ അസീസ്. (ഉമർ രണ്ടാമൻ-ഖലീഫാ ഉമറിന്റെ പേരക്കുട്ടി ഫാത്തിമയുടെ മകനായിരുന്നു ഉമർ രണ്ടാമൻ എന്ന പേരിൽ ഇസ്ലാമിക ചരിത്രത്തിൽ പ്രസിദ്ധനായ ഉമറുബിൻ അബ്ദുൽ അസീസ്.

ഇസ്ലാമിക ഭരണം അവസാനിപ്പിച്ചശേഷം ഇമാം അലിയോടുള്ള ദേഷ്യവും പ്രതിഷേധവും പ്രകടിപ്പിക്കാനായി എല്ലാ വെള്ളിയാഴ്ചയും ഇമാം അലിയെ ശപിച്ചു പ്രാർത്ഥിക്കൽ മുആവിയയുടെയും, യസീദിന്റെയും മർവാന്റെയും, അബ്ദുൽ മലിക്കിന്റെയും കാലത്ത് വളരെ കർശനമായി നടപ്പിലാക്കിയിരുന്നു. അമവികൾ 60 വർഷത്തോളം ഈ നില തുടർന്നു.  ഉമർ രണ്ടാമൻ ആ ശാപ പ്രാർത്ഥന നിർത്തലാക്കി.  പകരം ഇന്നു കാണുന്ന 'ഇന്നസ്സ്വലാത്ത തൻഹാ അനിൽ ഫഹ്ശാഉ വൽ മുൻകർ' എന്ന ഖുർആൻ വചനം പ്രസംഗത്തിൽ (ഖുത്തുബയിൽ) അതിനുപകരം ചൊല്ലാൻ ആജ്ഞ നൽകി.

കൂടാതെ ഭൂരിപക്ഷ രാഷ്ട്രീയ സമ്മർദ്ദങ്ങൾക്ക് വഴങ്ങി ഖലീഫ അബൂബക്കറും ഖലീഫാ ഉമറും ഖലീഫ ഉസ്മാനും നബിയുടെ മുഖ്യ പിന്തുടർച്ചാവകാശിയായ  മകൾ ഫാത്തിമയുടെ കൈവശം നേരത്തെയുണ്ടായ  ഒരു ഭൂമി (ഫദക്കിലെ തോട്ടം) പിടിച്ച് വെച്ചിരുന്നു.  പിന്നീട് മുആവിയയും, യസീദും, മർവ്വാനും അത് സ്വന്തമാക്കി ഉപയോഗിക്കുകയും ചെയ്തിരുന്നു.  എന്നാൽ ഏഴാമത്തെ അമവി രാജാവായ ഉമർ രണ്ടാമൻ ഇമാം അലിയുടെ കുടുംബാംഗങ്ങളെ കണ്ടുപിടിച്ച് ആ സ്വത്ത് തിരിച്ചേൽപ്പിച്ചു.

അതേപോലെ തന്റെ ഗവർണ്ണർമാരിൽ ചിലർ മുസ്ലീംകളായി മാറിയ അനറബികളോടും 'ജിസ്യ' എന്ന നികുതി (തലവരി) വാങ്ങാൻ തുടങ്ങി. (അങ്ങനെ നബിയുടെയും നാല് ഖലീഫമാരുടെയും ഭരണത്തിന് ശേഷം **'അറബ് മുസ്ലീംകൾ'**, **'അനറബി മുസ്ലീംകൾ'** എന്നിങ്ങനെ രണ്ടുതരം പൗരൻമാർ ഉണ്ടാകുവാൻ കാരണമായി.)  അതിന് ഗവർണർ പറഞ്ഞ ന്യായം 'ജിസ്യയിൽ നിന്ന് (നികുതി നൽകുന്നതിൽ നിന്ന്) രക്ഷപ്പെടാനാണ് അവർ മുസ്ലിംകളായി അഭിനയിക്കുന്നത് യഥാർത്ഥത്തിൽ അവർ മുസ്ലിംകളല്ല.  മാത്രമല്ല എല്ലാവരും ഇങ്ങിനെ നാമമാത്ര മുസ്ലീംകളായി ജിസ്യ നൽകാതിരുന്നാൽ ഖജനാവ്   വരുമാനമില്ലാതെ പാപ്പരാവും' എന്നായിരുന്നു.  അതിന് ഉമർ ബിൻ അബ്ദുൽ അസീസിന്റെ മറുപടി. 'അവൻ മുസ്ലിമാണോ അല്ലെ എന്നത് അല്ലാഹു തീരുമാനിക്കും.  അത് നീയോ ഞാനോ  വിചാരിച്ചാൽ മനസ്സിലാക്കാൻ പറ്റുന്ന കാര്യമല്ല. (2:113) (3:55) (10:93).... (16:124) (5:48) (39:3) (7:46) അതുകൊണ്ട് ഒരു വ്യക്തി വന്ന് ഞാൻ മുസ്ലീം ആയി എന്നു പറഞ്ഞാൽ നബിയും ഖലീഫാ ഉമറും ഒക്കെ ചെയ്തതുപോലെ, അവൻ പ്രത്യക്ഷത്തിൽ നിനക്കും നാട്ടുകാർക്കും ഭരണത്തിനും കുഴപ്പം ഒന്നും ചെയ്യുന്നില്ലെങ്കിൽ അത് വിശ്വസിക്കണം. മുഹമ്മദ് നബിയെ അല്ലാഹു അയച്ചത് ഖുർആൻ പഠിപ്പിക്കാനാണ്.  അല്ലാതെ നികുതി പിരിക്കാനല്ല'.  എന്നിങ്ങനെയായിരുന്നു.

അതേപോലെ ഖുറസാനിലെ അമവി ഗവർണർ, മുസ്ലിം ആയി സ്വയം പ്രഖ്യാപിച്ച അമുസ്ലിം പ്രജകളെല്ലാം 'ചേലാകർമ്മം  എന്ന സുന്നത്ത് ചെയ്ത് തങ്ങളുടെ വിശ്വാസം ഉറപ്പിച്ചു വ്യക്തമാക്കണമെന്ന് ശാഠ്യം പിടിച്ചു.  അതുവഴി ഇസ്ലാം മതത്തിലേക്കുള്ള മതം മാറ്റം കുറയ്ക്കലും നികുതി ഇനത്തിലുള്ള വരുമാനം കുറയാതെ പൊതുഖജനാവ് ഭദ്രമാക്കലുമായിരുന്നു ഗവർണരുടെ ലക്ഷ്യം. (Hidden agenda) ഇതിൽ ക്ഷുഭിതനായി ഉമർ രണ്ടാമൻ ഖുറാസാനിലെ ഗവർണ്ണർക്ക് എഴുതി ' മുഹമ്മദ് നബിയെ അല്ലാഹു അയച്ചത് ഖുർആൻ പ്രചരിപ്പിക്കാനാണ്  അല്ലാതെ 'ലിംഗാഗ്ര'പരിച്ഛേദനം നടത്താനല്ല ('ചേലാകർമ്മം അനിസ്ലാമികം'

എന്ന ഗ്രന്ഥം ഇതോടൊപ്പം ചേർത്തു വായിക്കുക). ഉമർ രണ്ടാമന്റെ ഇത്തരം പ്രസ്താവനകളും നയങ്ങളും അദ്ദേഹത്തിന് ഒരുപാട് ശത്രുക്കളെ ഉണ്ടാക്കി കൊടുത്തു. ഒടുവിൽ അവർ അദ്ദേഹത്തെ ചതിയിലൂടെ വിഷം നൽകി വധിച്ചു. രണ്ടര വർഷം മാത്രമാണ് ഉമർ രണ്ടാമൻ ഭരിച്ചത്.
അഞ്ച് നേരം കൃത്യമായി പള്ളിയിൽ പോയി അറബി ഭാഷയിൽ പ്രാർത്ഥിക്കുക, അഞ്ച് നേരം അറബി ഭാഷയിൽ ബാങ്ക് കൊടുക്കുക, ബാങ്ക് കേൾക്കുന്ന വിശ്വാസികളെല്ലാം ആ ബാങ്കിലെ വചനങ്ങൾ ഏറ്റുപാടുക, ലിംഗാഗ്രചർമ്മം ഛേദിക്കുക, അബദ്ധങ്ങളുടെയും ഖുർആൻ വിരുദ്ധ ആശയങ്ങളുടെയും ഘോഷയാത്രയായ 'അത്തഹിയ്യാത്ത്' ദിവസവും അഞ്ചും പത്തും തവണ ആവർത്തിക്കുക, അമ്പതും നൂറും തവണ ആമീൻ എന്ന ഖുർആൻ വിരുദ്ധ പ്രാർത്ഥനാ മന്ത്രം ഉരുവിട്ടുകൊണ്ടിരിക്കുക. ഇങ്ങനെ ചെയ്യുന്നവർക്കുമാത്രമെ സ്വർഗ്ഗമുള്ളു എന്ന് വിശ്വസിക്കുകയും അത് പ്രഖ്യാപിക്കുകയും ചെയ്യുക, മക്കത്ത് പോയി കല്ല് മുത്തുകയും കല്ല് എറിയുകയും ചെയ്തുകൊണ്ട് ഹജ്ജ് ചെയ്യുക, റമദാൻ മാസം പകൽ മുഴുവൻ പട്ടണി കിടക്കുക. ഈ രീതിയിൽ ഖുർആനോ, മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത നിയമങ്ങൾ, റോമാ -പേർഷ്യൻ സാമ്രാജങ്ങളിലെ (സിറിയ- ഈജിപ്റ്റ്- ഇറാഖ്- ഇറാൻ എന്നി അനറബി പ്രദേശങ്ങളിലെ സാധാരണക്കാരുടെയും ബുദ്ധിജീവികളുടെയും ഇടയിൽ പ്രചരിപ്പിച്ചുകൊണ്ട് നബി കൊണ്ടുവന്ന ഇസ്ലാം എന്ന ലോകശാന്തിമാർഗത്തെ ഒരു അറ്യബൻ മതം മാത്രമാക്കി - സങ്കുചിതമാക്കി - ഇസ്ലാമിലേക്കുള്ള (ഖുർആനിലേക്കുള്ള) അവരുടെ പ്രവേശം തന്ത്രപൂർവ്വം തടയുക, അങ്ങനെ അമുസ്ലീം പ്രജകൾ എന്ന നിലക്ക് അവർ നല്കേണ്ടിയിരുന്ന നികുതി (ജിസിയ) കുറയാതെ ഖജനാവ് ഭദ്രമാക്കുക ഇതായിരുന്നു അമവികളുടെ (അമവി ഗവർണർമാരുടെ) തന്ത്രം. ഇന്ത്യൻ സ്വാതന്ത്യസമരകാലഘട്ടത്തിൽ ഗാന്ധിജിയുടെ നേതൃത്തത്തിലുള്ള കോൺഗ്രസിലേക്ക് ഇന്ത്യക്കാർ ആകൃഷ്ടരായതുപോലെ, അമ്പതുകളിലെ കമ്മ്യൂണിസ്റ്റ് വിപ്ലവത്തിൽ ആകൃഷ്ടരായി കേരളിയർ കമ്മ്യൂണിസത്തിലേക്കും, സോഷ്യലിസത്തിലേക്കും കൂട്ടം കൂട്ടമായി ചേക്കറിയതുപോലെ, നബിയുടെ കാലത്ത് മദീനയിൽ വെച്ച് അക്കാലത്തെ ഒരു അറേബ്യൻ നവോത്ഥാന പ്രസ്ഥാനമായ ഇസ്ലാമിലേക്ക് (ഖുർആനിലേക്ക്) അറബികൾ കൂട്ടം കൂട്ടമായി ചെക്കേറിയതുപോലെ മേലിൽ സംഭവിക്കാതിരിക്കാൻ അമവികൾ തന്ത്രപൂർവ്വം ആസുത്രണം ചെയ്തുണ്ടാക്കിയ ഒരു അറേബ്യൻ പാരമ്പ്യര മതമാണ് അഹ്‌ലു സുന്നത്ത് വൽജമാത്ത്. അമ്പരിപ്പിക്കുന്ന ഈ ചരിത്ര സത്യങ്ങളെല്ലാം നാം വിശദ്ധമായി മുമ്പ് പ്രതിപാദിച്ചിട്ടുണ്ട്).

അങ്ങനെ എല്ലാവരും നിന്നു കഴിഞ്ഞാൽ ഉടനെ നബി അവരെ അഭിമുഖീകരിച്ചു ഫാത്തിഹ എന്ന പ്രാരംഭ അധ്യായം ഓതും. 'ഇഹ്ദിന സ്സിറാ ത്തൽ മുസ്തഖീം=ഞങ്ങൾക്കു നീ നേർമാർഗ്ഗം കാണിച്ചു തരേണമേ' എന്ന പ്രാർത്ഥന അതിലുള്ളതുകൊണ്ടായിരിക്കാം നബി സ്ഥിരമായി ഫാത്തിഹ ഓതിയിരുന്നത്. അപ്പോൾ നിശ്ശബ്ദരായി എല്ലാവരും അത് കേട്ടിരിക്കും. ഏതായാലും ആ ഫാത്തിഹ(Opening chapter) ഓതിക്കഴിഞ്ഞാൽ നബി റുകൂഉം, സുജൂദും ചെയ്തിരുന്നോ എന്നതിന് ഖുർആനിലും, ഹദീസിലും, ചരിത്ര ത്തിലും പ്രബലമായ തെളിവില്ല. ഏതായാലും ജൂതന്മാരും, ക്രിസ്ത്യാനികളും നബിയുടെ പ്രാർത്ഥനയിലും തുടർന്നുള്ള ഖുർആൻ ക്ലാസ്സിലും പങ്കെടുത്തിരുന്നു എന്ന് ഹദീസ് ഗ്രന്ഥങ്ങളിൽ നിന്നും ഖുർആനിൽ നിന്നും തെളിയിന്നുണ്ട്. അതായത് ശിർക്കില്ലാത്ത രീതിയിൽ അവരുടെ പ്രാർത്ഥന അവർ നബിയോടൊപ്പം അനു ഷ്ഠിച്ചിരുന്നു. ജൂതന്മാർക്കും കൃസ്ത്യാനികൾക്കും അവരുടെ പ്രാർത്ഥനയിൽ സുന്നികളെപ്പോലെ റുക്കൂ ഉം, സുജൂദും ഒക്കെയുണ്ട്. അങ്ങിനെ റുക്കൂഉം, സുജൂദും ചെയ്ത് നമസ്ക്കരിക്കാൻ താൽപര്യമുള്ളവർക്ക് വേണ്ടിയാണ് നബി ഒരു നിമിഷം ഫാത്തിഹ കഴിഞ്ഞ ഉടനെ നിശ്ശബ്ദമായി പ്രാർത്ഥിച്ചിരുന്നത്. നബിയുടെ ഖുതുബ കേൾക്കാൻ - പ്രസംഗം കേൾക്കാൻ - വൈകിയെത്തിയിരുന്ന മുസ്ലിംകളും അവരുടേതായ രീതി യിൽ പ്രാർത്ഥിച്ചശേഷം പ്രസംഗം കേൾക്കാൻ ഇരിക്കുമായിരുന്നു. (നബിയും അങ്ങിനെ റക്കൂഉം സുജൂദും ഒക്കെ ചെയ്ത് ഒറ്റയ്ക്ക് പ്രാർത്ഥിച്ചിരിക്കാം). ഒരു പക്ഷേ ആചര്യയുടെ തുർച്ചയാവാം ഇന്നും സുന്നീ-മു സ്ലിംകളിൽ ചിലർ വെള്ളിയാഴ്ച ദിവസം 'ഖുതുബക്ക്' (പ്രസംഗം കേൾക്കാൻ) വൈകിയെത്തുമ്പോഴും 'രണ്ടു റക്അത്ത്' സുന്നത്തു നമസ്കരിച്ച് ഇരിക്കുന്നത്. ഇതെല്ലാം ഹദീസു ഗ്രന്ഥങ്ങളിൽ ചിതറിക്കിടക്കുന്ന ചില തെളിവുകൾ മാത്രമാണ്. ഖുർആനിൽ ഉള്ളതല്ല. നിഷ്കളങ്കമായ പ്രാർത്ഥന ഖുർആൻ വിരുദ്ധവുമല്ല. അതുകൊണ്ട് അത് ഉദ്ധരിക്കുന്നു എന്നു മാത്രം. അങ്ങിനെ ജൂത-ക്രിസ്ത്യൻ അനുയായികളുടെയും, നബി യുടെയും ഒന്നോ, രണ്ടോ മിനിട്ടു നീണ്ടു നിൽക്കുന്ന പ്രാർത്ഥന കഴിഞ്ഞ ഉടനെയായിരുന്നു നബി തിരുമേനി ഖുർആനിക വിഷയങ്ങളും, കാലിക പ്രശ്നങ്ങളും അവതരിപ്പിച്ചുകൊണ്ട് വെള്ളിയാഴ്ച ദിവസം പ്രസംഗിച്ചി രുന്നത്. തീരുമാനമെടുക്കേണ്ട വല്ല പ്രശ്നങ്ങളുണ്ടെങ്കിൽ അതൊക്കെ ചർച്ച ചെയ്തു തീരുമാനമെടുത്ത ശേഷം അതു നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്കു നിർദ്ദേശവും നൽകി അന്നത്തെ ഖുത്തുബ(പ്രസംഗം) അവ സാനിപ്പിക്കുകയും ചെയ്യും. ഇതായിരുന്നു നബിയുടെ പതിവ്.

അപ്പോൾ ഖുർആനും , ഹദീസു ഗ്രന്ഥങ്ങളും, നബിയുടെ സത്യമാണെന്നു തോന്നുന്ന ചില ചരിത്ര ശകലങ്ങളും പിന്തുടർന്നു കൊണ്ട് ഖുർആൻ വിശ്വാസികൾക്ക് എല്ലാ ദിവസവും, ജുമുഅ ദിവസം, ഇമാ മിന്റെ ഖുതുബ തുടങ്ങുന്നതിന്റെ മുമ്പായും, അഞ്ചു രീതിയിൽ പ്രാർത്ഥിക്കാം. ആ പ്രാർത്ഥനാ രീതികൾ

താഴെ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

1. അല്ലാഹുവിനെ എപ്പോഴും മനസ്സിൽ ഓർത്തുകൊണ്ട്- ഈശ്വരനെ എപ്പോഴും മനസ്സിൽ ധ്യാനിച്ചുകൊണ്ട്, "സുബ്ഹാനല്ലാ'...!(ദൈവം എത്ര പരിശുദ്ധൻ). "അൽഹംദുലില്ലാ'(ദൈവത്തിന് സ്തുതി). എന്നിങ്ങനെയുള്ള മഹത്തായ ഖുർആനിക വചനങ്ങൾ മനസ്സിൽ മന്ത്രിച്ച് കൊണ്ട്, പൈശാചിക ചിന്തകൾ മനസ്സിലേക്ക് കടന്നു വരുമ്പോഴെല്ലാം 'അഊദുബില്ലാ (എന്നെ സ്വാധീനിക്കാൻ ശ്രമിക്കുന്ന (എന്റെ മനസ്സിൽ തന്നെ കുടികൊള്ളുന്ന- എന്റെ മനസ്സിൽ നിന്ന് ആട്ടിയകറ്റി നിർത്തിയിരിക്കുന്ന) ആ പിശാചിൽ നിന്നും നിന്നിൽ ഞാൻ ശരണം തേടുന്നു" എന്നു പറഞ്ഞുകൊണ്ട് ഇരുപത്തിനാല് മണിക്കൂറും കർമ്മോത്സുകനായിക്കൊണ്ട്-ഖുർആനിക നിയമങ്ങൾ കണിശമായും നമ്മുടെ കുടുംബത്തിലും സമൂഹത്തിലും നടപ്പിലാക്കാൻ വേണ്ടി പ്രയത്നിക്കുക. ജീവിതത്തെ ഒരു പ്രാർത്ഥനാ നിർഭരമായ കർമ്മഭൂമികയാക്കുക. ഇതുവളരെ അപൂർവ്വം വ്യക്തികൾക്കേ കഴിയൂ.{(2/62) (3:135) (5:68) (16:97) (40:40) (57:18) (3:195)}

2. "ചേകന്നൂർ മൗലവി നമസ്ക്കാരം എങ്ങിനെ; എത്ര? എപ്പോൾ?'. എന്ന ഗ്രന്ഥത്തിൽ നമുക്ക് വരച്ചു കാട്ടിയതിൽ - ആ തിരക്കിനിടയിൽ അദ്ദേഹം പറയാൻ വിട്ടുപോയ ഒന്നുരണ്ട് കാര്യങ്ങൾ കൂടി കൂട്ടി ചേർത്തുകൊണ്ട്-അതു മനസ്സിലാക്കിക്കൊണ്ട് പ്രാർത്ഥിക്കുക. അതായത് മുസ്ലീംകൾ അവരുടെ എല്ലാ കർമ്മങ്ങളും ആരംഭിക്കുന്നത് ബിസ്മി ചൊല്ലിക്കൊണ്ടാണല്ലോ. അപ്പോൾ മുസ്ലീംകളായ നാം നമ്മുടെ ഏറ്റവും മുന്തിയ ഒരു ആരാധനയായി കരുതുന്ന നമസ്ക്കാരവും ബിസ്മി കൊണ്ടാണ് ആരംഭിക്കേണ്ടത് എന്ന കാര്യത്തിൽ ഒരൊറ്റ മുസ്ലീമിനും തർക്കിക്കാൻ അവകാശമില്ല. അതുകൊണ്ട് ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നു ചൊല്ലിയതിനു ശേഷം തക്ബീർ ചൊല്ലിക്കൊണ്ട് നമസ്ക്കാരത്തിൽ പ്രവേശിക്കുക("അല്ലാഹു അക്ബർ'. എന്ന പദം ഖുർആനിൽ ഇല്ലെങ്കിലും, ആ അറബി പദം 'ആമീൻ' എന്ന പ്രാർത്ഥന പോലെ അത്ര കുഴപ്പമുള്ളതല്ല, എന്ന് പിന്നീട് സമർത്ഥിക്കുന്നുണ്ട് അല്ലാഹു അക്ബർ തെറ്റും ശരിയും' എന്ന അധ്യായം വായിക്കുക) . പിന്നീട് ചേകന്നൂർ മൗലവി അദ്ദേഹത്തിന്റെ 'ഖുർആനിലെ നമസ്ക്കാര രൂപം' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയതുപോലെ, താൽപ്പര്യമുള്ളവർക്ക് നമസ്ക്കരിക്കാം. 'അഹ്ലുസ്സുന്നത്തുവൽജമാഅത്ത്'എന്ന മതത്തിൽ അടിയുറച്ചു വിശ്വസിക്കുന്നവർക്കു ചേകന്നൂർ മൗലവിയുടെ ചിന്തയിലൂടെയല്ലാതെ ഖുർആനിലേക്ക് എത്താൻ പറ്റില്ല എന്നത് ഒരു സത്യമാണ്. ചേകന്നൂർ മൗലവി ഖുർആനിൽ നിന്നു-സുന്നി തഫ്സീറിൽ നിന്ന്- അത്തരം ഒരു നമസ്ക്കാരം നിർദ്ധാരണം ചെയ്തു എടുത്തില്ലായിരുന്നുവെങ്കിൽ ഈയുള്ളവനും ഒരു കാലത്തും ഒരു ഖുർആൻ വിശ്വാസിയാവുമായിരുന്നില്ല. അതുകൊണ്ടാണ് ഈയുള്ളവൻ ഈ കുറിപ്പെഴുതാൻ കാരണം.

3. 'അല്ലാഹു അക്ബർ' എന്ന പദം ഖുർആനിൽ ഇല്ലാത്തതുകൊണ്ട് ആ വചനം പറയാതെ നിന്നും, റുക്കുഉം, സുജൂദും ചെയ്തു അറബി ഭാഷയിൽ പ്രാർത്ഥിക്കണമെന്ന് ആഗ്രഹമുള്ളവർക്ക് അതിന്റെ അർത്ഥം മനസ്സിലാക്കി, ആ രീതിയിലും പ്രാർത്ഥിക്കാം.

ബിസ്മി കൊണ്ടാരംഭിച്ചു-ഫാത്തിഹ ഓതി, പിന്നീട് സുബ്ഹാനല്ലാ..... എന്ന തസ്ബീഹു ചൊല്ലി, റുക്കഉം, സുജൂദും ചെയ്യുക. റുക്കൂഇലും സുജൂദിലുമൊക്കെ തസ്ബീഹു തന്നെ ഓന്നോ, രണ്ടോ തവണ ആവർത്തിച്ചു അതിനുശേഷം ഇരുന്നു തസ്ബീഹു ചൊല്ലിക്കൊണ്ടുതന്നെ നമസ്ക്കാരത്തിൽ നിന്ന് (പ്രാർത്ഥനയിൽ നിന്ന്) വിരമിക്കാം.

4. ബിസ്മിയും, ഫാത്തിഹയും, ചൊല്ലിയതിനുശേഷം "സുബ്ഹാനല്ലാ,-വൽഹംദുലില്ലാ-ലാഇലാഹ ഇല്ലാഹു"- പ്രപഞ്ചനാഥനായ ദൈവം (അല്ലാഹു) സത്യനിഷേധികളുടെയും, പാമരൻമാരുടെയുമൊക്കെ എല്ലാതരത്തിലുമുള്ള ആരോപണങ്ങളിൽ നിന്നും, സങ്കൽപ്പങ്ങളിൽ നിന്നും) പരിശുദ്ധനാകുന്നു. നാം ആസ്വദിച്ചുകൊണ്ടിരിക്കുന്ന എല്ലാ വിധ അനുഗ്രഹങ്ങളുടെയും നന്ദി സാക്ഷാൽ അല്ലാഹുവിന്ന് അർഹതപ്പെട്ടതാകുന്നു. 'അവനല്ലാതെ മറ്റൊരു ദൈവവുമില്ല' (എന്നു ഞാനിതാ വിനീതനായി പ്രഖ്യാപിക്കുന്നു.)

റബ്ബനാ-ആത്തിനാ-ഫിദ്ദുൻയാ-ഹസനാ-വഫിൽ ആഖിറത്തി ഹസനത്തൻ- വഖിനാ അദാബന്നാർ- (ഞങ്ങളെയും, ഈ പ്രപഞ്ചത്തെയും പടിപടിയായി വളർത്തിക്കൊണ്ടുവരുന്നവനായ, പ്രപഞ്ചനാഥനായ) ദൈവമേ, ഞങ്ങൾക്ക് നീ ഈ ജീവിതത്തിലും, വരാൻപോകുന്ന ജീവിതത്തിലും, (പരലോകത്തിലും) നന്മയും (അഭിവൃദ്ധിയും) കൈവരുത്തേണമേ. നിന്റെ കഠിനമായ ശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാക്കുകയും ചെയ്യേണമേ! എന്നിങ്ങനെയുള്ള വിശുദ്ധ ഖുർആനിലെ തിരഞ്ഞെടുത്ത മനോഹരമായ പ്രാർത്ഥനാ വചനങ്ങൾ പറഞ്ഞു കൊണ്ട്, ഒന്നോ-രണ്ടോ മിനിറ്റു പ്രാർത്ഥിക്കാവുന്നതാണ്.

## 5. ജുമുഅ ഖുതുബക്കു മുമ്പായുള്ള പ്രാർത്ഥനയും പ്രതിജ്ഞയും

മുമ്പു വിവരിച്ചതുപോലെ മനുഷ്യർക്കു ജീവൻ നൽകുന്ന മഹത്തായ ഒരു വേദപഠനത്തിന്റെ - ഖുർ ആൻ പഠനത്തിന്റെ-സമാരംഭമാണല്ലോ വെള്ളിയാഴ്ച ദിവസം നടക്കുന്നത്. പ്രസംഗം കേൾക്കാൻ വരുന്ന എല്ലാ മുസ്‌ലിംകളും ആ വേദഗ്രന്ഥത്തോടുള്ള ആദരസൂചകമായി- അല്ലാഹുവിനോടുള്ള നന്ദി സൂചകമായി- എഴുന്നേറ്റു നിൽക്കുക. ഇമാം ഫാത്തിഹ ഓതുമ്പോൾ അതു അച്ചടക്കത്തോടെ ശ്രദ്ധിച്ചു കേൾക്കുക.

ഫാത്തിഹ ഓതിക്കഴിഞ്ഞാൽ, 'വജ്ജുഹ്തു' എന്നു തുടങ്ങുന്ന പ്രതിജ്ഞയും 'സുബ്ഹാനറബ്ബി' എന്നു തുടങ്ങുന്ന തസ്ബീഹും ചൊല്ലിയശേഷം അച്ചടക്കത്തോടുകൂടി ഇമാമിന്റെ ഖുർആൻ പ്രഭാഷണവും, പ്രാദേശിക പ്രശ്നങ്ങളും, ചർച്ചയുമൊക്കെയായി, ഇമാമിന്റെ പ്രഭാഷണം അവസാനിക്കുന്നതുവരെ സദസ്സിൽ ഇരിക്കുക.

ചേകന്നൂർ മൗലവി ആദ്യമായി ഒരു പുത്തൻ നമസ്കാരരൂപം നമുക്കു പറഞ്ഞു തന്നപ്പോൾ, അതു ഉൾക്കൊള്ളാനും, ആചരിക്കാനും നമുക്ക് അല്പം പ്രയാസമുണ്ടായിരുന്നു. പിന്നീട് നമുക്കതു ശീലമായി. അതുപോലെ ഈ പുതിയ പ്രാർത്ഥനയും, പ്രതിജ്ഞയുമൊക്കെ തുടക്കത്തിൽ അല്പം പ്രയാസകരമായി തോന്നാം. എന്നാൽ ക്രമേണ അതും ഒരു ശീലമായിക്കൊള്ളും. ഏതായാലും അബൂഹുറയ്റയുടെയും, മുആവിയയുടെയും ആ 'കുരങ്ങൻ പ്രാർത്ഥന'യേക്കാൾ എത്രയോ മഹത്തരവും ഉദാത്തവുമാണ് നമ്മുടെ ഫാത്തിഹയും, 'വജ്ജുഹ്ത്തുവും' തസ്ബീഹും അടങ്ങുന്ന ഈ തരം പ്രാർഥനകൾ

നമ്മുടെ പ്രാർത്ഥനയിൽ സ്ഥിരം വരുന്ന ഭാഗങ്ങളാണ് ഫാത്തിഹയും 'വജ്ജഹ്ത്തു' എന്ന പ്രതിജ്ഞയും, 'തസ്ബീഹും' എന്നതുകൊണ്ട്, ആ മൂന്നിന്റെയും അർത്ഥവും ആശയവും നാം പഠിച്ചിരിക്കൽ അത്യന്താപേക്ഷിതമാണ്.

# അൽഫാത്തിഹ - (പ്രാരംഭം)

## അർത്ഥവും ആശയവും

| | | |
|---|---|---|
| 1. ബിസ്മി-ല്ലാഹി-ർറഹ് മാനിർഹീം | : | 1) അത്യുദാരനും കരണാനിധിയുമായ, അല്ലാഹുവിന്റെ അടയാള്മായിക്കൊണ്ട് (ഞാനീ ഖുർആൻ പാരായണം ആരംഭിക്കുന്നു.<br>(അഥവാ അളവറ്റദയാപരനും കരുണാനിധിയുമായ പ്രപഞ്ചനാഥന്റെ പ്രതീകമായിക്കൊണ്ട്, ഞാനീ വേദ പാരായണവും വേദപഠനവും, അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും ആരംഭിക്കുന്നു.)<br>'ബിസ്മില്ലാഹ്'ീ എന്നതിന് 'ദിക്റുല്ലാഹി', കിതാബുല്ലാഹി(അല്ലാഹുവിന്റെ ഗ്രന്ഥം) എന്നും അർത്ഥമുണ്ട്. 'ദൈവത്തിന്റെ മന്ദഹാസം' എന്നും അർത്ഥമുണ്ട്.) (27:30) (11:41)<br>**ബസമ എന്നതിന് പുഞ്ചിരിക്കുക എന്നും ഒരർത്ഥമുണ്ട്. അളവറ്റ ദയാപരനും കരുണാനിധിയുമായ ദൈവം ഒരു പുഞ്ചിരിയോടുകൂടി ലോകത്തിനു സമ്മാനിച്ച ഗ്രന്ഥം എന്നും ഇതിനെ വ്യാഖ്യാനിക്കാവുന്നതാണ്.** |
| 2) അൽ -ഹംദു-ലില്ലാഹി റബ്ബിൽ- ആലമീൻ | : | 2) സർവ്വലോകരക്ഷിതാവായ അല്ലാഹുവിന്നർഹതപ്പെട്ടതാകുന്നു സർവ്വസ്തുതിയും. |
| 3) അർറഹ് മാനി-ർറഹീം<br>4) മലിക്കി-യൗമിദ്ദീൻ | : | 3) അളവറ്റ ദയാപരനും, കരുണാനിധിയും, പ്രതി<br>4) ഫല നാളിന്റെ (ഒരെയൊരു) ഉടമസ്ഥനുമായ (അല്ലാഹുവിന്ന്) |

5) ഇയ്യാക്ക-നഅ്ബുദു-
വ-ഇയ്യാക്ക-നസ് തഈൻ : 5) (അങ്ങിനെയുള്ള ആ മഹാശക്തിയായ (പ്രപഞ്ചനാഥനായ) നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോടുമാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു.

6) ഇഹ്ദിന-സ്സിറാത്തൽ-മുസ്തഖിം : 6) ഞങ്ങൾക്ക് നീ നേരായ മാർഗ്ഗം കാണിച്ചു തരേണമേ.

7) സിറാത്തല്ലദീന-അൻഅംത്ത അലൈഹിം-
ഗൈരിൽ-മഅ്ളൂബി അലൈഹിം-വലള്ളാല്ലീൻ: 7) (സ്വയം) വഴി പിഴച്ചു പോകുകയും, (അങ്ങനെ) നിന്റെ കോപത്തിന് ഇരയാവുകയും ചെയ്ത ആ സത്യനിഷേധികളുടേതല്ലാത്ത)- നിന്റെ അനുഗ്രഹത്തിന് പാത്രീഭവിച്ച ആ സജ്ജനങ്ങളുടെ മാർഗ്ഗം-നിന്റെ നേരായമാർഗ്ഗം- (ഞങ്ങൾക്കു നീ കാണിച്ചുതരേണമേ)

(ജീവിതയാത്രയിൽ ഞങ്ങൾ അഭിമുഖീകരിക്കാൻ പോകന്ന എല്ലാ പ്രശ്നങ്ങളിലും, പ്രയാസങ്ങളിലും, പ്രതിസന്ധികളിലും, വിശുദ്ധ ഖുർആനിന്റെതായ ഒരു പരിഹാരമാർഗ്ഗം നീ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ (6:152 155) എന്നു സാരം)

## 'വജ്ജഹ്ത്തു'- എന്നു തുടങ്ങുന്ന പ്രതിജ്ഞയുടെ അർത്ഥവും വ്യാഖ്യാനവും. (6:161–162)

1) വജ്ജഹ്ത്തു-വജ്ഹി-ലില്ലദീ -
ഫത്വറസ്സമാവാത്തി- വൽഅർ ള- - 1) ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ആ പ്രപഞ്ചനാഥനിലേക്ക് - അല്ലാഹുവിലേക്ക്- ഞാനിതാ എന്റെ മുഖംതിരിക്കുന്നു (സർവ്വശക്തനായ അല്ലാഹുവിലേക്ക് ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു.

2) ഹനീഫൻ - മുസ്ലിമൻ - 2) ഋജുമാനസനായിക്കൊണ്ട്-ദൈവത്തിന് കീഴ്പ്പെട്ടവനായിക്കൊണ്ട് (അഥവാ എല്ലാവർക്കും സമാധാനം നല്കുന്നവനായിക്കൊണ്ട്)

3) വമാഅന മിനൽ - മുശ്രിക്കീൻ - 3) ഞാൻ ബഹു ദൈവാരാധകരിൽപ്പെട്ടവനല്ല (എന്ന് ഇബ്രാഹിം നബിയെപ്പോലെ ഞാനിതാ നിന്നെ സാക്ഷിയാക്കി പ്രത്ജ്ഞ ചെയ്യുന്നു.)

4) ഇന്ന - സ്വലാത്തീ- വനുസുകീ - 4) എന്റെ ഈ വേദാദ്ധ്യായനങ്ങളും (അതിന്റെ സംസ്ഥാപനവും), എന്റെ മറ്റ് ആത്മസമർപ്പണങ്ങളും, (കർമ്മപദ്ധതികളും)

5) വ-മഹ് യായ - 5) എന്റെ ജീവിതവും,

6) വ മ മാത്തീ - 6) എന്റെ മരണവും

7) ലില്ലാഹി - റബ്ബിൽ ആലമീൻ - 7) സർവ്വലോകരക്ഷിതാവായ പ്രപഞ്ചനാഥന്ന് വേണ്ടി മാത്രമാകുന്നു

8) ലാ ശരീക്കലഹു - 8) അവന് യാതൊരുപങ്കുകാരനുമില്ല.

9) വ-ബിദാലിക്ക
-ഉമിർത്തു - 9) അത് പ്രഖ്യാപിക്കാനാണ് ഞാൻ ദൈവത്താൽ കൽപ്പിക്കപ്പെട്ടിട്ടുള്ളത്.

10) വ-അന അവ്വലുൽ -മുസ്ലിമീൻ - (അതിനാൽ) ദൈവത്തിന് കീഴ്പ്പെട്ടവരിൽ (ലോകർക്ക് സമാധാനം പ്രദാനം ചെയ്യുന്നവരിൽ) ഒന്നാമനാണ് ഞാനെന്ന് ഞാനിതാ പ്രഖ്യാപിക്കുന്നു.

## ‘സുബ്ഹാനല്ലാ....’ എന്ന മഹത്തായ തസ്ബീഹിന്റെ വിശാലമായ അർത്ഥവും ആശയവും,

സുബ്ഹാന റബ്ബി - റബ്ബിൽ ഇസ്സത്തി - അ മ്മാ -യ സിഫൂൻ. വ സാലമുൻ-അലൽ മുർസലീൻ - വൽ-ഹം ദുലില്ലാഹി-റബ്ബിൽ ആലമീൻ.

സുബ്ഹാനറബ്ബി-റബ്ബിൽ ഇസ്സത്തി -
അമ്മായിസിഫൂൻ : സർവ്വപ്രതാപങ്ങളുടെയും അവകാശിയായ സാക്ഷാൽ പ്രപഞ്ചനാഥൻ (അല്ലാഹു) അവരുടെ എല്ലാ ആരോപണങ്ങളിൽ നിന്നും മുക്തനാണെന്ന് ഞാനിതാ പ്രഖ്യാപിക്കുന്നു. (അ ഥവാ, ദൈവം പിതാവാണ്, ദൈവം പുത്രനാണ്, ദൈവം കല്ലിലും, ചുമരിലുമൊക്കെ തീർത്ത ബിംബങ്ങളും ശിൽപ്പങ്ങളുമാണ്, ദൈവം, സൂര്യനാണ്, ദൈവം ചന്ദ്രനാണ്, ദൈവം അഗ്നിയാണ് എന്നിങ്ങനെയുള്ള സത്യ നിഷേധികളുടെ അപക്വവും, അബദ്ധ ജഡിലവുമായ എല്ലാ ആരോപണങ്ങളിൽ നിന്നും പ്രപഞ്ചനാഥനായ ദൈവം പരിശുദ്ധനാണെന്നു ഞാൻ പ്രഖ്യാപിക്കുന്നു. അല്ലാഹു എന്നത്- ഈശ്വരൻ എന്നത്, എന്നിലും, ഈ പ്രപഞ്ചത്തിലും, അനന്തമായ ഈ ആകാശഭൂമികളിലെ സർവ്വചരാചരങ്ങളിലും എപ്പോഴും നിറഞ്ഞുനിൽക്കുന്ന ഒരു മഹത്തായ പ്രതിഭാസമാണ്. അങ്ങിനെയുള്ള ആ മഹാശക്തിയുടെ-ആ അല്ലാഹുവിന്റെ ഒരംശവും പ്രതിനിധിയുമാണ് ഞാൻ (2:30, 38:26) എന്ന സത്യം ഞാൻ എപ്പോഴും ഓർത്തുകൊണ്ടിരിക്കുന്നു. അങ്ങിനെ യുള്ള ദൈവത്തിന്റെ ഒരു വിനീത ദാസനായ ഞാൻ ദൈവധിക്കാരം കാണിച്ചുകൊണ്ട്-അല്ലാഹുവിൽ നിന്ന് ഒരിക്കലും അടർത്തി മാറ്റാൻ പറ്റാത്ത-എപ്പോഴുംഅല്ലാഹുവിനോടു ചേർന്നു നിൽക്കുന്ന ഒരു പ്രതിഭാസ മാണ് ഞാൻ എന്ന ആ മഹത്തായ സത്യം മറുന്നുകൊണ്ട്- ഒരിക്കലും ദൈവത്തിനു സമൻമാരെയോ, പങ്കു കാരനായോ ഉണ്ടാക്കുകയില്ല (എന്ന കാര്യം ഞാനിതാ പ്രഖ്യാപിക്കുന്നു.)

വ-സലാമുൻ - അലൽ മുർസലീൻ = ഭൂമിയിൽ വന്നുപോയ എല്ലാ ദൈവദൂതൻമാർക്കും എന്റെ അഭി വാദ്യം. അഥവാ സത്യസന്ദേശവുമായി വന്ന അല്ലാഹുവിന്റെ ആ ദൈവദൂതൻമാരെല്ലാം, എനിക്ക് ഒരു പോലെയാണ്. (2:136) (2:285) അഥവാ ആ ദൈവദൂതൻമാർക്കിടയിൽ ( ആ ദൈവദൂതൻമാരുടെ അനുയായി കൾക്കിടയിൽ) യാതൊരുവിവേചനവും ഞാൻ കാണിക്കുന്നില്ല. അവരെല്ലാം (ആ ദൈവദൂതൻമാരുടെ അനു യായികളെല്ലാം) എനിക്കു ഒരുപോലയാണ്. അതുകൊണ്ട് ആ അനുയായികൾക്ക്, (മാനവരാശിക്ക്) എന്റെ അഭിവാദ്യം.

അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ = സർവ്വലോകരക്ഷിതാവായ അല്ലാഹുവിന്നർഹതപ്പെട്ടതാകുന്നു. എല്ലാ സ്തുതിയും അതായത് ഒരു മനുഷ്യൻ എന്ന നിലയ്ക്ക് നാം ഇന്ന് ആസ്വദിച്ചു കൊണ്ടിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളും നമുക്കൊരുക്കിത്തന്നത് സാക്ഷാൽ പ്രപഞ്ചനാഥനായ ദൈവം മാത്രമാണ്. അല്ലാതെ സത്യനിഷേധികൾ വിളിച്ചു പ്രാർത്ഥിക്കുന്ന ഈ ദുർമൂർത്തികൾക്ക് ഈ അനുഗ്രഹങ്ങൾ ഒരുക്കിത്തന്നതിൽ യാതൊരു പങ്കുമില്ല.

നമുക്കു കാണാൻ കണ്ണുകൾ നൽകിയതും, കേൾക്കാൻ കാതുകൾ നൽകിയതും, സംസാരശേഷി നൽകിയതും, സത്യവും അസത്യവും വിവേചിച്ചറിയാൻ പാകത്തിൽ നമുക്കു ബുദ്ധിശക്തി നൽകിയതും, മറ്റു ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി വായിക്കാനും, അറിവുനേടാനം, ഭൗതികവും, ആത്മീയവുമായ ആ അറിവിനെ വഹിക്കാനുമുള്ള കഴിവു നൽകിയതും, നമുക്കുവേണ്ടി ആകാശത്തുനിന്ന് മഴവർഷിപ്പിക്കുന്നതും, നമുക്ക്വേണ്ട ആഹാരസാധനങ്ങളും, സംശുദ്ധമായ അന്ന പാനീയങ്ങളും നൽകിയതും-നമുക്കു ജീവ വായു നൽകിയതും, സാക്ഷാൽ ദൈവം മാത്രമാകുന്നു. അങ്ങിനെ സ്വന്തം ശരീരത്തിലും ചുറ്റുപാടിലുമായി- ആകാശത്തും ഭൂമിയിലുമായി - ഒരുപാടൊരുപാടനുഗ്രഹങ്ങൾ നമുക്കു സമ്മാനിച്ച ആ മഹാശക്തിക്ക്- ആ അല്ലാഹുവിന്ന്-അർഹതപ്പെട്ടതാകുന്നു നമ്മുടെ എല്ലാ നന്ദിയും കടപ്പാടും, എന്നു ഞാനിതാ പ്രഖ്യാപിക്കു ന്നു.’ തൗഹീദിന്റെ മുഖമുദ്രയും, ശിർക്കിനെതിരെയുള്ള കാവൽമന്ത്രവും, സർവ്വമതസാഹോദര്യത്തിന്റെ വിളംബരവും, നിഷ്കളങ്കമായ ഒരു നന്ദിപ്രകടനവും അടങ്ങുന്ന, മഹത്തായ ഏതാനും പദങ്ങളുടെ സമുച്ഛയ മാണ് ആ മഹത്തായ ‘തസ്ബീഹ്’.

വിശ്വാസികളായ നമ്മുടെ-മുഹമ്മദ് നബിയുടെ അനുയായികളുടെ-മുസ്ലിംകളുടെ-നിലപാടും, സംസ്ക്കാ രവും, ചിന്താഗതിയും, സമീപനവും, വിശുദ്ധഖുർആൻ എന്ന വേദഗ്രന്ഥത്തിന്റെ മുഴുവൻ പൊരുളും, ആവാ ഹിച്ചു നിൽക്കുന്ന മഹത്തായ ഒരു പ്രാർത്ഥനാമന്ത്രമാണ് ‘സുബ്ഹാനല്ലാ’ എന്ന ആ ഒരൊറ്റപദം !

## അദ്ധ്യായം -2

## അല്ലാഹു അക്ബർ -'തെറ്റും' 'ശരി'യും.

'അല്ലാഹു അക്ബർ' എന്ന ഖുർആനിലില്ലാത്ത ഒരു വചനം കൊണ്ട് നമസ്ക്കാരം ആരംഭിക്കുകയും , 'അസ്സലാമു അലൈക്കും' എന്ന തികച്ചും ഖുർആൻ വിരുദ്ധമായ ജൂതശൈലിയിൽ, മൂക്കുകൊണ്ട് കുരിശു വരച്ചു- രണ്ട് പ്രാവശ്യം 'അസ്സലാം' എന്നു പറഞ്ഞുകൊണ്ട്- നമസ്ക്കാരം അവസാനിപ്പിക്കുകയുമാണല്ലോ അബുഹുറയ്റയെ കണ്ണടച്ചു വിശ്വസിക്കുന്ന സുന്നികൾ ചെയ്യുന്നത്. 'തലയും വാലുമില്ലാത്ത' ആ നമസ്ക്കാരത്തിലാവട്ടെ മൊത്തം ഖുർആൻ വിരുദ്ധമായ മുപ്പത്തിരണ്ടോളം അബദ്ധങ്ങളുണ്ട് താനും.

സുന്നികളുടെ അഞ്ചുനേരത്തെ ആ ഖുർആൻ വിരുദ്ധ ജൂതനമസ്ക്കാരം, ഖുർആൻ കൊണ്ട് തകർക്കുകയും പകരം ഖുർആനിൽ കാണപ്പെടുന്ന 'ഫാത്തിഹയും', 'തസ്ബീഹും' ഉൾക്കൊള്ളിച്ചുകൊണ്ട് അറബി ഭാഷയിൽ പ്രാർത്ഥിക്കണം എന്നാഗ്രഹിക്കുന്ന സുന്നികൾക്ക് വേണ്ടി ഒരു നമസ്ക്കാരം വിഭാവനം ചെയ്യുമ്പോൾ, അതിൽ ഖുർആൻ പരിചയപ്പെടുത്താത്ത 'അല്ലാഹു അക്ബർ' എന്തിനു ഉൾപ്പെടുത്തി (എന്തിനു നിലനിർത്തി) എന്നാണ് ചില നിഷ്ക്കളങ്കരായ ഖുർആൻ വിശ്വാസികളുടെ ചോദ്യം. അതിന് ന്യായമായ ഒരു മറുപടിയും ആവശ്യമാണ്.

മൊത്തത്തിൽ ഇസ്ലാം എന്നാൽ 'അഞ്ചുനേരം പള്ളിയിൽ പോയി അറബിഭാഷയിൽ പ്രാർത്ഥിക്കലാണ്' എന്നു വിശ്വസിക്കുന്നവരാണല്ലോ ലോകമുസ്ലീംകൾ ഒന്നടങ്കം. അങ്ങിനെയുള്ള തന്റെ സമകാലികരായ സുന്നിമുജാഹിദ് ജമാഅത്ത് മൗലവിമാർക്കുവേണ്ടി, 'സുന്നിതഫ്സീറിന്റെ' പ്രത്യക്ഷത്തിൽ കുഴപ്പമില്ല എന്നു തോന്നുന്ന ഭാഗം നിലനിർത്തിക്കൊണ്ടാണ് മൗലവി തന്റെ 'ഖുർആനിലെ നമസ്ക്കാരരൂപം' എന്ന ഗ്രന്ഥത്തിന് രൂപം നൽകിയത്.

'അല്ലാഹു മഹാനാണ്'. 'ദൈവം വലിയവനാണ്' (God is great) (അല്ലാഹു കബീർ)എന്ന അർത്ഥത്തിലാണ് എല്ലാ സുന്നികളും ആ വചനം പറയുന്നത്. ((17:111) (74:3) (87:14) അല്ലാതെ ഇന്നുവരെ അവസാനിച്ചിട്ടില്ലാത്ത, ഒരു അളവുകോലെടുത്തു അനന്തകോടി വർഷങ്ങളോളം അളന്നാലും അവസാനം കാണാത്ത ആ മഹാ പ്രതിഭാസത്തെ അവനു തുല്യമായ മറ്റൊന്നില്ലാത്ത കാലത്തോളം എങ്ങിനെ 'അല്ലാഹു അക്ബർ' (ഏറ്റവും വലുത്)എന്നു വിളിക്കും. നീളവും, വീതിയും , തൂക്കവുമൊക്കെയുള്ള- സ്ഥൂല ദേഹത്തോടുകൂടിയ ഒരു പ്രതിഭാസത്തെ- സങ്കൽപ്പിക്കുമ്പോഴാണ് ഇത്തരം പ്രശ്നങ്ങൾ ഒക്കെ കടന്നുവരുന്നത്. കുറെ ആനകൾ ഉണ്ടാകുമ്പോൾ മാത്രമേ അതിൽ നിന്ന് ഏറ്റവും വലിയ ആനയെ തിരഞ്ഞെടുക്കേണ്ടതുള്ളു. അതേപോലെ ഭൂമി എന്ന ഗോളം എണ്ണത്തിൽ കുറെയുണ്ടെങ്കിൽ മാത്രമേ ഏറ്റവും വലിയ ഭൂമിയെ നാം തേടേണ്ടതുള്ളു. അങ്ങിനെ ചിന്തിക്കുമ്പോൾ 'അല്ലാഹു അക്ബർ' എന്ന പദം ഒരു പ്രതിസന്ധിയിൽ തന്നെയാണ്. അതുകൊണ്ടാണ് ഖുർആനിൽ അതു കാണാത്തതും എന്ന് നമുക്ക് ഊഹിക്കാം.

അതേസമയം ഒരു പുതിയ ഒരർത്ഥ സങ്കൽപ്പത്തിലൂടെ 'ദൈവം ഏറ്റവും വലിയ മഹാനാകുന്നു'. എന്ന അർത്ഥത്തിൽ 'അല്ലാഹു അക്ബർ' എന്നു പറയുമ്പോൾ അതിൽ വലിയ കുഴപ്പമില്ല എന്ന ചില സുന്നി -മുജാഹിദ് -ജമാഅത്ത് മൗലവിമാരുടെ വാദത്തിൽ കഴമ്പുണ്ടോ എന്നു നാം പഠിക്കേണ്ടതുണ്ട്. ഖുർആൻ പ്രകാരം ഓരോ മനുഷ്യനും ദൈവത്തിന്റെ പ്രതിനിധിയാണ്. ആദമിലൂടെ ദൈവീക ചൈതന്യം(ദൈവീകഅംശം) നമ്മിൽ ചേർന്നിരിക്കുന്നു., അങ്ങിനെ അല്ലാഹുവിന്റെ അംശവും പ്രതിനിധിയുമാണ് ഓരോ മനുഷ്യനും. (2:30, 38:26, 32:9....15:29, 38:72)) മനുഷ്യനെ ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധി- അല്ലാഹുവിന്റെ ഖലീഫ എന്നാണ് ഖുർആൻ പ്രഖ്യാപിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ മാത്രം പ്രത്യേകതയായ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ ഒരു പരിധി വരെ ഭൂമിയിൽ നടത്താൻ അധികാരംനൽകപ്പെട്ടിട്ടുള്ള- അതിനു കഴിവുള്ള - ഒരേയൊരു സൃഷ്ടി മനുഷ്യൻ മാത്രമാകുന്നു. അല്ലാഹുവിനോട് നേരിട്ട് കാര്യങ്ങൾ പറയാനും, സംവദിക്കാനും തനിക്കു ചുറ്റുമുള്ള ലോകത്തിന്റെ നിയന്ത്രണം ഒരു പരിധി വരെ ഏറ്റെടുക്കാനും കഴിവുള്ള പ്രപഞ്ചത്തിലെ ഇന്നറിയപ്പെടുന്ന ഒരേയൊരു വ്യക്തി മനുഷ്യൻ മാത്രമാകുന്നു. അപ്പോൾ ദൈവത്തെപ്പോലെ കർമ്മങ്ങളിലൂടെ പല അത്ഭുതങ്ങളും കാണിക്കാൻ കഴിവുള്ള- ഒരുപാട് സാധ്യതകളുള്ള- വ്യക്തിത്വമാണ് ഓരോ മനുഷ്യന്റേതും. ഈ സാധ്യതകളെ മറക്കുന്നവരാണ് വിഗ്രഹാരാധകരായും, ബിംബാരാധകരായും മാറുന്നത്. യഥാർത്ഥ ദൈവിശ്വാസം- യഥാർത്ഥ തൗഹീദ്- മനുഷ്യനിലെ എല്ലാ സാധ്യതകളെയും പുറത്ത് കൊണ്ടുവരുന്നു. വിശ്വാസം കൊണ്ട് മലയെപ്പോലും ചലിപ്പിക്കാം(Faith moves mountain) എന്നു പറയാൻ കാരണമതാണ്. മരിച്ചവർക്ക് ജീവൻ നൽകുന്നതും-'അന്ധനെ കാഴ്ചയുള്ളവനാക്കുന്നതും', 'മുടന്തനെ മല കയറ്റുന്നതും' ഒക്കെ ഈ വിശ്വാസമാണ് എന്നറിയുക. ഈ ഭാഗം' തൗഹീദ് എന്നാൽ എന്ത് എന്ന ഭാഗത്ത് നാം വ്യക്തമാക്കിയിട്ടുണ്ട്. താൽപ്പര്യമുള്ളവർ ആ ഭാഗം കൂടി ചേർത്തുവായിക്കുക.

'സൃഷ്ടി-സ്ഥിതി-സംഹാരം- അതു ദൈവത്തിന്റെ മാത്രം കുത്തകയാണ്...!! ആ ദൈവത്തിന്റെ - ആ അല്ലാഹുവിന്റെ അംശവും പ്രതിനിധിയുമാണ് ഓരോ മനുഷ്യനും!. ദൈവത്തിന്റെ കർമ്മങ്ങൾ 'സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ' ഒരു പരിധിവരെ ഭൂമിയിൽ ചെയ്യാൻ, ദൈവം നിയോഗിച്ചവൻ...!! (2:30, 38:26, 32:9....15:29, 38:72). താൻ ഒരു 'ദൈവിക പ്രതിനിധി'യാണെന്ന വേദപാഠം മറന്നുകൊണ്ടവൻ തന്നെക്കാൾ എത്രയോ താഴെക്കിടക്കുന്ന കല്ലുകളുടെയും പ്രതിബിംബങ്ങളുടെയും പ്രതിരൂപങ്ങളുടെയും പിറകെപോകുകയോ..? വേദപാഠമനുസരിച്ച് ഈ പ്രപഞ്ചത്തിൽ, ദൈവത്തിന്റെ തൊട്ടടുത്ത സ്ഥാനമാണ്, ദൈവത്തിന്റെ പ്രതിനിധിയായ മനുഷ്യന്നുള്ളത്. ദൈവമൊഴികെ-അല്ലാഹുമൊഴികെ- ബാക്കിയുള്ളതെല്ലാം അവന്നുസുജൂദു ചെയ്യണം - കീഴടങ്ങണം - അഥവാ അവൻ കീഴടക്കണം. യജമാനൻ തന്റെ ഓരോ ആവശ്യങ്ങൾക്കും വേണ്ടി തന്റെ വേലക്കാരന്റെ കാലുപിടിച്ചുകരയുകയോ ? (7:140-144). ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം പോലെ, ബിംബാരാധനയിൽ ഗുണത്തെക്കാളേറെ ദോഷമുണ്ടെന്നും ഖുർആൻ പഠിപ്പിക്കുന്നു. (22 : 12,13) (7:140) (7:144) (36:60,61) (36:70-75) (37:22-25) (37: 83-96) (39:38-43) (37:125) (41:37) (43:45) (46:4-6) (50:25-28) (51:51)

അവന്റെ 'കണ്ഠനാഡി'യിൽ നിന്നു തുടങ്ങി അനന്തമായ ഈ പ്രപഞ്ചത്തിന്റെ അതിരുകളും കടന്ന് അവസാനമില്ലാതെ നിൽക്കുന്ന ആ ദൈവത്തെ മറന്നുകൊണ്ട് അവൻ ബിംബങ്ങൾക്കും വിഗ്രഹങ്ങൾക്കും മുമ്പിൽ ഓച്ഛാനിച്ചു നിൽക്കുകയോ...? പ്രതീകങ്ങളായും, പ്രതിരൂപങ്ങളായും, നിങ്ങൾ വളരെ ലാഘവത്തോടെ എടുക്കുന്ന ആ ബിംബാരാധനയുണ്ടല്ലോ: അത് യഥാർത്ഥത്തിൽ ദൈവത്തിൽ നിന്ന് - ദൈവം എന്ന ആ മഹാസത്യത്തിൽ നിന്ന് - വളരെ വിദൂരവും വിപരീതവുമായ ഒരു ദിശയിലേക്കാണ് നിങ്ങളെ നയിക്കുന്നത് എന്ന് നിങ്ങൾ തിരിച്ചറിയുക...!! ഓരോ മനുഷ്യനും അല്ലാഹുവിന്റെ അംശവും പ്രതിനിധിയുമാണ് എന്ന പാഠം വിസ്മരിക്കാൻ അതു കാരണമാകുന്നു...!! മനുഷ്യൻ സ്വയം മറന്നുപോവാൻ അതുകാരണമാകുന്നു...!! (59:19). പലവിധചൂഷണങ്ങളിലേക്കും, അധോഗതിയിലേക്കും വിഗ്രഹാരാധന പാമരൻമാരെ അവരറിയാതെ കൊണ്ടുപോകുന്നു. ദൈവം എന്ന ആ മഹാശക്തിയെ - അല്ലാഹു എന്ന ആ മഹാപ്രതിഭാസത്തെ - മനസ്സിലാക്കാൻ കഴിയാത്ത ഏതോ ഒരു ഒന്നാം ക്ലാസ്സിലെ വിദ്യാർത്ഥിക്ക് സമർത്ഥനായ ഒരു ഗുരുനാഥൻ ചരിത്രാതീതകാലത്ത് പഠിപ്പിച്ച ഒരു പാഠമാണ് വിഗ്രഹാരാധന...!! ആ കുട്ടി വളർന്നുവലുതാവുമ്പോൾ സ്വാഭാവികമായും അവന്റെ ചിന്തയും ബുദ്ധിയും വളരുമെന്നും ദൈവം എന്ന ആ മഹാപ്രതിഭാസത്തെ സ്വന്തം ചിന്തയിലൂടെ അവൻ കണ്ടെത്തുമെന്നും ആ ഗുരുനാഥൻ പ്രതീക്ഷിച്ചു...!! ചിന്തക്കു വളരെയധികം പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാണ് വിശുദ്ധഖുർആൻ. എത്രത്തോളമെന്നാൽ സ്വയം ചിന്തിക്കാത്തവന്ന് ഇസ്ലാമിൽ സ്ഥാനമേയില്ല. 'തീർച്ചയായും ജന്തുക്കളുടെ കൂട്ടത്തിൽ അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും മോശമായവർ ചിന്തിച്ചു മനസ്സിലാക്കാത്ത ഊമകളും ബധിരൻമാരുമാകുന്നു...' [(8:22) (7:178) (7:36) (50:37) (62:5) (13:19) (67:10) (25:73) (47:24) (38:29) (25:44) (10:100)] കേവലം ഒരു മൺതരിയിൽ തുടങ്ങി- കേവലം - ദൈവമേ, ഈശ്വരാ, അല്ലാഹുവേ.. എന്നിങ്ങനെയുള്ള അപരിചിതമായ ശബ്ദത്തിലുള്ള ഒരു വിളിയിൽ തുടങ്ങി, ആകാശഭൂമികളുടെ അതിരുകൾക്കപ്പുറത്തും നിറഞ്ഞു അനന്തമായി നിൽക്കുന്ന ദൈവത്തിലേക്കുള്ള - ഒരിക്കലും അവസാനിക്കാത്ത അല്ലാഹുവിലേക്കുള്ള - പ്രയാണമാണ് വിശേഷബുദ്ധിയുള്ള ഓരോ മനുഷ്യന്റെയും ജീവിതം എന്നറിയുക...!! വിഗ്രഹാരാധന ബുദ്ധിപരമായ മനുഷ്യന്റെ ഏറ്റവും അപക്വവും പ്രാചീനവുമായ അവസ്ഥയാണെങ്കിൽ 'ഏകദൈവവിശ്വാസം - (തൗഹീദ്) - (എല്ലാവർക്കും ഒരു ദൈവം മാത്രമെയുള്ളൂ - നാം ഒന്ന് ഈ പ്രപഞ്ചത്തിന്നു ദൈവം ഒന്നു മാത്രം എന്ന ആശയം (104) ലോകാഃസമസ്താസുഖിനോ ഭവന്തു- എന്ന ആശയം ബുദ്ധിപരമായ ഉയർച്ചയുടെ അത്യുന്നതിയെ പ്രതിനിധാനം ചെയ്യുന്നു...!!

ലാത്തയും, ഉസ്സയും, മനാത്തയുമൊക്കെ(മക്കയിലെ പുരാതന വിഗ്രഹങ്ങൾ) 'ഏറ്റവും വലിയ ദൈവമായ അല്ലാഹു'വിലേക്ക് നമ്മെ അടുപ്പിക്കും എന്ന് മക്കയിലെ ചില ബഹുദൈവാരാധകരായ ജനങ്ങൾ വിശ്വസിച്ചിരുന്നു, വാദിച്ചിരുന്നു. (10:18) എന്നാൽ ആ കരിങ്കൽ പ്രതിമകളെക്കാൾ ശക്തനായ ഒരു കൊച്ചു ദൈവം- ഒരു കൊച്ചു അല്ലാഹു- തന്റെയുള്ളിൽ തന്നെ ഉറങ്ങിക്കിടപ്പുണ്ട് എന്ന യാഥാർത്ഥ്യം, മറന്നുകൊണ്ട്, ആ ബിംബങ്ങളുടെ പിറകേ പോയി അനാവശ്യമായി സമയനഷ്ടവും, ശാരീരകനഷ്ടവും, സാമ്പത്തിക നഷ്ടവുമുണ്ടാക്കുന്ന, പാമര മനുഷ്യരുടെ പാപ്പരത്തത്തെയും, ഖുറൈശികളുടെ ആ പൗരോഹിത്യ ചൂഷണത്തെയുമാണ് നബിയും, ഖുർആനും എതിർത്തത്.

ഇക്കാലമത്രയും 'റൂഹ്'എന്നാൽ ജീവനാണെന്ന് (നഫ്സ് = ആത്മാവ്) തെറ്റിദ്ധരിച്ചിരിക്കയായിരുന്നു നാം. എന്നാൽ ആദമിന്ന് അല്ലാഹു നൽകിയത് ഈ റൂഹ് (ഖുർആൻ) ആയിരുന്നു. 'ആലമുൽഅർവാഹ്' (ആത്മാക്കളുടെ ലോകം) എന്ന് ഖുർആനിൽ എവിടെയുമില്ല. മനുഷ്യനെ മനുഷ്യനാക്കുന്ന - മനുഷ്യർക്ക് ആത്മീയ ചൈതന്യം നൽകുന്ന - ദൈവീകസന്ദേശങ്ങളുടെ സമാഹാരമാണ് റൂഹ് (ഖുർആൻ)

ആകാശവും, ഭൂമിയും, അതുൾക്കൊള്ളുന്നതിന്റെയെല്ലാം പ്രാതിനിധ്യം ഉൾക്കൊള്ളുന്ന ഒരു കൊച്ചു പ്രപഞ്ചമാണ് -ഒരു mini universe -ആണ് ഓരോ മനുഷ്യശരീരവും. നമ്മുടെ ശരീരം ഒരു കൊച്ചു പ്രപഞ്ചമാണെന്ന് സാരം. ആകാശവും ഭൂമിയും ഉൾക്കൊള്ളുന്ന ഈ പ്രപഞ്ചം ഉണ്ടാക്കപ്പെട്ട പദാർത്ഥത്തെ(matter) നശിപ്പിക്കാൻ ഒരു ശക്തിക്കും ഒരു കാലത്തും സാധ്യമല്ല. ഖരമായോ, ദ്രാവകമായോ, വാതകമായോ, പ്ലാസ്മാ രൂപത്തിലോ, നമുക്കു ഈ പ്രപഞ്ചത്തിലെ എല്ലാം മാറ്റിമറിക്കാം. പക്ഷെ ഒന്നും എന്നെന്നേക്കുമായി ഇല്ലാതാക്കാൻ പറ്റില്ല. ശൂന്യതയിൽ നിന്ന് അല്ലാഹുവിനെപ്പോലെ ഒന്നും ഉണ്ടാക്കാനും നമുക്കു കഴിയില്ല. ഇല്ലാതാക്കാനും കഴിയില്ല. അതുപോലെയാണ് മനുഷ്യശരീരവും. ആ മനുഷ്യശരീരം നമുക്കു ചുട്ടുകരിക്കാം, കുഴിച്ചുമൂടാം, ദ്രാവകമാക്കാം ആവിയാക്കാം, .

ആ ശരീരകോശത്തിലെ DNA യിൽ നിന്നും അടർന്നുപോയ കോഡോണുകളെ (Codon)കളെ വീണ്ടും കൂട്ടിചേർക്കുമ്പോൾ വീണ്ടും അതേ ജീനും (gene) കോശവും(cell ) വീണ്ടും ജന്മമെടുക്കുന്നു. അന്തരീക്ഷത്തിൽ നിന്ന് -നമ്മുടെ ചുറ്റുപാടിൽ നിന്ന് ആ ഓക്സിജനും, ഹൈഡ്രജനും, കാർബണും, നൈട്രജനും, ഫോസ്ഫറസും - തുടങ്ങി നാം നിർമിക്കപ്പെട്ട എല്ലാ മൂലകങ്ങളും ഒരു പ്രത്യേക അനുപാതത്തിൽ തിരിച്ചു കൂട്ടിച്ചേർക്കപ്പെടുമ്പോൾ നാം വീണ്ടും ജന്മമെടുക്കുന്നു. മരണമില്ലാത്ത മനുഷ്യജന്മങ്ങൾ...(2:28) (21:104) (22:64) (30:19–28) 7:24–29) (10:4) (45:14) (85:13) അവനാകുന്നു സൃഷ്ടി ആരംഭിക്കുകയും അതാവർത്തിക്കുകയും ചെയ്യുന്നവൻ...!

എന്റെ ശരീരമാകുന്ന പ്രപഞ്ചത്തിൽ എവിടെയോ 'ഞാൻ' ഉണ്ട്. ആ ഞാൻ എവിടെയാണുള്ളതെന്ന് എനിക്കറിയില്ല. എന്നാൽ എന്റെ ശരീരം മുഴുവൻ ഞാൻ നിറഞ്ഞുനിൽക്കുന്നു എന്നെനിക്കറിയാം. ഈ പ്രപഞ്ചം മുഴുവൻ അല്ലാഹു(ഈശ്വരൻ) നിറഞ്ഞുനിൽക്കുന്നത് പോലെ..!ആ എന്നെത്തേടിയുള്ള യാത്രയാണ്- ഞാൻ ആരാണ്? എന്ന അന്വേഷണമാണ് എല്ലാ അദ്ധ്യാത്മിക ചിന്തകളും. എന്റെ ശരീരമാകുന്ന പ്രപഞ്ചത്തിൽ നിന്ന് കൊണ്ട്- എന്റെ ശരീരമാകുന്ന മസ്ജിദിൽ നിന്നുകൊണ്ട്-എന്റെ ശരീരമാകുന്ന ആരാധനാലയത്തിൽ നിന്നുകൊണ്ട് ഞാൻ കാണുന്നു, കേൾക്കുന്നു, സംസാരിക്കുന്നു, കാര്യങ്ങൾ ആസൂത്രണം ചെയ്യുന്നു, നടപ്പിലാക്കുന്നു. എന്റേതായ ഒരു ലോകം കെട്ടിപ്പടുക്കുന്നു. എന്റെ ഈ സ്ഥൂലമായ ശരീരത്തിനു പിറകിൽ ഞാൻ ഉള്ളത് പോലെ, ഈ അനന്തമായ പ്രപഞ്ചത്തിന് പിറകിൽ ഒരു ശക്തിയുണ്ട്. അതാകുന്നു ദൈവം. അവനാകുന്നു അല്ലാഹു. അവൻ എല്ലാം കാണുന്നു, എല്ലാം കേൾക്കുന്നു, എല്ലാം ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. എന്നിൽ നിന്നു തുടങ്ങി അനന്തമായ ഈ പ്രപഞ്ചത്തിന്റെ അതിരുകൾക്കപ്പുറത്തേക്കും അനന്തമായി നിൽക്കുന്ന ആ മഹാശക്തിയുടെ കൈകളിലാണ് എല്ലാ കാര്യങ്ങളുടെയും നിയന്ത്രണാധികാരം. അങ്ങിനെയുള്ള ആ ദൈവത്തിന്റെ -ആ അല്ലാഹുവിന്റെ അംശവും പ്രതിനിധിയുമാണ് ഓരോ മനുഷ്യരും. അങ്ങിനെ നോക്കുമ്പോൾ ഈ ഭൂമിയിൽ അൽഭുതങ്ങൾ രചിക്കാൻ കഴിവുള്ള, അനന്ത സാധ്യതകൾ ഉറങ്ങിക്കിടക്കുന്ന ഒരു മഹാപ്രതിഭാസമാണ് ഓരോ മനുഷ്യരും. ഖുർആൻ പഠിക്കമ്പോൾ ( ആ റൂഹ് നമ്മിലേക്ക് ഇറങ്ങുമ്പോൾ) ഓരോ മനുഷ്യരും ഒരു കൊച്ചു ദൈവമായി, 'ദൈവത്തിന്റെ പ്രതിനിധി'യായി മാറുന്നു.

'അങ്ങെന്റെ കാണപ്പെട്ട ദൈവമാണ്' എന്ന് ചിലർ ചിലരെക്കൊണ്ട് പറയിപ്പിക്കാറുണ്ട്. നമുക്കു പരിചയമുള്ളവരും, അല്ലാത്തവരുമായ ഒരുപാട് വ്യക്തിത്വങ്ങൾ അങ്ങനെ കാണപ്പെട്ട ദൈവങ്ങളായിട്ടുണ്ട്. മഹാത്മാ ഗാന്ധി, മദർ തെരേസ, അബ്രഹാം ലിങ്കൺ, ലൂയി പാസ്ചർ, സർ ഐസക് ന്യൂട്ടൺ, ആൽബർട്ട് ഐൻസ്റ്റീൻ, മാഡം ക്യൂറി, ഫ്ളോറൻസ് നൈറ്റിംഗേൽ, തുടങ്ങിയ മാഹാന്മാരും, ഇബ്രാഹിം നബി, മൂസാനബി, ഈസാനബി, മുഹമ്മദ് നബി, ശ്രീരാമൻ, ശങ്കരാചാര്യർ, തുടങ്ങിയ ദൈവദൂതന്മാരും നമുക്കു ചുറ്റുമുള്ള നിസ്സാരന്മാർ എന്ന് നമുക്ക് തോന്നുന്ന ചില വ്യക്തികളും ലോകത്തെകൊണ്ട് അങ്ങിനെ പറയിച്ചിട്ടുണ്ട്. അവരെല്ലാം തങ്ങളിലും, തങ്ങൾക്കു ചുറ്റും ഉറങ്ങിക്കിടന്നിരുന്ന മനുഷ്യരിലുമുള്ള സാധ്യതകളെ തട്ടിയുണർത്തി ലോകത്ത് വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കിയ മഹാ വ്യക്തിത്വങ്ങളായിരുന്നു. അവർക്ക് കിട്ടിയ വേദ ഗ്രന്ഥങ്ങളിലൂടെയായിരുന്നു അവരത് സാധിച്ചെടുത്തിരുന്നത്. അതുകൊണ്ട് അവരെല്ലാം മഹാന്മാരായി. അല്ലാഹുവിന്റെ മഹത്തായ ഗുണങ്ങൾ സ്വാംശീകരിച്ചുകൊണ്ടായിരുന്നു അവരെല്ലാം മഹാന്മാരായി മാറിയത്. അങ്ങിനെ നോക്കുമ്പോൾ സ്വന്തം പരിമിതികൾ മനസ്സിലാക്കി അല്ലാഹുവിനെ നോക്കി 'അല്ലാഹു അക്ബർ' എന്ന് പറയാൻ മഹാനായ മനുഷ്യനല്ലാതെ മറ്റാർക്കാണ് അവകാശം ! 'ഞാനും' 'ദൈവവും' ഒന്നാകുമ്പോഴാണ്(അഹം ബ്രഹ്മാസ്മി- അദ്വൈതം എന്ന ചിന്തയിൽ നിന്നാണ്) 'അല്ലാഹു അക്ബർ' അപ്രസക്തമാവുന്നത്. ഞാനും ദൈവവും തത്ക്കാലം വേറിട്ടു നിൽക്കുമ്പോൾ 'അല്ലാഹു അക്ബർ' എങ്ങിനെ അപ്രസക്തമാവും? അപ്പോൾ 'അല്ലാഹു ഏറ്റവും വലിയ മഹാൻ' – 'അല്ലാഹു അക്ബർ'(God is Great) എന്ന ആശയത്തിൽ എങ്ങിനെ കുഴപ്പം കാണും? നാം ഓരോരുത്തരും ദൈവത്തിന്റെയും (അല്ലാഹുവിന്റെയും), ഈ പ്രപഞ്ചത്തിന്റെയും, ഭൂമിയുടെയും, പ്രതിനിധിയുമാണെങ്കിലും – മനുഷ്യനെ ദൈവത്തിൽ നിന്നു വേറിട്ടു നിൽക്കുന്ന ഒരു സ്വതന്ത്രവ്യക്തിത്വമായിട്ടുതന്നെയാണ് ഈ ലോകത്തും പരലോകത്തും അല്ലാഹു കാണുന്നത് (5:116-117). ആ മഹാന്മാരുടെ സ്ഥൂല ശരീരമാകുന്ന പ്രപഞ്ചത്തിന് പിറകിൽ നിന്നുകൊണ്ട് അവരെ 'മഹാന്മാർ' എന്നു വിളിപ്പിച്ച ആ ഗുണങ്ങൾ എന്തൊക്കെയാണോ, ആ മഹത്തായ ഗുണങ്ങളുടെ മൂർത്തിമൽ ഭാവമായ

ഒരു ശക്തി വിശേഷം ഈ അനന്തമായ പ്രപഞ്ചത്തിന് പിറകിലുമുണ്ട്. ആ അല്ലാഹുവിനെ - ആ ദൈവത്തെ - സൂക്ഷിച്ചുകൊണ്ട് നീതിയിലും നന്മയിലും അധിഷ്ഠിതമായി മനസ്സമാധാനത്തോടെ ജീവിക്കുക. എന്നാണ് മൊത്തത്തിൽ ഖുർആൻ എന്ന വേദഗ്രന്ഥത്തിന്റെ സന്ദേശം. നമ്മെ സ്നേഹിക്കുന്ന, നമ്മെ ഉപദേശിക്കുന്ന, നമ്മെ താക്കീത് ചെയ്യുന്ന വേണ്ടിവന്നാൽ നമ്മെ കഠിനമായി ശിക്ഷിക്കുകയും ചെയ്യുന്ന ഒരു മഹാ പ്രതിഭാസമായാണ് ഖുർആൻ അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത്. അവൻ ഈ പ്രപഞ്ചത്തേക്കാളും അതു ഉൾക്കൊള്ളുന്ന എല്ലാ വസ്തുക്കളേക്കാളും വലിയവൻ തന്നെയാണ്. നാമാണെങ്കിലോ ഈ പ്രപഞ്ചത്തിന്റെ ആയിരമായിരം കോടിയിൽ ഒരംശത്തിന്റെ മൂലയുടെ കോടിയിലൊരംശം പോലും കണ്ടിട്ടില്ല. അങ്ങനെ നോക്കുമ്പോഴും ഏതൊരു വസ്തുവിനെയും ഉൾക്കൊണ്ടു നിൽക്കുന്ന ഈ പ്രപഞ്ചത്തേക്കാളും അതു ഉൾക്കൊള്ളുന്ന ഏതൊരു വസ്തുവിനേക്കാളും വലിയവനായ അവൻ തന്നെയല്ലേ 'ഏറ്റവും വലിയവൻ'. അങ്ങനെ നോക്കുമ്പോൾ 'അല്ലാഹു അക്ബർ' എന്ന പദപ്രയോഗത്തിൽ യാതൊരു കുഴപ്പവുമില്ല എന്ന് സാരം.

അർറഹ്മാൻ-അർറഹീം-അളവറ്റ ദയാപരൻ, കരുണാനിധി എന്നിങ്ങനെയുള്ള ദൈവത്തിന്റെ ഗുണങ്ങൾ സ്വയം ഒരു മനുഷ്യൻ ഉൾക്കൊണ്ടു പ്രവർത്തിക്കുമ്പോഴാണ് ഒരാൾ യഥാർത്ഥത്തിൽ മഹാനാകുന്നത്. മനുഷ്യചരിത്രത്തിൽ, മനുഷ്യപുരോഗതിക്ക് മഹത്തായ സംഭാവന നൽകിയ എല്ലാ മഹാന്മാരും അല്ലാഹുവിന്റെ കാരുണ്യം, ദയ, സ്നേഹം, നന്മ, നീതി, എന്നിങ്ങനെയുള്ള ഗുണങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് മഹാന്മാരായിട്ടുള്ളത്. അതിൽ ഏറ്റവും കൂടുതൽ പ്രായോഗികവും, ആവശ്യവുമായ ഗുണങ്ങളാണ് സ്നേഹത്തിന്റെ പര്യായമായ കരുണയും ദയയും. അതുകൊണ്ടാണ് ആ ഗുണങ്ങളുടെ പ്രതീകവും, പ്രതിനിധിയുമാവാൻ ബിസ്മിയിലൂടെ അല്ലാഹു (വിശുദ്ധ ഖുർആനിന്റെ എല്ലാ അദ്ധ്യായങ്ങളിലൂടെയും) ആവശ്യപ്പെടുന്നത്. ദൈവം സ്നേഹമാണ് എന്ന് ബൈബിളിലൂടെ യേശുദേവൻ പറയാൻ കാരണവുമതാണ്. അല്ലാതെ കുറെ വലുപ്പമുള്ളതുകൊണ്ട് കാര്യമില്ല. വലുതാകുക എന്ന ഗുണം സ്വാംശീകരിക്കാനും ഒരാൾക്കും സാധ്യമല്ല. പ്രപഞ്ചവും കഴിഞ്ഞ് അതിരുകളില്ലാതെ നിറഞ്ഞുകിടക്കുന്ന അല്ലാഹു എവിടെ..? എത്ര ശ്രമിച്ചാലും, വ്യായാമം ചെയ്താലും,- ജിംനേഷ്യത്തിൽ പോയി എക്സർസൈസ് ചെയ്താലും സ്വന്തം പുരയുടെ വാതിൽ കട്ടിലോളം നീളം വെക്കാത്ത മനുഷ്യൻ എവിടെ...? അതുകൊണ്ടാണ് 'അല്ലാഹു അക്ബർ' എന്ന് ഖുർആനും, നബിയും വിശ്വാസികളെ പഠിപ്പിക്കാതിരുന്നത് എന്ന് സാരം...!!! അതേസമയം കാരുണ്യപ്രവർത്തനങ്ങൾ ചെയ്തുകൊണ്ട്- സാമൂഹ്യ-സാംസ്ക്കാരിക പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട്, ലോകം മുഴുവൻ നിറഞ്ഞു നിൽക്കാൻ- ആകാശ ഭൂമികളോളം പ്രശസ്തരാവാൻ ചിലർക്കു-അല്ല - നമുക്കു കഴിയുന്നു.

മക്കാമുശ്രിക്കുകളും, അറബികളും, യുദ്ധരംഗത്ത് (യുദ്ധം തുടങ്ങുമ്പോൾ) ഉരുവിട്ടിരുന്ന 'അല്ലാഹു അക്ബർ' എന്ന പദം ഇസ്ലാമിലേക്കും സുന്നികളുടെ നമസ്ക്കാരത്തിലേക്കും ആ അർത്ഥത്തിൽ കയറിക്കൂടാൻ തുടങ്ങിയത് മുആവിയയുടെയും അമവികളുടെയും ഹജ്ജാജു ബിൻ യൂസുഫിന്റെയും കാലത്തായിരുന്നു. തന്റെ പിതാവായ മർവാൻ ബിൻ ഹക്കമിന്റെയും മച്ചുനിയന്മാരായിരുന്ന മുആവിയയുടെയും പ്രസ്ഥാനമായ 'അഹ്ലുസ്സുന്ന'ത്തിന് താത്വികമായ അടിത്തറയുണ്ടാക്കുക എന്ന അബ്ദുൽ മലിക്ക് ബിൻ മർവാന്റെ അഭീഷ്ടമനുസരിച്ചാണ് അദ്ദേഹത്തിന്റെ മനസ്സാക്ഷി സൂക്ഷിപ്പുകാരനായിരുന്ന ഹജ്ജാജുബിൻ യൂസുഫ് എന്ന ഗവർണ്ണർ അത്തരം അട്ടിമറികളൊക്കെ അറബിഭാഷയിലും ഖുർആൻ പരിഭാഷയിലും വ്യാഖ്യാനത്തിലും നടപ്പിലാക്കിയത്. തന്റെ 'റാൻ മൂളികളായ' ജൂത-ക്രിസ്ത്യൻ പണ്ഡിതൻമാർ അതിനൊപ്പിച്ച് അറബിഭാഷാ നിഘണ്ടുക്കൾ (Dictionary) രചിക്കുകയും ചെയ്തു. ഇന്ന് സുന്നികളും മുഹജാഹിദുകളും, ജമാഅത്ത് മൗലവിമാരും പൂർണ്ണമായി അവലംബിക്കുന്ന ആധികാരിക അറബിക് നിഘണ്ടുവായ 'അൽമുൻജിദി'ന്റെ കർത്താവായ ഫാദർ ലൂയിസ് അത്തരം ഒരു പണ്ഡിതൻ മാത്രമാണ്.

വിശുദ്ധ ഖുർആനും മുഹമ്മദ് നബിയും നമുക്ക് പരിചയപ്പെടുത്താത്ത ആ ശബ്ദം നാം ഉപേക്ഷിക്കുക തന്നെയാണ് നല്ലത്. ( 7:180) (2:159) (17:110) കാരണം അത്തരം അർത്ഥ സങ്കൽപ്പത്തിലൂടെയാണ് (ഖുർആനിനു പകരം ഹദീസുകളിലൂടെ) ഒരു സുന്നി മതമുണ്ടാക്കി, ഇസ്ലാമിനെ 'സുന്നത്ത് ജമാ അത്ത്' എന്ന അറേബ്യൻ ക്രിസ്തുമതമാക്കി മാറ്റിയതും.

ദൈവം ഉണ്ടോ, ഇല്ലയോ എന്ന ചർച്ച പോലെ വിശ്വാസികളുടെ ഒരുപാട് സമയവും, ഊർജ്ജവും കളയുന്ന ഒരു വിഷയമാണ് 'അല്ലാഹു അക്ബർ' എന്നതുകൊണ്ടാണ് മൗലവി 'അല്ലാഹുമ്മ ആമീൻ' എന്നു പറയുന്നതുപോലെ കുഴപ്പമില്ലാത്ത 'അല്ലാഹു അക്ബർ' നിലനിർത്തി, പെട്ടെന്ന് അടുത്ത വിഷയത്തിലേക്ക് കടന്നത്. അത്തരം വചനങ്ങളുടെ പിറകെ പോയി സമയം കളയരുത് എന്നാണ് നമുക്കും പറയാനുള്ളത്. അതെല്ലാം ഓരോ വിശ്വാസികളുടെ സ്വയം ചിന്തിച്ചു തീരുമാനിക്കട്ടെ !.

## ചേകന്നൂർ മൗലവിയുടെ ദൗത്യം
## (ചേകന്നൂർ മൗലവിയുടെ 'സ്വലാത്ത്')
## ചേകന്നൂർ മൗലവിയുടെ പരിമിതികൾ

ചേകന്നൂർ മൗലവി എഴുതിയതും, സംസാരിച്ചതും, വാദപ്രതിവാദങ്ങൾ നടത്തിയതുമൊക്കെ നിലവിലുള്ള സുന്നിതഫ്സീറിന്റെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു. അദ്ദേഹം കേരളത്തിൽ പ്രബോധനം തുടങ്ങിയ കാലത്ത്,(1960 കളുടെ തുടക്കത്തിൽ) മലയാളത്തിൽ ഒരു ഖുർആൻ പരിഭാഷ ഇല്ലാത്തതിന്റെ പേരിൽ അദ്ദേഹത്തിന് പ്രബോധന പ്രവർത്തനം തന്നെ തൽക്കാലത്തേക്ക് നിർത്തിവെക്കേണ്ടി വന്നിട്ടുണ്ട്. കാരണം അദ്ദേഹം ഖുർആനിലുള്ള ഒരു തത്വം പറയുമ്പോൾ, അന്നു കേരളക്കരയിലുള്ള സുന്നി-മുജാഹിദ് ജമാഅത്ത് മൗലവിമാരൊക്കെ സംഘടിച്ച് അതിനെ എതിർക്കുകയും 'ചേകന്നൂർ മൗലവി പറയുന്നതൊന്നും ഖുർആനിലില്ലെന്ന്' സംഘടിച്ച് പ്രചരിപ്പിക്കുകയും ചെയ്യുമായിരുന്നു. മലയാളത്തിൽ ഖുർആൻ പരിഭാഷ ഇല്ലാത്തതുകാരണം സാധാരണക്കാരന്നു മൗലവി പറയുന്നതിൽ കുറച്ചെങ്കിലും സത്യമുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ ഒരൊറ്റ സാധാരണക്കാരനെയും അക്കാലത്ത് അനുയായിയായി മൗലവിക്ക് കിട്ടിയതുമില്ല. മൗലവിയാകട്ടെ തന്റെ പ്രബോധന പ്രവർത്തനം തൽക്കാലം നിർത്തിവെക്കാൻ നിർബന്ധിതനാകുകയും ചെയ്തു. എന്നാൽ അറുപതുകളുടെ മധ്യമായപ്പോഴേക്കും(1962 –1965) സി.എൻ. മൗലവിയുടെയും മറ്റ് മുജാഹിദ് മൗലവിമാരുടെയും, മുട്ടാണിശ്ശേരിൽ കോയക്കുട്ടി മുസ്ലിയാരുടെയും, മുഹമ്മദ് മൗലവി കൂറ്റനാടിന്റെയുമൊക്കെ പരിഭാഷകൾ കേരളത്തിൽ ഇറങ്ങാൻ തുടങ്ങി. അത് മൗലവിക്ക് തന്റെ വാദങ്ങൾ വീണ്ടും സമുദായ മധ്യത്തിൽ അവതരിപ്പിക്കാൻ ഊർജ്ജം നൽകി. അതോടുകൂടി മൗലവി വീണ്ടും സജീവമാകുകയും നിലവിലുള്ള സുന്നീ തഫ്സീറുകളിൽ നിന്ന് താൻ മനസ്സിലാക്കിയ ഖുർആനിക സത്യങ്ങൾ ഗ്രന്ഥരൂപത്തിൽ എഴുതി അവതരിപ്പിക്കാൻ തുടങ്ങുകയും ചെയ്തു. ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിന്റെയും ഇസ്ലാമിന്റെ തിരിച്ചുവരവിന്റെയും പ്രതീകങ്ങളായി ആ ഗ്രന്ഥങ്ങൾ ഇന്നും നിലനിൽക്കുന്നു. കേരളക്കരയിൽ നിന്ന് സുന്നികളുടെ തഫ്സീറിന്റെ(പരിഭാഷയുടെ) അവസാനത്തെ കോപ്പിയും അപ്രത്യക്ഷമാകുന്നത് വരെ ചേകന്നൂർ മൗലവിയുടെ ഗ്രന്ഥങ്ങളും, ഖുർആനും, ചേകന്നൂർ മൗലവി സുന്നികൾക്കുവേണ്ടി സുന്നിപരിഭാഷകളിൽ നിന്ന് തന്നെ കണ്ടുപിടിച്ചുണ്ടാക്കിയ നമസ്ക്കാരവും യാതൊരു കുഴപ്പവുമില്ലാത നിലനിൽക്കും.

ക്രിസ്തുമതം(Christianity) എന്നാൽ ക്രിസ്തു ദൈവമാണെന്നും, ആ 'ദൈവം' സർവ്വ മനുഷ്യരുടെയും പാപപരിഹാരാർത്ഥം കുരിശിൽ കിടന്നുപിടഞ്ഞു മരിച്ചു എന്നു വിശ്വസിക്കലും, ക്രിസ്തുവിനെ ക്രൂശിച്ച ആ കുരിശിനെ ചുംബിക്കലും, അതിനെ ആരാധിക്കലുമാണെന്ന് തൊണ്ണൂറ്റിയൊമ്പത് ശതമാനം ക്രിസ്ത്യാനികളും വിശ്വസിക്കുന്നു. ബാല്യം മുതലേ അങ്ങിനെ പഠിപ്പിച്ചു വളർത്തപ്പെടുന്ന ക്രിസ്ത്യാനികളോട്(വിശുദ്ധ പൗലോസിന്റെ ജനതയോട്) 'കൃസ്തു ദൈവമല്ല ദൈവദൂതനാണ്, നിങ്ങൾ കുരിശുപൂജയാകുന്ന വിഗ്രഹാരാധന നടത്തുന്നതിലൂടെ വിശുദ്ധപൗലോസിനെ അംഗീകരിക്കുകയും, ക്രിസ്തുവിനെ ത്യജിക്കുകയുമാണ് ചെയ്യുന്നത്' എന്ന് പറഞ്ഞാൽ ഒരൊറ്റ ക്രിസ്ത്യാനിയും അത് ചെവിക്കൊള്ളാൻ തയ്യാറാകില്ല. അതേപോലെ 'ഇസ്ലാം എന്നാൽ അഞ്ചുനേരത്തെ നമസ്ക്കാരമാണെന്ന്' കണ്ണടച്ചുവിശ്വസിക്കുന്നവരാണല്ലോ സുന്നിമുസ്ലീംകളിൽ നൂറുശതമാനവും. അങ്ങിനെയുള്ള ഒരു വിഭാഗത്തോട് നമസ്ക്കാരം തന്നെയില്ല എന്നു പറഞ്ഞാൽ അവർ ആ വഴിക്കേ വരില്ല. മൗലവിയുടെ ലക്ഷ്യങ്ങളിൽ ഒന്ന് തന്റെ ചുറ്റുപാടുമുള്ള സുന്നി, മുജാഹിദ്-ജമാഅത്ത് സഹോദരന്മാരെ ഖുർആൻ കൊണ്ട് തിരുത്തുകയും ശുദ്ധീകരിക്കുകയും ചെയ്യുക എന്നതായിരുന്നുവല്ലോ. നബിതിരുമേനിയുടെ ദൗത്യം തനിക്കു ചുറ്റുമുള്ള വേദക്കാർ എന്ന് സ്വയം അഭിമാനിച്ചിരുന്ന, അതേസമയം കുറെ ശിർക്കൻ വിശ്വാസങ്ങളും, ആചാരങ്ങളും വച്ചുപുലർത്തിയിരുന്ന ജൂതന്മാരെയും ക്രിസ്ത്യാനികളെയും തിരുത്തുക എന്നതായിരുന്നുവല്ലോ. (18:4) അതേപോലെ ഇന്നു നമുക്കു ചുറ്റും കാണപ്പെടുന്ന വേദക്കാരാണ് 'അഹ്ലുസ്സുന്നത്തുവൽ ജമാഅത്ത് 'എന്നറിയപ്പെടുന്ന സുന്നി-ശിയാ മുസ്ലീംകൾ.(ശിയാക്കളും അഹ്ലുസുന്നത്തിന്റെ ഭാഗമാണെന്ന് നാം മറ്റൊരിടത്ത് കാര്യകാരണസഹിതം സമർത്ഥിച്ചിട്ടുണ്ട്.) ഖുർആനിന്റെ ആൾക്കാർ(വേദക്കാർ) എന്നവകാശപ്പെടുന്ന സുന്നി-മുജാഹിദ്-ജമാഅത്ത് മൗലവിമാരെ അവരുടെ തന്നെ കൈയിലുള്ള ഖുർആൻ കൊണ്ട് തിരുത്തുക എന്നതായിരുന്ന മൗലവിയുടെ ദൗത്യം. അതായിരുന്നു ചേകന്നൂർ മൗലവിയുടെ 'സ്വലാത്ത്'(ദൗത്യം). അതിൽ മൗലവി പൂർണ്ണമായും വിജയിച്ചിട്ടുണ്ട്. അന്ത്യനാൾ വരെ മൗലവിയുടെ ഗ്രന്ഥങ്ങൾ ആ പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കും. നമസ്ക്കാര ഭ്രാന്താൽ സ്വബോധം പോലും നഷ്ടപ്പെട്ട സഹോദരന്മാരെ തിരുത്താൻ, അൽപ്പം മനശ്ശാസ്ത്രപരമായ സമീപനവും നല്ലതാണല്ലോ. അതിനുവേണ്ടിയാണ് മൗലവി ഖുർആനിക ദൃഷ്ട്യാ (സുന്നീ തഫ്സീറിന്റെ അടിസ്ഥാനത്തിൽ) പ്രത്യക്ഷത്തിൽ വലിയ കുഴപ്പമില്ലാത്ത രണ്ട് 'റക്അത്ത്'സംഘടിത നമസ്ക്കാരം നിലനിർത്തിയത്.

ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിലേക്ക് വരുന്ന പുതിയ പണ്ഡിതന്മാരുടെ കണ്ടെത്തലുകളും, അവരുടെ പ്രബോധന പ്രവർത്തനങ്ങളും, ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിനും, ചേകന്നൂർ മൗലവിയുടെ ഗ്രന്ഥങ്ങൾക്കും, ഒരു ഭീഷണിയായി കരുതുന്നവർ നമ്മുടെ പ്രസ്ഥാനത്തിൽ തന്നെയുണ്ട്. അവരുടെ ഭീതിയും ആശങ്കയും അകറ്റാനാണ് സാന്ദർഭികമായി ഇത്രയും എഴുതുന്നത്.

ചേകന്നൂർ മൗലവി പ്രബോധനം തുടങ്ങിയ ആദ്യകാലത്ത് അദ്ദേഹത്തിന് സ്വന്തമായി ഒരു ലാൻഡ്ലൈൻ(telephone) ടെലിഫോൺ പോലും ഉണ്ടായിരുന്നില്ല. ചേകന്നൂരിൽ നിന്ന് എടപ്പാൾ വന്ന് ട്രങ്ക് ബുക്ക് ചെയ്തു ഏറെ നേരം കാത്തിരുന്ന ശേഷമാണ് കോഴിക്കോടും, മലപ്പുറത്തുമുള്ള തന്റെ ആദർശ ബന്ധുക്കളോട് അദ്ദേഹം ഓരോരോ അടിയന്തിരാവശ്യങ്ങൾക്കായി ബന്ധപ്പെട്ടിരുന്നത്. ഇന്ന് മൊബൈൽ ഫോണും, വാർത്താചാനലുകളും, ഇന്റർനെറ്റുമൊക്കെയായി, എല്ലാ വിവരങ്ങളും അറിയാനും, സംശയങ്ങൾ തീർക്കാനും ഞൊടിയിടയിൽ സാധിക്കും. കംപ്യൂട്ടറിന്റെ കീബോർഡിൽ ഒന്ന് ബട്ടൺ അമർത്തിയാൽ മതി; ഞൊടിയിടയിൽ നമുക്കാവശ്യമുള്ള വിജ്ഞാനത്തിന്റെ ഒരു മഹാസാഗരം തന്നെ നമ്മുടെ മുമ്പിൽ തുറക്കപ്പെടുന്നു. ചേകന്നൂർ മൗലവി സംസാരിച്ചതും, എഴുതിയതും, മുഴുവൻ തന്റെ കൈവശമുള്ള സുന്നിപരിഭാഷകളുടെ സഹായത്തോടെയായിരുന്നു. ശിയാക്കൾ എന്ന് പറയുന്ന ഒരു വിഭാഗം ഇറാനിലും, ഇറാഖിലുമൊക്കെയുണ്ട് എന്ന കേട്ടുകേൾവിയല്ലാതെ അവരുടെ പ്രധാനപ്പെട്ട ഗ്രന്ഥങ്ങളു, ചില നടപടിക്രമങ്ങളും, അടുത്തറിയാനും, പഠിക്കാനും, മൗലവിക്ക് സന്ദർഭം ലഭിച്ചിരുന്നില്ല. ആകെ ശിയാക്കളെക്കുറിച്ച് അവർ 'മൂന്ന് നേര നമസ്ക്കാരക്കാർ' മാത്രമാണെന്ന ഒരു കേട്ടറിവ് മാത്രമേ മൗലവിക്കുണ്ടായിരുന്നുള്ളു. അത് മൗലവിയുടെ പ്രസംഗത്തിൽ നിന്ന് നമുക്ക് മനസ്സിലാവുന്നുണ്ട്. സുന്നികൾ എഴുതിവെച്ച തഫ്സീറിൽ (അഞ്ച് നേരം അറബിഭാഷയിൽ 'കവാത്ത്'നടത്തി പ്രാർത്ഥിച്ചെങ്കിലേ സ്വർഗ്ഗമുള്ളു എന്നു വിശ്വസിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്ന സുന്നികളുടെ തഫ്സീറിൽ.) മൂന്ന് നേരം നമസ്ക്കരിച്ചാൽ മതി(11:114) എന്ന് ഖുർആൻ പരിഭാഷയിൽ അവർ തന്നെ വ്യക്തമായി എഴുതിവെച്ചിരിക്കുന്നു. അപ്പോൾ പിന്നെ ആ വിഷയത്തിൽ സുന്നി ഖുർആനും നബിയുമായി കൂടുതൽ അടുത്ത് നിൽക്കുന്നത് ശിയാക്കളാണല്ലോ, അപ്പോൾ ആ വിഷയത്തിൽ(നമസ്ക്കാര സമയത്തിന്റെ വിഷയത്തിൽ) ശിയാക്കളുടെ ചിന്തയും ചര്യയുമാണ് ഖുർആനും നബിയുമായി കൂടുതൽ അടുത്ത് നിൽക്കുന്നത് എന്ന് മൗലവി യുക്തി പൂർവ്വം സമർത്ഥിച്ചു. ആ രീതിയിൽ മാത്രമാണ് ശിയാക്കളെ മൗലവി ചേകന്നൂർ അനുകൂലിച്ച് സംസാരിച്ചത്. ഒറ്റനോട്ടത്തിൽ ശിയാക്കൾ തന്നെയാണ് സുന്നികളേക്കാൾ ഖുർആനും ഇസ്ലാമുമായി അടുത്തവർ എന്ന് തോന്നിപ്പോകും. എന്നാൽ സൗദി അറേബ്യയിലെ ഖത്തീഫിൽ വെച്ചും, ബഹറൈനിൽ വെച്ചും ശിയാ പ്രസ്ഥാനത്തെയും, ശിയാമുസ്ലീംകളെയും, അവരുടെ ചിന്താഗതികളെയും, ആചാരങ്ങളേയും അടുത്ത് പഠിച്ചപ്പോഴാണ് സുന്നികളേക്കാളും യാഥാസ്ഥിതികരും, മതഭ്രാന്തന്മാരുമാണ് ശിയാവിഭാഗം എന്ന് ഈയുള്ളവനും മനസ്സിലായത്. എന്നുമാത്രമല്ല സുന്നികളും-ശിയാക്കളും ഒരു നാണയത്തിന്റെ(അഹ്ലുസ്സുന്നത്തുവൽ ജമാഅത്തിന്റെ രണ്ടുവശങ്ങൾ മാത്രമാണെന്ന് നമുക്ക് എളുപ്പത്തിൽ ബോധ്യപ്പെടും. (അതുപോലെ സുന്നികളും, ക്രിസ്ത്യാനികളും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങൾ ആണെന്നും നമുക്ക് ബോധ്യപ്പെടും). **(visit www.khur-aansunnathsociety.com)** മൗലവി ഇന്ന് നമ്മോടൊപ്പമുണ്ടായിരുന്നുവെങ്കിൽ ഈ ചരിത്രസത്യം നമുക്ക് അദ്ദേഹം പറഞ്ഞുതരമായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും, ഖുർആൻ പഠനവും, ഗവേഷണവും നടത്തി പുതിയ പുതിയ കാര്യങ്ങൾ മനസ്സിലാക്കി-തിരുത്തി-കൂടുതൽ ആർജ്ജവത്തോടെ മുന്നോട്ട് പോകുക എന്ന മൗലവിയുടെ ആഗ്രഹത്തിന്റെയും, ആഹ്വാനത്തിന്റെയും, അടിസ്ഥാനത്തിലാണ് നാം പുതിയ കാര്യങ്ങൾ ഇങ്ങനെ വെട്ടിതുറന്നു പറയുന്നത്. അതിൽ ആരും വിഷമിച്ചിട്ട് കാര്യമില്ല. അതുകൊണ്ടുതന്നെ ഖുർആൻ സുന്നത്തു പ്രസ്ഥാനത്തിലെ, പുതിയ പണ്ഡിതൻമാരുടെ പുതിയ കണ്ടെത്തലുകളുടെ പൂർണ്ണമായ credit ഉം, ചേകന്നൂർ മൗലവിക്കു തന്നെ!

സൗദിഅറേബ്യയിലെ ഖത്തീഫ്, ബഹറൈൻ, ഇറാഖ്, സിറിയ, തുടങ്ങിയ രാജ്യങ്ങളിലെ ശിയാക്കൾക്കിടയിലെ ചില ആചാരങ്ങളും, ചിന്താഗതികളും, അവരുടെ ഗ്രന്ഥങ്ങളും, ഈജിപ്ത്, തുർക്കി, പാക്കിസ്ഥാൻ തുടങ്ങിയ നാടുകളിലെ ഹദീസ് വിരുദ്ധ ഗ്രന്ഥങ്ങളും, ചിന്തകളും അടുത്തറിയാനും, പഠിക്കാനും ചേകന്നൂർ മൗലവിക്ക് അവസരമുണ്ടായിരുന്നില്ല. ബഹറൈനിലേയും, ഇറാഖിലേയും ശിയാക്കൾക്കിടയിൽ ഒരാറുമാസം മൗലവി ജീവിച്ചിരുന്നുവെങ്കിൽ ,മൗലവി തന്റെ കാഴ്ചപ്പാടുകളിൽ ചിലതു തിരുത്തിയെഴുതുമായിരുന്നു. പക്ഷേ അതിനുമുമ്പ് അദ്ദേഹത്തിന്റെ ശത്രുക്കൾ അദ്ദേഹത്തെ നിശ്ശബ്ദനാക്കി കളഞ്ഞു.

## അമ്പരപ്പിക്കുന്ന ചില ചരിത്രസത്യങ്ങൾ!

ആധുനിക അറബി ഭാഷയുടെ പിതാവായിട്ടാണ് സിറിയ, ഈജിപ്ത് ഇറാഖ് എന്നീ നാടുകളിലെ സുന്നി അറബികളിലെ 90 ശതമാനവും 'മുആവിയ' എന്ന ചക്രവർത്തിയെ കാണുന്നത്. അതേസമയം അറേബ്യൻ മരുഭൂമിയിൽ ഹിജാസ് പ്രവശ്യയിലെ (സൗദി അറേബ്യയിലെ, മക്ക, മദീന, ത്വായിഫ് എന്നീ പട്ടണങ്ങൾക്ക് ചുറ്റും) യാതൊരു ലക്ഷ്യബോധവുമില്ലാതെ മൃഗങ്ങളെപ്പോലെ 'അലഞ്ഞു തിരിഞ്ഞു' ജീവിച്ചിരുന്ന മുന്നൂറിൽ പരം അറേബ്യൻ ഗോത്രങ്ങളെ ഏകീകരിച്ച്, അവർക്ക് സ്വന്തമായി ഒരു രാഷ്ട്രവും, ഭരണകൂടവും, ഭര

ണഘടനയും, പൊതുഖജനാവും, ആഭ്യന്തര സുരക്ഷയും ഒക്കെയുണ്ടാക്കികൊടുത്ത-ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന മട്ടിൽ - ശവങ്ങളെപ്പോലെ കഴിഞ്ഞിരുന്ന - അറബികൾക്ക് സ്വന്തമായി ഒരുരാഷ്ട്രവും, ലോകചരിത്രത്തിൽ ഒരു മേൽവിലാസവും, ഉണ്ടാക്കിക്കൊടുത്ത - ഖുർആൻ കൊണ്ടു ജീവൻ നൽകിയ - മുഹമ്മദ്നബിയെ 'ഭാഷാപിതാവായിട്ടു' അവർ കാണുന്നില്ല ഖുർആനിനെ 'ഉമ്മുൽകിതാബ്" (ഗ്രന്ഥങ്ങളുടെ മാതാവ്)എന്നവർ വിശേഷിപ്പിക്കാറുണ്ടെങ്കിലും പ്രായോഗിക രംഗത്ത് ബുഖാരി-മുസ്ലിം പോലുള്ള ഹദീസുഗ്രന്ഥങ്ങളെ അപേക്ഷിച്ച് 100-ാം സ്ഥാനംപോലും സുന്നീ-ശിയാ മുസ്ലീകളിൽ ഒരു വിഭാഗവും നൽകുന്നില്ല.

മദീന ആസ്ഥാനമായി നബിയുണ്ടാക്കിയ മാതൃക ഇസ്ലാമിക് രാഷ്ട്രം അതിന്റെ സർവ്വ ഐശ്വര്യങ്ങളോടും കൂടി ലോകത്ത് കത്തിജ്വലിച്ചുനിന്നത് ഖലീഫാഉമറിന്റെ ഭരണകാലത്തായിരുന്നു. അന്നു ലോകമഹാശക്തികൾ എന്നു പറഞ്ഞാൽ പേർഷ്യൻ - റോമാ സാമ്രാജ്യങ്ങളായിരുന്നുവല്ലോ (ഇന്നത്തെ അമേരിക്ക, ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ തുടങ്ങിയ ലോക വൻശക്തികൾ പോലെ) സിറിയ ആസ്ഥാനമായി ഭരിച്ചിരുന്ന റോമൻ സാമ്രാജ്യവും, ഇറാഖ് ആസ്ഥാനമായി ഭരിച്ചിരുന്ന പേർഷ്യൻ സാമ്രാജ്യവും, ഖലീഫാ ഉമറിന്റെ ചുണകുട്ടികൾ കീഴടക്കിയപ്പോൾ അക്കാലത്തെ 'ഏകലോക മഹാ വൻശക്തി' മദീന ആസ്ഥാനമാക്കി നബി സ്ഥാപിച്ച 'ഇസ്ലാം' ആയി. അങ്ങിനെകുറച്ചു കാലം ലോകത്തിന്റെ നിയന്ത്രണം ഇസ്ലാമിന്റെയും ഖുർആനിന്റെയും കീഴിൽ വന്നു എന്നതാണ് ഇന്ന് ഇസ്ലാമിനെ ലോകം വാഴ്ത്താൻ കാരണം. അല്ലാതെ അഞ്ചുനേരത്തെ അറബിഭാഷയിലുള്ള "മൂക്കുകൊണ്ട് കുരിശു വരച്ചുള്ള" നമസ്ക്കാരമോ, അഞ്ചുനേരത്തെ ബാങ്കോ, ആമീനോ, അത്തഹിയ്യാത്തോ, ചേലാകർമ്മമോ, ഹദീസ് ഗ്രന്ഥങ്ങളോ അക്കാലത്തൊന്നും ഉണ്ടായിരുന്നില്ല. സുന്നികളുടെ മക്കളല്ലാത്ത ഒരു മതവിഭാഗത്തെയും ഈ അനാചാരങ്ങൾ ആകർഷിച്ചിരുന്നുമില്ല. ആചാരങ്ങൾക്കും, ഭാഷയ്ക്കും യാതൊരു പ്രാധാന്യവും നൽകാതെ, കണിശമായും, നീതിയിലും നന്മയിലും അധിഷ്ഠിതമായ ഖുർആൻ കൊണ്ട് ജീവിക്കാനും, ഭരിക്കാനുമായിരുന്നു നബി തിരുമേനിയും ഖലിഫാ ഉമറും, ഇമാംഅലിയും തന്റെ അനുചരൻമാർക്ക് നിർദ്ദേശം നൽകിയിരുന്നത്.

സ്വജനപക്ഷപാതികളും, താന്തോന്നികളും, മർദ്ദകരും, അഹങ്കാരികളുമായിരുന്ന ഈജിപ്തിലെയും-സിറിയയിലെയും, ഇറാഖിലേയും ഭരണാധികാരികളുടെയും പ്രഭുക്കൻമാരുടെയും കീഴിൽ അടിമകളെപ്പോലെ മർദ്ദിതരും ചൂഷിതരുമായി നരകതുല്യമായ ജീവിതം നയിച്ചിരുന്ന പാവപ്പെട്ട ജനങ്ങൾക്ക് ഒരു കുളിർകാറ്റു പോലെയായിരുന്നു ഖലീഫാ ഉമറിന്റെ സൈന്യത്തിന്റെ വരവ്. ഖലീഫാ ഉമറിന്റെ സൈന്യത്തിന് തോൽപ്പിക്കാനുണ്ടായിരുന്നത് അവിടുത്തെ സാധാരണ ജനങ്ങളെയായിരുന്നില്ല. അവിടുത്തെ രാജാക്കൻമാരെ മാത്രമായിരുന്നു. ഖലീഫാ ഉമറിന്റെ സൈന്യം കീഴടക്കിയ പ്രദേശങ്ങളിലെ സാധാരണക്കാരുടെ മനം മുഴുവൻ ഖലീഫയുടെ സൈന്യത്തോടൊപ്പമായിരുന്നു. ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഖലീഫാ ഉമർ നബിയുടെ ഇസ്ലാമിക രാഷ്ട്രത്തെ ആക്രമിച്ച-തകർക്കാൻ ശ്രമിച്ച- സിറിയ, ഇറാഖ്, ഈജിപ്ത് (Fertile Crescent) എന്നീ നാടുകളിലേക്ക് കാലെടുത്തുവെച്ചതും, ആ അക്രമികളെ കീഴടക്കിയതും, ഇസ്ലാമിനെ അക്കാലത്തെ ഒരു ലോകമഹാ വൻശക്തിയാക്കി മാറ്റിയതും. അതോടുകൂടി ഹിജാസ് പ്രവിശ്യ (മക്ക, മദീന, തായിഫ്) റോമൻ പ്രവിശ്യ, (സിറിയ, ലബനാൻ), ആഫ്രിക്കൻ പ്രവിശ്യ - ഉത്തരാഫ്രിക്ക- (ഈജിപ്ത്) പേർഷ്യൻ പ്രവിശ്യ (ഇറാൻ, ഇറാഖ്) എന്നിങ്ങനെ ലോകചരിത്രത്തിലെ ഏറ്റവും വലിയ സമ്പന്ന ഭൂപ്രദേശം (Fertile Crescent) ആചാരങ്ങൾക്കോ, മതങ്ങൾക്കോ, ജാതിക്കോ, വർണ്ണത്തിനോ, ഭാഷയ്ക്കോ, പ്രാർത്ഥനാരീതിക്കോ, പ്രാധാന്യം കൊടുക്കാതെ നീതിയും, ന്യായവും, നന്മയും മാത്രം അനുസരിച്ചു കാര്യങ്ങൾ ചെയ്യാൻ പഠിപ്പിക്കുന്ന (ഖുർആൻ അനുസരിച്ചുള്ള) ഒരു സുവർണ്ണ ഭരണത്തിന്റെ കീഴിലായി. റോമാ-പേർഷ്യൻ സാമ്രാജ്യത്തിലെ രാജാക്കൻമാരും, ഇടപ്രഭുക്കളും അവിടുത്തെ ജനങ്ങളെ മർദ്ദിച്ചും ചൂഷണം ചെയ്തും സമ്പാദിച്ചുകൂട്ടിയ ഖജനാവുകളുടെ താക്കോൽ ഖലീഫാ ഉമറിന്റെ കൈയിൽ വന്നുചേർന്നു. ഖലീഫാ ഉമറിന്റെ സേനാനായകൻമാർ, ഖലീഫയുടെ നിർദ്ദേശപ്രകാരം എല്ലാ രാജകൊട്ടാരങ്ങളിലും കുന്നുകൂട്ടി വെച്ചിരുന്ന സ്വർണ്ണവും, വെള്ളിയും, രത്നവുമൊക്കെയടങ്ങുന്ന നിധികളുടെ ഒരു പട്ടിക തന്നെ തയ്യാറാക്കി.

ഇറാഖിലും, സിറിയയിലും, ഈജിപ്തിലുമൊക്കെയുള്ള നദീതടങ്ങളിലെ (യൂഫ്രട്ടീസ്-ടൈഗ്രീസ് നദി, നൈൽ നദി, ജോർദ്ദാൻ നദി തുടങ്ങിയ നദീതടങ്ങളിലെ) സാധാരണ കർഷകരുടെ കൃഷിഭൂമികളും, ജലസേചനപദ്ധതികളും ഒന്നും ശ്രദ്ധിക്കാതെ അവരിൽ നിന്നും ഭീമമായ തുക നികുതിയിനത്തിൽ പിടിച്ചുവാങ്ങി, നികുതി കൊടുക്കാൻ വിസമ്മതിച്ച കർഷകകുടുംബങ്ങളെ കൂട്ടത്തോടെ കൊന്നൊടുക്കിയും അതിക്രൂരമായി അവിടുത്തെ പ്രഭുക്കളും രാജാക്കൻമാരും കൊള്ളപ്പലിശയിലൂടെയും മറ്റും സമ്പാദിച്ചുകൂട്ടിയ നിധിയുടെ ശേഖരമാണ് ഖലീഫാഉമറിന്റെ കയ്യിൽ വന്നത്. ഖലീഫയുടെ നിർദ്ദേശപ്രകാരം ആ ധനത്തിൽ നിന്ന് നല്ലൊരു വിഹിതം അവിടുത്തെ ജലസേചനപദ്ധതികൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി വിനിയോഗിച്ചു. യൂഫ്രട്ടീസ്-ടൈഗ്രീസ് നദികളും അവയുടെ പോഷകനദികളുമൊക്കെ ചേർന്ന് ഇറാഖിന്റെ വലിയൊരുഭാഗം ഫലസമൃദ്ധമായ കൃഷിഭൂമിയാൽ അനുഗ്രഹീതമായിരുന്നു. എന്നാൽ പലപ്പോഴും ഉണ്ടാകുന്ന വെള്ളപ്പൊക്കം

കാരണം കൃഷിഭൂമികൾ നശിക്കുകയും, അത് കർഷകർക്ക് ദുരിതമാവുകയും ചെയ്തിരുന്നു. ചില രാജാക്കൻമാർ 'തടയണ' കെട്ടിയും, ബണ്ടു കെട്ടിയും, കനാലുകൾ നിർമ്മിച്ചുമൊക്കെ ആ സമതലങ്ങളിലെ കൃഷിഭൂമികൾ ഉപയോഗ യോഗ്യമാക്കി കർഷകരെ സഹായിച്ചിരുന്നു. എന്നാൽ ദുഷ്ടൻമാരായ പല ഇടപ്രഭുക്കളും രാജാക്കൻമാരും അത്തരം നിർമ്മാണപ്രവർത്തനങ്ങളിൽ ഒന്നും ശ്രദ്ധിക്കാതെ - കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഗണിക്കാതെ - ഭീമമായ തുക നികുതിയായി പിടിച്ചുവാങ്ങിക്കൊണ്ടിരുന്നു. ഇറാഖിലെ സാധാരണ കർഷകർ ഈ രീതിയിൽ അസംതൃപ്തരായി നിൽക്കുമ്പോഴാണ് ഖലീഫാ ഉമറിന്റെ സൈന്യം രക്ഷകരായി അവിടെയെത്തുന്നത്. ഖലീഫയുടെ നിർദ്ദേശപ്രകാരം സൈന്യാധിപനായ 'സഅദും'ഖാലിദു-ബിൻ-വലീദും അവിടുത്തെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തു. ഏതാനും മാസങ്ങൾ കൊണ്ട് കർക്കശമായ ഒരു സമയബദ്ധിത പരിപാടിയിലൂടെ ഇറാഖിലെ എല്ലാ തകർന്നുകിടന്ന ബണ്ടുകളും, കനാലുകളും, അണക്കെട്ടുകളും പ്രവർത്തനക്ഷമമാക്കി. കർഷകരുടെ ക്ഷേമത്തിനായി പല പദ്ധതികളും അവിടെയുള്ള ഖലീഫയെ അനുകൂലിച്ചിരുന്ന ചില പാതിരിമാരുടെയും, ഇട പ്രഭുക്കൻമാരുടെയും സഹായത്തോടെ നടപ്പിലാക്കി. നബിയെയും ഇസ്ലാമിക രാഷ്ട്രത്തെയും അംഗീകരിക്കുന്നതിന്റെ ഭാഗമായി 'ജിസ്യ' എന്ന പേരിൽ ഒരു നികുതിയും ഖലീഫ അവരുടെ മേൽ നബിയുടെ പഴയകാല നടപടിക്രമം അനുസരിച്ച് ഏർപ്പെടുത്തി. (ആ നികുതിയാകട്ടെ നമ്മുടെ ഇന്നത്തെ ജനാധിപത്യരാജ്യങ്ങളിലെ കാർഷിക നികുതിക്കും, വിൽപന നികുതിക്കും, ഭവന നികുതിക്കും, കെട്ടിടനികുതിക്കും മറ്റും തുല്യമായ ഒരു സംഖ്യ മാത്രമായിരുന്നു. അല്ലാതെ അതൊരു വർഗ്ഗീയമോ, പക്ഷപാതപരമോ ആയ ചുങ്കമായിരുന്നില്ല. അത് ഉദാഹരണസഹിതം പിന്നീട് വ്യക്തമാക്കുന്നുണ്ട്.)

ഈ രീതിയിൽ ഇറാൻ, ഇറാഖ്, സിറിയ, ഈജിപ്ത് തുടങ്ങിയ നാടുകളിലെ സാധാരക്കാരുടെ മനസ്സ് കീഴടക്കിക്കൊണ്ടായിരുന്നു ഖലീഫാ ഉമറിന്റെ ജൈത്രയാത്ര. അഞ്ചുനേരം അറബിഭാഷയിൽ പ്രാർത്ഥിക്കണമെന്നോ, അത്തഹിയ്യാത്ത് ഓതണമെന്നോ, ആമീൻ പറഞ്ഞു പ്രാർത്ഥിക്കണമെന്നോ, ചേലാ കർമ്മം ചെയ്യണമെന്നോ അങ്ങിനെ പ്രാർത്ഥിക്കുന്ന സുന്നികൾക്ക് മാത്രമേ സ്വർഗ്ഗമുള്ളു എന്നോ ഉള്ള- വർഗ്ഗീയ പാഠങ്ങൾ പഠിപ്പിച്ചുകൊണ്ടായിരുന്നില്ല നബിയുടെ (ഖലീഫാ ഉമറിന്റെ) ജൈത്രയാത്രയും, രാഷ്ട്ര നിർമ്മാണ പ്രവർത്തനങ്ങളും. അങ്ങനെ നബിതിരുമേനിയുടെയും ഖലിഫാ ഉമറിന്റെയും ഒക്കെ ബാല്യകാലത്ത് 'സ്വർഗ്ഗലോകം' പോലെ അവർ (അറബികൾ) കരുതിയിരുന്ന ഇറാൻ, ഇറാഖ്, സിറിയ ഈജിപ്ത് തുടങ്ങിയ നാടുകളുടെ (Fertile cresent ന്റെ) ഒരു ഭാഗമായി നിലകൊള്ളാൻ നബിയുടെയും ഖലീഫമാരുടെയും ഭരണകാലത്ത് അറേബ്യയിലെ ഗ്രാമീണ ഗോത്രങ്ങൾക്ക് ഭാഗ്യമുണ്ടായി. ഇറാനിലെയും, ഇറാഖിലെയും, സിറിയയിലും, ഈജിപ്തിലെയും നിർമ്മാണപ്രവർത്തനങ്ങളും, അവിടുത്തെ പൗരൻമാരുടെ എല്ലാ സാമ്പത്തിക സാമൂഹ്യ പ്രശ്നങ്ങളും പരിഹരിച്ച ശേഷമാണ് ബാക്കിയുള്ള നിധിശേഖരവുമായി -പൊതുഖജനാവിലെ സ്വർണ്ണവും രത്നവുമൊക്കെയായി -ഖലീഫയുടെ സൈന്യാധിപൻ അറേബ്യയുടെ തലസ്ഥാനമായ മദീനയിൽ എത്തിയിരുന്നത്. അങ്ങിനെ ബാക്കി വരുന്ന എല്ലാ സ്വത്തുക്കളുടെയും ഒരു ലിസ്റ്റ് തയ്യാറാക്കാൻ ഖലിഫാ ഉമർ വീണ്ടും തന്റെ അടുത്ത അനുചരൻമാർക്ക് നിർദ്ദേശം നൽകി. മദീനയിലെ പള്ളിയിൽ പേർഷ്യൻ-റോമാ സാമ്രാജ്യങ്ങളിലെ സമ്പത്തുകൾ കുന്നുകൂടിയപ്പോൾ, ആ സമ്പത്ത് എങ്ങിനെ വിനിയോഗിക്കണം എന്നതായി ഖലഫാ ഉമറിന്റെ അടുത്ത പ്രശ്നം. ഇസ്ലാമിന്റെ ആദ്യ നാളുകളിൽ നബിതിരുമേനിക്ക് താങ്ങും തണലുമായി നിന്നവരായിരുന്നുവല്ലോ മക്കയിലെ മുഹാജിറുകളും, മദീനയിലെ അൻസാരികളും. ഖലീഫയുടെ വീക്ഷണത്തിൽ അവരായിരുന്നു ആദ്യകാല ഇസ്ലാമിന്റെ അസംസ്കൃതവസ്തുക്കൾ ! അവരിൽ നിന്നാണ് നബി തിരുമേനി ശക്തമായ ഒരു സമൂഹവും, ഇസ്ലാമിക രാഷ്ട്രവും പിന്നീട് വളർത്തിയെടുത്തത്. അതുകൊണ്ടുതന്നെ ആ 300-ൽ പരം കുടുംബങ്ങളെ കണ്ടെത്തി അവർക്കൊക്കെ വർഷം തോറും ജീവിക്കാൻ ആവശ്യമായ പെൻഷൻ തുക നൽകാൻ ഖലീഫയും ഖലീഫയുടെ ശൂറാ അംഗങ്ങളും (Parliment) തീരുമാനിച്ചു. ആ മുഹാജിറുകളിൽ പലരും (അൻസാരികളിൽ പലരും) വീരമൃത്യു വരിച്ചും രക്തസാക്ഷികളായും വാർദ്ധക്യസഹജമായ രോഗത്താലും മരിച്ചിരുന്നു. അങ്ങിനെയുള്ള വ്യക്തികളുടെ കുടുംബങ്ങളെ കണ്ടു പിടിച്ചു അവർക്കു മരണം വരെ ജീവക്കാനുള്ള പെൻഷൻ നൽകി ഖലീഫാ ഉമർ നബിയുടെയും, ഇസ്ലാമിന്റെയും ഒരിക്കലും മരിക്കാത്ത കൃതജ്ഞത അവരെ അറിയിച്ചു. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസവും ഭക്ഷണവും എന്ന പദ്ധതിയിലൂടെ, കുറെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കി. അവയുടെയൊക്കെ റെക്കോർഡുകൾ സൂക്ഷിക്കാൻ, മദീനയിൽ തന്റെ പള്ളിക്കു സമീപം ഒരു പ്രത്യേക കെട്ടിടം തന്നെ ഖലീഫാ ഉമർ പണികഴിപ്പിച്ചിരുന്നു. അങ്ങിനെ 'സ്വർഗ്ഗഭൂമിയായി' അറബികൾ കരുതിയിരുന്നു റോമാ -പേർഷ്യൻ സാമ്രാജ്യങ്ങളുടെ ഭാഗമായി രണ്ടു വ്യാഴവട്ടക്കാലം (സുമാർ 30 വർഷം) സൗദ്യഅറേബ്യ നിന്നപ്പോൾ അറേബ്യയിലെ ഗോത്രങ്ങളിൽ നിന്ന് പട്ടിണിയും, പരിവട്ടവും, ഗോത്രയുദ്ധങ്ങളും കമേണ ഇല്ലാതായി. നബിയുടെയും ഖലീഫാ ഉമറിന്റെയുമൊക്കെ കുട്ടിക്കാലത്ത്, വഴിയിൽ ചത്തുകിടക്കുന്ന മൃഗങ്ങളെപ്പോലും, പിടിച്ചു വലിച്ചു, ഇഴച്ചു കൊണ്ടുവന്നു കണ്ടം തുണ്ടമാക്കി, ഉണക്കി സൂക്ഷിച്ചു വെക്കുകയും ഭക്ഷിക്കുകയും ഒക്കെ ചെയ്യുന്ന ഗ്രാമീണ അറബികൾ ഉണ്ടായിരുന്നു. ആ 'ശവം തീനികൾ' റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളിലെ ആഢ്യൻമാരും, സമ്പന്നൻമാരുമായ ആളുകൾക്ക് ഒരു അത്ഭുതവും

വിസ്മയവുമായിരുന്നു. എന്നാൽ നബിയുടെ ഖുർആനിക വിപ്ലവം അറേബ്യയിലെ ദാരിദ്ര്യവും പട്ടിണിയും മാറ്റി നിർത്തിയപ്പോൾ അവരിലെ ഗോത്രവഴക്കുക ളും ക്രമേണ ഇല്ലാതായി. ഭക്ഷണപദാർത്ഥങ്ങൾക്കും, വെള്ളത്തിനും, മുയലിനും, ഒട്ടകങ്ങൾക്കും മേച്ചിൽ സ്ഥലങ്ങൾക്കും വേണ്ടിയുള്ള ചെറിയ തർക്കങ്ങളായിരുന്നു അറേബ്യയിലെ വൻ യുദ്ധങ്ങളിലും രക്തചൊരിച്ചിലുകളിലും അവസാനിച്ചിരുന്നത്. 'കലഹപ്രിയരെ'ന്നും, 'ഒന്നിനും കൊള്ളാത്തവരെ'ന്നും, 'വിവരം കെട്ടവരെ'ന്നും (ഉമ്മിയ്യുകൾ), സംസ്കാരശൂന്യർ എന്നും അറേബ്യയിലെയും, റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളിലെയും ചില വേദക്കാരും, (ചില ജൂത-ക്രിസ്ത്യൻ സമൂഹങ്ങളും)കളിയാക്കിയിരുന്ന അറബികൾ പിന്നീട് അതേ പേർഷ്യൻ-റോമാസാമ്രാജ്യങ്ങളെ വിസ്മയിപ്പിച്ച മഹത്തായ ഒരു ഭരണ കൂടത്തിന്റെയും വമ്പിച്ച ഒരു സംസ്കാരത്തിന്റെയും, ധാർമ്മിക വിപ്ലവത്തിന്റെയും സർവ്വോപരി ലോകസമാധാനത്തിന്റെയും സന്ദേശഹവാഹകരായി ലോകം മുഴുവൻ നിറഞ്ഞുനിന്നു. ഖുർ ആൻ എന്ന വേദഗ്രന്ഥം ഒരു കുളിർ മഴയായി അവരിലേക്ക് പെയ്തിറങ്ങിയതിന്റെ പരിണതഫലമായിരുന്നു ആ വിപ്ലവം.

ഖലീഫാ ഉമറും, ഖലീഫാ ഉസ്മാനും, ഇമാം അലിയുമൊക്കെ തങ്ങളുടെ കീഴിലുള്ള അനറബി പ്രവിശ്യകളിലെ ഭരണസംവിധാനമോ, ഭരണഭാഷയോ മാറ്റിയിരുന്നില്ല. ഇസ്‌ലാമിനെയും, ഇസ്‌ലാമിന്റെ ഖലീഫയെയും അംഗീകരിക്കുകയും, നീതിയും ന്യായവും അനുസരിച്ചു ജനങ്ങളെ വെറുപ്പിക്കാതെ ഭരിക്കാമെന്നുറപ്പു നൽകുകയും ചെയ്യുന്ന, രാജാക്കന്മാർക്ക് അവരുടെ ആചാരങ്ങൾക്കനുസരിച്ചു ജീവിക്കാമെന്നതായിരുന്നു നബിമുതൽ നാലു ഖലീഫമാരുടെ വിദേശനയത്തിന്റെ ഏറ്റവും തന്ത്രപ്രധാനമായ ഭാഗം. ഖുർആനെയും, ഇസ്‌ലാമികനെയും കളിയാക്കാതെയും,നിന്ദിക്കാതെയും, ഓരോ നാട്ടുരാജാവിനും, അദ്ദേഹത്തിന്റേതായ രീതിയിൽ ഭരിക്കാനുള്ള സ്വാതന്ത്ര്യം ഖലീഫാ ഉമർ നൽകിയിരുന്നു. ഇസ്ലാമിനെയും (ഖുർആനെയും), ഖലീഫയെയും അംഗീകരിക്കുന്നതിന്റെ ഭാഗമായി അവർ 'ജിസ്യ' (തലവരി- Poll tax) നൽകണമെന്ന് മാത്രം. അവരെ നിരീക്ഷിക്കാൻ ഖലീഫയുടെ ഒരു 'നിരീക്ഷണസംഘം' (ഇന്നത്തെ എമ്പസി പോലെ-വിദേശ കാര്യാലയം പോലെ) ഖലീഫ ഉമർ നിയമിച്ചിരുന്നു. രാജാക്കൻമാരും, പ്രഭുക്കൻമാരും, വ്യക്തമായി ദുർനടപ്പുകാരോ, ആക്രമികളോ ഖുർആൻ വിരോധികളോ ആയാൽ, മാത്രമേ, ഖലീഫാ ഉമറിന്റെ സൈന്യം ആ പ്രവിശ്യയിൽ നേരിട്ടു ഇടപെട്ടിരുന്നുള്ളു. ഈ രീതിയിൽ റോമാ-പേർഷ്യൻ സാമ്രാജ്യം മുഴുവൻ കീഴടക്കാൻ ഖലീഫാ ഉമറിന്നു കഴിഞ്ഞു. ഖലീഫാ ഉമറിനെ തുടർന്നുവന്ന ഖലീഫാ ഉസ്മാനും, ഇമാം അലിയും ഇതേതത്വം തന്നെയാണ് 'വിദേശനയ'ത്തിൽ അനുവർത്തിച്ചത്.

എന്നാൽ ഇസ്‌ലാമിന്റെ ആ നല്ലനാളുകൾ അധിക കാലം നീണ്ടുനിന്നില്ല. ലോകത്തിലെ ഏറ്റവും സമ്പന്നമായ ഒരു ഭൂപ്രദേശത്തിന്റെ ഗവർണ്ണറായി 12 വർഷത്തിലധികം സിറിയയിൽ നിന്നുകൊണ്ട് ഭരിക്കാൻ കഴിഞ്ഞ മുആവിയ എന്ന ഗവർണർ മദീനയിലെ ഖലീഫയേക്കാളും ശക്തനും സമ്പന്നനും സ്വാധീനവുമുള്ള ആളുമായി മാറിയിരുന്നു.ക്രമേണ മുആവിയ ഇമാം അലിയേയും, ഖലീഫാ ഉസ്മാനേയും തമ്മിലടിപ്പിച്ചു. ഒടുവിൽ ഇസ്‌ലാമിക ഭരണം അവസാനിക്കുകയും സിറിയ ആസ്ഥാനമായി ഇസ്‌ലാമിന്റെ പേരിൽ തന്റെ രാജഭരണം (93 വർഷം നീണ്ടുനിന്ന അമവി രാജഭരണം) ആരംഭിക്കുകയും ചെയ്തു. ഖുർആനുപകരം ഹദീസുകളുണ്ടാക്കാനും, ഇസ്‌ലാം എന്ന വിപ്ലവ പ്രസ്ഥാനത്തെ 'സുന്നത്ത് ജമാഅത്ത്' എന്ന ഒരു, അനാചാര മതമാക്കാനും, നമസ്കാരം, നോമ്പ്, ഹജ്ജ്, ബാങ്ക്, ചേലാകർമ്മം എന്നിവക്കു അമിത പ്രാധാന്യം നൽകി അങ്ങിനെ ക്രിസ്തുമതം പോലെ ഒരു പ്രാർത്ഥനാ മതമാക്കി മാറ്റാനും മുആവിയ തന്റെ പണവും സ്വാധീനവും സൈനികശക്തിയും ഉപയോഗിച്ചു. എങ്കിലും, അതു മുആവിയയുടെ ഭരണകാലത്ത് വലിയ മാറ്റങ്ങളൊന്നും അറേബ്യയിൽ ഉണ്ടാക്കിയിരുന്നില്ല. തന്റെ രാഷ്ട്രീയ ഏതിരാളിയായ ഇമാം അലിയോടുള്ള 'പക'യുടെയും പകരം വീട്ടലിന്റെയും പ്രതിഫലനമായിട്ടേ പലരും അതിനെ കണ്ടതുള്ളൂ. എന്നാൽ അമവി ഭരണം ഏതാണ്ടു പകുതിയായപ്പോൾ വന്ന അബ്ദുൽ മലിക്കു ബിൻ മർവന്റെ കാലമാണ് 'സുന്നികളുടെ' സുവർണ്ണയുഗം എന്നപേരിൽ അറിയപ്പെടുന്നത്. ഭരണഭാഷ മുഴുവൻ പ്രാദേശിക ഭാഷയിൽ നിന്ന് അറബി ഭാഷയിലേക്ക് മാറ്റി ഒരു ഏകീകൃത രൂപം വരുത്തി. ആദ്യമായി അറബിയിൽ മുദ്രണം ചെയ്ത സ്വർണ്ണ നാണയങ്ങളും വെള്ളിനാണയങ്ങളും ഇറക്കുന്നത് ഹജ്ജാജുബിൻ യൂസുഫ് ഗവർണ്ണറായിരുന്ന അബ്ദുൽ മലിക് ബിൻ മർവാന്റെ കാലത്തായിരുന്നു. ഖുർആൻ മാറ്റാൻ പറ്റാത്തതുകൊണ്ട് ഖുർആനിലെ പല വചനങ്ങൾക്കും, ഒരു പ്രത്യേക അർത്ഥം നൽകി ഹദീസുകൾകൊണ്ട് വ്യാഖ്യാനിക്കാൻ തുടങ്ങി.

അങ്ങിനെ വിശുദ്ധഖുർആനിലെ പല വചനങ്ങളുടെയും വാക്കുകളുടെയും അർത്ഥവും ആശയവും മാറ്റി മറിച്ചുകൊണ്ട് ഒരു പുതിയ ദുർവ്യാഖ്യാനത്തോടെ ഖുർആൻ പരിഭാഷ (സുന്നീ തഫ്സീർ) ആരംഭിക്കുന്നത് ഹജ്ജാബിൻ യൂസുഫ് ഗവർണർ പദവിയിലിരുന്ന, കാലഘട്ടിത്തിലായിരുന്നു. അങ്ങിനെ ഖുർആനിൽ മാറ്റം വരുത്താൻ പറ്റിയില്ലെങ്കിലും ഖുർആനിലെ ചില പദങ്ങൾക്ക് അർത്ഥം മാറ്റിക്കൊണ്ടും ഖുർആൻ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടും പുതിയ സുന്നീ നിയമങ്ങൾ (ഖുർആൻ പുതിയ നിയമം) തന്ത്രപൂർവ്വം സുന്നികളറിയാതെ സുന്നികളിലൂടെ വളർത്തിയെടുക്കാൻ നീണ്ട 92 വർഷം കൊണ്ട് അമവീ രാജാക്കൻമാർക്ക് കഴിഞ്ഞു.

'ലാത്ത' ദേവിയെ ആരാധിച്ചിരുന്ന ത്വായിഫിലെ കുപ്രസിദ്ധമായ 'സഖീഫ്' ഗോത്രത്തിലാണ് ഹജ്ജാജു ബിൻ യൂസുഫ് ജനിച്ചത്. 'ലാത്താ'ദേവിയെ സുഭിക്ഷതയുടെയും, 'ലൈംഗികാസക്തി'യുടെയും, 'സന്താന സൗഭാഗ്യ'ത്തിന്റെയും ദേവിയായിട്ടാണ് തായിഫിലെ 'സഖിഫ് ഗോത്രക്കാർ ആരാധിച്ചിരുന്നത്. 'ശിവലിംഗം' പോലുള്ള വിഗ്രഹങ്ങളെ ആരാധിക്കുകയും 'ലാത്താ'ദേവിയെ പ്രസാദിപ്പിക്കാനായി 'യോനീ പൂജ'യും ആ ഗോത്രവർഗ്ഗം നടത്തിയിരുന്നു. ആ കാലഘട്ടത്തിലാണ് 'ഹജറുൽ അസ്‌വദു' (എന്ന കരിങ്കല്ല്) ജിബ് രിൽ ഇന്ത്യയിൽ നിന്നുകൊണ്ടു വന്നു എന്നു തുടങ്ങുന്ന കള്ളഹദീസ് അമവികൾ പ്രചരിപ്പിച്ചത്.

ഒരു മദ്രസ്സാ അദ്ധ്യാപകനായിട്ടാണ് ഹജ്ജാജുബിൻ യൂസുഫ് തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചത്. എങ്കിലും പിന്നീട് അമവികളുടെ സൈന്യത്തിൽ ചേർന്ന ഹജ്ജാജ് തന്റെ അനിതര സാധാരണമായ വാക്ചാതുരി കൊണ്ടും, ഭാഷാജ്ഞാനം കൊണ്ടും, സർവ്വോപരി ധൈര്യവും സ്ഥൈര്യവുമുള്ള ചില നിലപാടുകൾ കൊണ്ടും പെട്ടെന്ന് അമവി ഭരണകർത്താക്കൾക്കിടയിൽ ശ്രദ്ധേയനായി. അമവികൾക്കെതിരെ വിപ്ലവം പൊട്ടിപുറപ്പെട്ട ഹിജാസ്, ഇറാഖ് പ്രവിശ്യയിലൊക്കെ തന്റെ ക്രൂരന്മാരായ ഒരുപറ്റം സൈനികരോടൊപ്പം പോയി അവിടെയുള്ള വിപ്ലവകാരികളെയും അവരുടെ ബന്ധുക്കളെയും അവരുടെ അയൽപക്കത്ത് താമസിക്കുന്നവരെയും കൂട്ടത്തോടെ കൊന്നൊടുക്കി 'വിജശ്രീലാളിതനായി' ഹജാജ് തിരിച്ചു വന്നു. അമവികൾക്കെതിരെ വിപ്ലം പ്രഖ്യാപിച്ച നബി കുടുംബത്തോട് (ഹാശിം കുടുംബത്തോടും, അലികുടുംബത്തോടും) ഏതെങ്കിലും രീതിയിൽ കൂറ് പ്രഖ്യാപിച്ച, എഴുത്തും വായനയുമറിയുന്ന ചില പ്രാചീന മുസ്ലിംഗോത്രങ്ങളെ ഹജാജ്ബിൻ യൂസുഫ് ഭൂമുഖത്ത് നിന്ന് തന്നെപാടെ തുടച്ചു നീക്കി.

നബിയുടെയും ഖലീഫാ ഉമറിന്റെയും കാലത്ത്, അറേബ്യയിലെ ഗോത്രഭാഷ മാത്രമായിരുന്ന അറബിഭാഷയുടെ 'ലിപി'യിലും, അർത്ഥത്തിലുമൊക്കെ ചില പരിഷ്ക്കാരങ്ങൾ വരുത്തി, ഹജ്ജാജുബിൻ യൂസുഫ് അതു ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഔദ്യോഗിക ഭാഷയും, 'ഭരണഭാഷ'യുമൊക്കെയാക്കി മാറ്റി. അങ്ങിനെ ഖുർആനിലെ പലവചനങ്ങളുടെയും അർത്ഥവും ആശയവും അട്ടിമറിക്കാൻ അമവികൾക്ക് കഴിഞ്ഞു. നബിയുടെ കാലത്ത് മക്കയിലും പരിസരത്തിലും നിലവിലുണ്ടായിരുന്ന ഖുറൈശികളുടെ ഒറിജിനൽ അറബിക് ഭാഷയിലാണ് വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഇന്നുള്ള സുന്നി-ശിയാ തഫ്സീറുകൾ മുഴുവൻ വരുന്നത് ഇറാൻ, ഇറാഖ്, സിറിയ-ഈജിപ്ത് തുടങ്ങിയ റോമ-പേർഷ്യൻ സാമ്രാജ്യങ്ങളിലെ രാജാക്കന്മാർക്കിടയിൽ പരിഷ്കരിക്കപ്പെട്ട പുത്തൻ അറബിഭാഷയുടെ സ്വാധീനത്തിലാണ്. (92 വർഷത്തെ അമവി ഭരണം കഴിഞ്ഞ്, അബ്ബാസി ഭരണം വരികയും അങ്ങിനെ അബ്ബാസി ഭരണം വീണ്ടു ഒരു 100 വർഷം കഴിഞ്ഞതിന് ശേഷമാണ്, എഴുത്ത് വിദ്യയും എഴുത്ത് ഉപകരണങ്ങളും വളരെ സാർവ്വത്രികമായ കാലഘട്ടത്തിൽ, അബ്ബാസി രാജാക്കന്മാർക്ക് വേണ്ടി അവരുടെ ഇംഗിതമനുസരിച്ച് മാത്രം എഴുതുകയും പ്രസംഗിക്കുകയും ചെയ്തിരുന്ന **ബുഖാരി-മുസ്‌ലിം, അബൂദാവൂദ്, തുർമുദി, നസാഈ, ഇബ്നുമാജ തുടങ്ങിയ സുവിശേഷകന്മാർ** ഹദീസ് ഗ്രന്ഥങ്ങൾ രചിക്കാൻ തുടങ്ങിയത്). തന്റെ യജമാനന്മാരും പൂർവ്വീകരുമായ മുആവിയയുടെയും അബൂഹുറൈറയുടെയും ഹദീസുകളുടെ അടിസ്ഥാനത്തിലുള്ള അർത്ഥങ്ങളിലൂടെയും, വ്യാഖ്യാനങ്ങളിലൂടെയും മാത്രമേ ഖുർആൻ വായിക്കാൻ പാടുള്ളു എന്നതായിരുന്നു ഹജ്ജാജിന്റെ നയം. അങ്ങിനെ നബിയുടെയും, മുഹാജിറുകളുടെയും, അൻസാരികളുടെയും ഖുർആനും, (അഥവാ മക്കാ-മദീനയിൽ നിന്നുള്ള ഖുർആനും) അമവികളുടെ ഖുർആനും(അഥവാ സുന്നികളുടെ ഖുർആനും- അഥവാ ഇറാഖ് സിറിയ-ഈജിപ്ത് എന്നീ നാടുകളിൽ നിന്നുള്ള ഖുർആനും ) ലിപിയിലും ഭാഷയിലും ഒന്നാണെങ്കിലും അർത്ഥത്തിലും വ്യാഖ്യാനത്തിലും വൈരുദ്ധ്യങ്ങൾ ഉള്ള രണ്ടു പ്രത്യയ ശാസ്ത്രങ്ങളാവാൻ കാരണമായി. ചേകന്നൂർ മൗലവി മുമ്പു നമുക്കു കാണിച്ചു തന്നതും, ഖുർആൻ സുന്നത്തിലെ പുതിയ പണ്ഡിതൻമാർ നമുക്കു കാണിച്ചു തരാൻ പോകുന്ന പുതിയ അർത്ഥങ്ങളും ഈ വസ്തുത നമുക്ക് കൂടതൽ വ്യക്തമാക്കി തരും. ആ രീതിയിൽ ഒരു 'സമാന്തര ഇസ്‌ലാം മതം' തന്നെ (സുന്നിമതം- അറേബ്യൻ ക്രിസ്തുമതം ) സിറിയ ആസ്ഥാനമാക്കി വളർത്തിയെടുക്കാൻ 92 വർഷം കൊണ്ട് അമവി രാജാക്കൻമാർക്ക് കഴിഞ്ഞു. സ്വലാത്ത്, ഇഹ്സാൻ, ഹജ്ജ്, സൗമ്, ഗൈബ്, സ്വബ്ർ, നിസാഅ്, അബ്നാഅ്, എന്നിങ്ങനെയുള്ള ഒരുപാട് പദങ്ങൾക്ക് സന്ദർഭങ്ങൾക്ക് യോജിക്കാത്ത അർത്ഥ സങ്കൽപ്പങ്ങളും, വ്യാഖ്യാനങ്ങളും നൽകി അമവികൾ വിശുദ്ധ ഖുർആനിനെ ഒരു നിർജ്ജീവ ഗ്രന്ഥമാക്കി മാറ്റി മറിച്ചു. ഖുർആൻ, ഇറക്കിയ ഒറിജിനൽ ഖുറൈശികളുടെ 'അറബിക് ഭാഷയിൽ' (Quraish dialect ൽ) ഖുർആൻ വായിക്കുമ്പോൾ ഒരു പടക്കുതിരയെപ്പോലെ - യാഗാശ്വംപോലെ- 'ഖുർആൻ' എന്ന വേദഗ്രന്ഥം തന്റെ 'അശ്വമേധം' വീണ്ടും ആരംഭിക്കുന്നതു കാണാം.

ഇന്നത്തെ സുന്നി-മുജാഹിദ്-ജുമാഅത്ത് മൗലവിമാർ പ്രചരിപ്പിക്കുന്നതുപോലെ നബിയുടെ ഹദീസുകൾ ശേഖരിക്കാൻ ബുഖാരിയും, മുസ്ലിമും ഒന്നും യാതൊരു കഷ്ടപ്പാടും സഹിച്ചിട്ടില്ല. അമവീ ഭരണത്തിന്റെ ആരംഭത്തിൽ മുആവിയയുടെ നിർദ്ദേശപ്രകാരം, അബൂഹുറൈറയും 800 ശിഷ്യൻമാരും എഴുതിയുണ്ടാക്കിയ ഹദീസുകളിലേക്ക് തങ്ങളുടെ കാലത്തെ രാജാക്കൻമാരുടെ നിർദ്ദേശപ്രകാരം ഏതാനും ഹദീസു

കൾകൂടി കൂട്ടിച്ചേർത്ത് ഒരു ഗ്രന്ഥരൂപത്തിലാക്കി എന്നല്ലാതെ, അവരൊന്നും ഒരു കഷ്ടപ്പാടുകളുംസഹിച്ചിട്ടില്ല. പ്രത്യുതാ രാജകൊട്ടാരത്തിലെ എല്ലാവിധ സുഖ സൗകര്യങ്ങളും ആഢംബരങ്ങളും ആസ്വദിച്ചുകൊണ്ടാണ് ആ പുരോഹിതൻമാർ അബ്ബാസി രാജാക്കൻമാരുടെ റാൻമൂളികളായി കഴിഞ്ഞിരുന്നത്. വിശുദ്ധപൗലോസിനും ബൈസാൻ റ്യൻ ചക്രവർത്തിമാർക്കും വേണ്ടി, ക്രിസ്തുവിന്റെ പേരിൽ മാർക്കോസും ലൂക്കോസുമൊക്കെ സുവിശേഷങ്ങൾ എഴുതിയതുപോലെ അമവി-അബ്ബാസി രാജാക്കൻമാർക്കു വേണ്ടി ബുഖാരിയും, മുസ്ലിമും, തുർമുദിയും, നസാഈയും, ഹദീസ്ഗ്രന്ഥങ്ങൾ കെട്ടിയുണ്ടാക്കി എന്നു സാരം.

ഈ വസ്തുത പ്രസിദ്ധ അഹ് ലുൽ ഹദീസ് പണ്ഡിതനായ ഇമാം സുഹ്രിയുടെ ഗ്രന്ഥത്തിൽ നിന്നു തന്നെ വ്യക്തമാണ്. അബ്ദുൽ മലിക്ക് ബിൻ മർവാനുവേണ്ടി താൻ ധാരാളം ഹദീസുകൾ കെട്ടിയുണ്ടാക്കിയെന്ന് ഇമാം സുഹ്രി തന്നെ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് ഒരു ഉദാഹരണസഹിതം നമുക്കു പഠിക്കാം. നാലാം ഖലീഫഇമാം അലിയുടെ മരണത്തോടെ ഇസ്‌ലാമിക ഭരണം അവസാനിച്ചുവല്ലോ. സിറിയ ആസ്ഥാനമായി മുആവിയ രാജഭരണം ആരംഭിക്കുകയും ചെയ്തു. എന്നാൽ ഒന്നാം ഖലീഫയായിരുന്ന അബൂബക്കൽ സിദ്ധിഖിന്റെ പേരക്കുട്ടിയായിരുന്ന അബ്ദുല്ലാഹി ബിൻ സുബൈർ മക്ക ആസ്ഥാനമാക്കി നബിയെപ്പോലെയും, ഖലീഫാ ഉമറിനെപ്പോലെയും ഒരു ഇസ്ലാമിക ഭരണം കൊണ്ടുവരാൻ ശ്രമം നടത്തി. അങ്ങിനെ പതിനൊന്നു വർഷത്തോളം സിറിയയിലുള്ള അമവി ഭരണ കൂടത്തിന് ഒരുതലവേദനയാകാൻ, അബ്ദുല്ലാഹി ബിൻ സുബൈറിന് കഴിഞ്ഞു. മക്കയുടെയും കഅബയുടെയും പൂർണ്ണമായ അധികാരം ആരുടെ കയ്യിലാണോ, അവരെ മാത്രമേ അറേബ്യൻ ഗോത്രങ്ങൾ രാജാവായി അംഗീകരിക്കുമായിരുന്നുള്ളു. (അറബി ഗോത്രങ്ങളുടെ ഈ മനഃശാസ്ത്രം അറിയുന്നതുകൊണ്ടാണ് അറേബ്യയിലെ എല്ലാ ഭരണാധികാരികളും, രാജാക്കന്മാരും മക്കയിലെ (ക അബയുടെ 'കസ്റ്റോഡിയൻ' ആവാൻ മത്സരിക്കുന്നത്. നബിയുടെ പ്രബോധനത്തിന്റെ രണ്ടാം ഘട്ടം (മദീന ആസ്ഥാനമായി നബി ഭരിച്ചപ്പോൾ) നബിയും കൂട്ടുകാരും ക അബയെ തന്റെ സ്വാധീനത്തിൽ കൊണ്ട് വരാൻ ശ്രമിച്ചതും അതുകൊണ്ടായിരുന്നു. വിശുദ്ധ ഖുർആൻ അറേബ്യയിലും അറബി ഗോത്രങ്ങളിലും അംഗീകരിക്കപ്പെടണമെങ്കിൽ ക അബയുടെ ആധിപത്യം കയ്യിൽ വരണം. എങ്കിൽ മാത്രമെ ഏതൊരു അറബി ഗോത്രവും ഇസ്ലാമിനെയും (ഖുർആനിനെയും), നബിയെയും അംഗീകരിക്കുമായിരുന്നുള്ളു. അവിടെയാണ് അന്നും ഇന്നും ക അബയുടെ പ്രസക്തി). യസീദിനെ തുടർന്നു രാജാവായ മർവാനും പിന്നെ അബ്ദുൽ മലിക്കും കുറെ ശ്രമിച്ചിട്ടും, അബ്ദുല്ലാഹി ബിൻ സുബൈറിനെ പരാജയപ്പെടുത്താൻ കഴിഞ്ഞില്ല. മക്ക പിടിച്ചടക്കാൻ പോകുമ്പോഴൊക്കെ, അവിടുത്തെ കഠിനചൂടും (അല്ലെങ്കിൽ കൊടും ശൈത്യം) അതിഭയങ്കരമായ പൊടിക്കാറ്റുമൊക്കെ അബ്ദുല്ലാഹി ബിൻ സുബൈറിന്നും സൈന്യത്തിനും അനുകൂലമായി. ഒടുവിൽ അബ്ദുൽ മലിക്ക് 'മക്ക കീഴടക്കുക' എന്ന ദൗത്യത്തിൽനിന്ന് പിൻമാറി. പകരം 'ബൈത്തുൽ മുഖദിസ്' പുതുക്കി പണിതു മാർബിളും മറ്റും പതിച്ചു ഒരു 'സുവർണ്ണ ഖുബ്ബ'യോടുകൂടി മനോഹരമാക്കി, അതൊരു തീർത്ഥാടന കേന്ദ്രമാക്കി മാറ്റാനും, ക്രമേണ മക്കയിലുള്ളതുപോലെ 'ഹജ്ജുകർമ്മങ്ങൾ' ബൈത്തുൽ മുഖദ്ദസിലും ആരംഭിക്കാനും പദ്ധതിയിട്ടു. ക്രമേണ മക്കയിലെ ഹജ്ജുകർമ്മം, മസ്ജിദുൽ അഖ്സയിലേക്കുമാറ്റുക എന്നതായിരുന്നു അബ്ദുൽ മലിക്കിന്റെ പദ്ധതി. അതിനുവേണ്ടി അന്നത്തെ കൊട്ടാരപുരോഹിതനായിരുന്ന ഇമാംസുഹ്രിയോട് 'ബൈത്തുൽ മുഖദ്ദിസിന്റെ' മഹത്വം വിവരിക്കുന്ന ഹദീസുകൾ കെട്ടിയുണ്ടാക്കാൻ അബ്ദുൽ മലിക്ക് ആവശ്യപ്പെട്ടു. അങ്ങിനെയാണ് 'മൂന്നുപള്ളിയിലേക്കല്ലാതെ തീർത്ഥാടനം പാടില്ല' എന്ന ഹദീസ് ഇമാം സുഹ്രി നബിയുടെ പേരിൽ കെട്ടിയുണ്ടാക്കിയതും പ്രചരിപ്പിച്ചതും. അതായത് - മക്കത്തെപള്ളി (മസ്ജിദുൽഹറാം), മദീനത്തെ പള്ളി (മസ്ജിദുന്നബവി), ബൈത്തുൽ മുഖദ്ദിസ് ഈ മുന്നുപള്ളിയിലേക്കല്ലാതെ തീർത്ഥാടനം പാടില്ല - എന്ന നബിയുടെ പേരിലുള്ള ഹദീസ്, താൻ കെട്ടിയുണ്ടാക്കിയത്. "ഈ അധികാരികൾ നബിയുടെ പേരിൽ ഹദീസുകൾ കെട്ടിയുണ്ടാക്കാൻ നമ്മെ നിർബന്ധിക്കുന്നു" എന്ന് സുഹ്രി തന്നെ ഒരുപാട് സ്ഥലത്തു രേഖപ്പെടുത്തുന്നു. അങ്ങിനെ "ആയിരത്തിലധികം ഹദീസുകൾ അധികാരികൾക്കും അന്നത്തെ രാജാക്കൻമാർക്കും വേണ്ടി താൻ തന്നെ എഴുതിയുണ്ടാക്കി" എന്നു ഇമാം സുഹ്രി രേഖപ്പെടുത്തുന്നു.

കുപ്രസിദ്ധനായ ഹജ്ജാജ്, തന്റെ യജമാനനായ അബ്ദുൽ മലിക്കിന്റെ ഇംഗിതം ശരിക്കും മനസ്സിലാക്കുകയും, മക്കയെയും, അബ്ദുല്ലാഹി ബിൻ സുബൈറിനെയും ഒതുക്കാൻ തനിക്കൊരു അവസരം തരണമെന്ന് അബ്ദുൽ മലിക്കിനോട് ആവശ്യപ്പെടുകയും ചെയ്തു. അങ്ങിനെ അബ്ദുൽ മലിക്കിന്റെ ഗവർണറായ ഹജ്ജാജ് തന്റെ സൈന്യവുമായി മക്കയിലേക്ക് പുറപ്പെട്ടു. തണുപ്പുകാലത്താണ് ഹജ്ജാജ് തന്റെ സൈനിക നീക്കം ആരംഭിച്ചത്. ഏതാനും ദിവസം കഴിഞ്ഞപ്പോൾ കൊടും ശൈത്യവും, പേമാരിയും, ശക്തിയായ ഇടിമിന്നലും ആരംഭിച്ചു. സൈനികർ ചിലർ അത് ദൈവകോപമാണെന്നു പറഞ്ഞു പേടിച്ചു മടങ്ങാൻ ഒരുങ്ങി. ഉടനെ ഹജ്ജാജ് തന്റെ സ്വതസിദ്ധമായ ശൈലിയിൽ അവരെ അഭിമുഖീകരിച്ചു പ്രസംഗിച്ചു. അത് അല്ലാഹുവിന്റെ കോപമല്ലെന്നും, പ്രത്യുത അല്ലാഹു നമ്മെ അനുഗ്രഹിക്കുകയാണെന്നും, നമ്മുടെ വരാൻ പോകുന്ന വിജയത്തിന്റെ ശുഭലക്ഷണമാണതെന്നും അല്ലാഹു നമ്മുടെ യാത്രയിൽ സന്തുഷ്ടനായി "പൂത്തിരി കത്തിച്ചും, പടക്കം പൊട്ടിച്ചും" നമ്മെ അനുഗ്രഹിക്കുകയാണെന്നും പ്രസംഗിച്ചു. ഏതാനും നിമിഷം കഴിഞ്ഞ

പ്പോൾ പേമാരിയും ഇടിമിന്നലും നിന്നു. ഹജ്ജാജ് തന്റെ സൈന്യത്തോടൊപ്പം മക്കയുടെ പ്രാന്ത പ്രദേശത്തെത്തി. അബ്ദുള്ളാഹി ബിൻ സുബൈറിനു കീഴടങ്ങാനും ഖലീഫയുടെ മേൽക്കോയ്മ അംഗീകരിക്കാനും 3 ദിവസത്തെ സമയം കൊടുത്തു. തന്റെ കൗമാരകാലത്ത് നബിയെ കാണാൻ ഭാഗ്യം സിദ്ധിച്ചവനും നബിയോട് അങ്ങേയറ്റത്തെ സ്നേഹവുമുള്ള ഒരു വ്യക്തിയായിരുന്നു അബ്ദുള്ളാഹിബിൻ സുബൈർ. പക്ഷേ അദ്ദേഹം ഒരു പ്രായോഗിക വാദിയായിരുന്നില്ല. നബിയുടെ പട്ടണമായ മക്കക്കും, മദീനയ്ക്കുമൊക്കെ എന്തൊക്കെയോ 'പോരിശ'യുണ്ടെന്നും, ആ വിശ്വാസവും, നബിയോടുള്ള തന്റെ സ്നേഹവും തന്നെ രക്ഷിക്കും എന്നുമാണ് അന്ധവിശ്വാസിയായ അബ്ദുള്ളാഹിബിൻ സുബൈർ കരുതിയത്. (ശത്രുക്കൾ ശക്തരായപ്പോൾ - പ്രബോധനം കാര്യമായ ഫലം ചെയ്യാതായപ്പോൾ - ഖുറൈശികൾ തന്നെ വധിക്കുമെന്നു തോന്നിയപ്പോൾ - നബി തിരുമേനിപോലും മക്കയിൽ നിന്ന് മദീനയിലേക്ക് പാലായനം ചെയ്തതും (ഹിജ്റ), തന്റെ പ്രവർത്തന മണ്ഡലമായി മദീനയെ തിരഞ്ഞെടുത്തതും മറ്റും അബ്ദുള്ളാ ഹിബിൻ സുബൈർ ഓർക്കേണ്ടതായിരുന്നു.) അബ്ദുള്ള കീഴടങ്ങാൻ കൂട്ടാക്കിയില്ല. ഒടുവിൽ ഹജ്ജാജ് മക്കാ പട്ടണം ആക്രമിച്ചു. എഴുപത്തിരണ്ടു വയസ്സുള്ള വൃദ്ധനായ അബ്ദുള്ളാ ബിൻ സുബൈർ കഅബയിൽ അഭയം തേടി. ഹജ്ജാജ് തീയിട്ടും, 'മിൻജനീഖ്' എന്ന ബുൾഡോസർ ഉപയോഗിച്ചും കഅബ നിലം പരിശാക്കി. അബ്ദുള്ളാ ബിൻ സുബൈറിനെയും കൂട്ടുകാരെയും പിടികൂടി കയ്യും തലയും കാലുമൊക്കെ വെട്ടി മാറ്റി. തല തലസ്ഥാനമായ ഡമാസ്ക്കസ്സിലേക്ക് അയച്ചു. ഇബ്നു സുബൈറിന്റെയും, കൂട്ടുകാരുടെയും തലയൊഴികെയുള്ള ശരീരഭാഗങ്ങൾ മൂന്ന് കുരിശിൽ തറച്ചു മാസങ്ങളോളം മക്കാ നഗരിയുടെ കവാടത്തിൽ കെട്ടിത്തൂക്കി. അങ്ങിനെ ഹജ്ജും, കഅബയും, അബ്ദുൽ മലിക്കു ബിൻ മർവാന്റെ അധീനതയിൽ വന്നു ചേർന്നു. അതോടുകൂടി പുതിയ ചില ആചാരങ്ങളോടെ ഹജ്ജു കർമ്മം, മസ്ജിദുൽ അഖ്സയിലേക്കു മാറ്റുക എന്ന പരിപാടി അബ്ദുൽ മലിക്കും, ഹജ്ജാജുബിൻ യൂസുഫും ഉപേക്ഷിച്ചു. നബിയുടെ മണ്ണിൽ തന്നെ- ഇസ്ലാമിന്റെ ഈറ്റില്ലമായ മക്കയിൽ തന്നെ, അഹ്ലുസ്സുന്നത്തിന്റെ (അറേബ്യൻ ക്രിസ്തുമതത്തിന്റെ) വെന്നിക്കൊടി പാറിക്കാൻ വീണ്ടും അമവികൾക്ക് കഴിഞ്ഞു.

കൊടുംക്രൂരനും, പിശുക്കനും, അത്യാഗ്രഹിയും, സർവ്വോപരി ഒരു 'നിരീശ്വരവാദി'യുമായിന്നു ഹജ്ജാജ്. സുന്നീ പ്രജകൾക്കുമുമ്പിൽ, തന്റെ യജമാനൻമാരെപ്പോലെ 'ഒരു ദൈവ വിശ്വാസി'യായി ഹജ്ജാജ് നടിച്ചു എന്നു മാത്രം. ഹജ്ജാജ് മാത്രമല്ല ഇമാം അലിയെ തോൽപ്പിച്ച് ഇസ്ലാമിക ഭരണം സ്വന്തമാക്കുകയും, പിന്നീട് സിറിയ ആസ്ഥാനമായി രാജഭരണം (അമവി ഭരണം) കൊണ്ടു വരികയും ചെയ്ത മുആവിയയും, പിതാവ് അബൂസൂഫ് യാനും, മകൻ യസീദും, മച്ചുനിയൻ മർവാനും, അബ്ദുൽ മലിക്കു ബിൻ മർവാനും, വലീദു ബിൻ അബ്ദുൽ മലിക്കും, യസീദ് രണ്ടാമനും (മുടിയനായ യസീദ്) (തുടർന്നു വന്ന ഉമർ രണ്ടാമൻ ഒഴികെ), ബാക്കിയെല്ലാ രാജാക്കൻമാരും തങ്ങളുടെ പിതാമഹനായ അബൂസുഫ്യാനെപ്പോലെ പിശുക്കൻമാരും, ക്രൂരൻമാരും, അത്യാഗ്രഹികളും, സ്വാർത്ഥ താൽപ്പര്യങ്ങൾക്കു മാത്രം പ്രാധാന്യം കൊടുത്തുകൊണ്ട് പണം കുന്നുകൂട്ടി വെക്കുന്നവരും, സർവ്വോപരി ഒരു ദൈവത്തിലും വിശ്വാസമില്ലാത്തവരുമായിരുന്നു. ഇവരുടെ മക്കളുടെയും പേരക്കുട്ടികളുടെയും അദ്ധ്യാപകരിൽ രണ്ടോ മൂന്നോ പേർ ഒഴികെ ബാക്കിയെല്ലാവരും ജൂത-ക്രിസ്ത്യൻ പണ്ഡിതന്മാരായിരുന്നു. അതുകൊണ്ടാണ് അബൂസുഫ് യാന്റെ ഒസ്യത്ത് പ്രകാരം അധികാരം നഷ്ടപ്പെടാതെ, ഇസ്ലാമിനെ അമവീ ഭരണമാക്കി (ബനൂ ഉമയ്യഗോത്രത്തിന്റെ ഭരണമാക്കി) മാറ്റിയതും, റോമാ-പേർഷ്യൻ രാജാക്കൻമാരെപ്പോലെ (നബി മുതൽ 4 ഖലീഫമാരിൽനിന്ന് വ്യത്യസ്തമായി) പത്തും, പതിനെട്ടുമൊക്കെ ഇരട്ടി നികുതി പിരിച്ച് സ്വന്തം ഖജാനകൾ അവർ നിറച്ചതും.

അങ്ങിനെ ഒരു പുത്തൻ നമസ്ക്കാര ക്രമവും, പുത്തൻ ഹജ്ജുകർമ്മവും, പുത്തൻ വ്രതാനുഷ്ഠാനവും, പെരുന്നാളോഘോഷങ്ങളും, പുത്തൻ വ്യാഖ്യാനങ്ങളുള്ള ഖുർആൻ തഫ്സിറുകളും (സുന്നി തഫ്സീറുകളുമായി) ഇസ്ലാമിനെ തീർത്തും അറേബ്യൻ സംസ്കാരത്തിലും ചിന്താഗതിയിലും അധിഷ്ഠിതമായ ഒരു സുന്നി മതമാക്കാൻ - 'അഹ്ലുസ്സുന്നത്ത് വൽജമാഅത്ത്' എന്ന മതമാക്കാൻ അമവികൾക്ക് -വിശിഷ്യാ അബ്ദുൽ മലിക്കു ബിൻ മർവാനും, ഹജ്ജാജുബിൻ യൂസുഫിനും കഴിഞ്ഞു. പിന്നിടു വന്ന അമവി-അബ്ബാസി രാജാക്കൻമാരും അഹ്ലു സുന്നത്തിനെ പലഘട്ടങ്ങളിലായി പ്രോത്സാഹിപ്പിക്കുകയും, പരിപോഷിപ്പിക്കുകയും ചെയ്തു. അറിഞ്ഞോ അറിയാതെയോ ഇന്നത്തെ സുന്നി മുജാഹിദ് ജമാഅത്ത് മൗലവിമാർ തർക്കിക്കുന്നതും 'കടിപിടി' കൂടുന്നതും പരസ്പരം കൊല്ലാനാഹ്വാനം, ചെയ്യുന്നതും കൊല്ലുന്നതും ഈ അറേബ്യൻ സംഘടനയായ 'അഹ്ലു സ്സുന്നത്ത്' എന്ന ഈ അനിസ്ലാമിക മതത്തിനുവേണ്ടിയാണ് (അറേബ്യൻ ക്രിസ്തുമതത്തിന് വേണ്ടിയാണ്) എന്നതാണ് ഏറെ രസാവഹം..!

# 'ബിസ്മില്ലാഹി-ർറഹ്മാനി-ർറഹീം'.

## അർത്ഥവും വ്യാഖ്യാനവും

വിശുദ്ധ ഖുർആനിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സൂക്തമാണല്ലോ പ്രാരംഭസൂക്തമായ 'ബിസ്മില്ലാഹിർറഹ്മാനി-ർറഹീം'('തൌബ' എന്ന അദ്ധ്യായമൊഴികെ) വിശുദ്ധഖുർആനിലെ എല്ലാ അദ്ധ്യായത്തിന്റെ തുടക്കത്തിലും ആ ബിസ്മി നമുക്ക് കാണാം.) വിശുദ്ധ ഖുർആന്റെ ചിഹ്നവും, ഇസ്ലാമിന്റെ മുഖമുദ്രയുമാണ് പ്രസ്തുതസൂക്തം. 'അത്യുദാരനും,(അളവറ്റ ദയാപരനും)കരുണാനിധിയുമായ അല്ലാഹുവിന്റെ (ദൈവത്തിന്റെ) നാമത്തിൽ'. എന്നാണ് അതിന്ന് സുന്നീ-ശിയാ പണ്ഡിതന്മാർ ആയിരത്തിലധികം കൊല്ലമായി അർത്ഥം പറഞ്ഞുവരുന്നത്.

ആയിരത്തിലധികം കൊല്ലമായി നാം ഉരുവിട്ടു പഠിച്ചതും,സുന്നികളിലെയും ശിയാക്കളിലെയും മുന്നൂറിലധികം വരുന്ന മുസ്ലീം സംഘടനകളിലെ നിഷ്ക്കളങ്കരായ വിശ്വാസികൾ ആദരവോടെ തങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലും ഉരുവിടുന്നതുമായ ആ ബിസ്മിയുടെ അർത്ഥത്തിലും ഗുരുതരമായ ഒരു ദുർവ്യാഖ്യാനം നിലനിർത്താൻ ശ്രമിച്ചിട്ടുണ്ട് എന്നാണ് നമുക്ക് അനുഭവപ്പെടുന്ന പുതിയ ഒരു ദു:ഖസത്യം. ആ ദുർവ്യാഖ്യാനത്തിലേക്ക് ഖുർആൻ വിശ്വാസികളുടെയും മുസ്ലീം പണ്ഡിതന്മാരുടെയും ശ്രദ്ധക്ഷണിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

വിശുദ്ധ ഖുർആനിനെയും, മുഹമ്മദ് നബിയേയും പറ്റെ അവഗണിച്ചുകൊണ്ട് 'അഹ്ലുസ്സുന്നത്തുവൽ ജമാഅത്ത്'. എന്ന ഒരു പാരമ്പര്യമതമുണ്ടാക്കുകയും, ആ ആചാരമതത്തിന്റെ മുഖമുദ്രയായി ഖുർആൻ വിരുദ്ധമായ അമ്പതിലധികം തെറ്റുകളുള്ള ഒരു കേവലനമസ്ക്കാര രൂപവും ബാങ്കുമൊക്കെ ഉണ്ടാക്കുകയും, ആ ഇസ്ലാം വിരുദ്ധ നമസ്ക്കാരത്തിൽ ഖുർആനിന്റെ മുഖമുദ്രയായ 'ബിസ്മി'പതുക്കെ ഓതണമെന്നും, അതേ സമയം ഖുർആനിൽ എവിടെയും കാണാത്ത-നബിതിരുമേനി പഠിപ്പിക്കാത്ത-ആമീൻ(so be it) എന്ന ജൂത പൌരോഹിത്യമന്ത്രം ഉറക്കെ ഉരുവിടണമെന്നും നിയമമാക്കിയ അറേബ്യൻ സുന്നികൾ,'ബിസ്മില്ലാഹി'യുടെ അർത്ഥവും തന്ത്രപൂർവ്വം നമ്മിൽ നിന്ന് മറച്ചുവെച്ചതിൽ എന്താണൽഭുതപ്പെടാനുള്ളത്? (പാപികളായ-കുഞ്ഞാടുകളായ- ഞങ്ങൾക്ക്(സുന്നികൾക്ക്) ദൈവത്തിനോട് നേരിട്ട് സംസാരിക്കാനോ, പ്രാർത്ഥിക്കാനോ ഉള്ള യോഗ്യതയില്ലാത്തതുകൊണ്ട്'ആമീൻ'-'ആമീൻ' (എന്താണോ, അച്ചനും പാതിരിയും മുല്ലാക്കയും പറയുന്നത് അത് സ്വീകരിക്കേണേ-(അപ്രകാരം സംഭവിക്കേണമേ=so be it) എന്നാണ് ആമീന്റെ അർത്ഥം. 'ഫത്ഹുൽബാരി'യുടെ കർത്താവായ ഇബ്നുഹജറുൽ അസ്ഖലാനിയും 'ബുഖാരി'യുടെ വ്യാഖ്യാനത്തിൽ ഈ അർത്ഥം പരാമർശിച്ചിട്ടുണ്ട്).

'ബിസ്മില്ലാഹി' എന്നതിന് 'ദൈവനാമത്തിൽ' (ബി+ഇസ്മില്ലാഹി) എന്നും 'ദൈവത്തിന്റെ അടയാളത്തിൽ' (അല്ലാഹുവിന്റെ പ്രതീകമായിക്കൊണ്ട്)എന്നും അർത്ഥം വെക്കാവുന്നതാണ്. വിശുദ്ധഖുർആനിലെ (96:1,2)(48:29) എന്നീ വചനങ്ങൾ ഒരു അറബിഭാഷാപണ്ഡിതന്റെ സഹായത്തോടെ ശ്രദ്ധിച്ചു പഠിക്കുക.)അറബി ഭാഷയിൽ 'സിമത്'(സിമ; സമ) എന്ന പദത്തിന് അടയാളം എന്നർത്ഥമുണ്ട്. പേരിടലും(പേരും)(ഇസ്മ്) ഒരു അടയാളം വെക്കൽ തന്നെയാണല്ലോ..!('ഇസ്മ്'='നാമം' എന്ന അർത്ഥത്തിൽ 'ബിസ്മില്ലാഹി' എഴുതുമ്പോൾ 'ബ' ക്കു ശേഷം അലിഫ് ഇടണം എന്നുള്ളത് ഒരു അറബി ഭാഷാ വ്യാകരണ നിയമമാണ്.(ഉദാഹരണം: ഖുർആൻ 96:1(ഇഖ്റഅ് ബിസ്മി റബ്ബിക്ക എന്ന ഭാഗം ശ്രദ്ധിക്കുക.) എന്നാൽ വിശുദ്ധ ഖുർആനിലെ ബിസ്മിയിലെ അലിഫ് എന്തുകൊണ്ട് മറഞ്ഞിരിക്കുന്നു എന്നതിന് ശാസ്ത്രീയമായ ഒരു വിശദീകരണമാണ് നമുക്ക് വേണ്ടത്. അല്ലാതെ പൂർവ്വികരുടെ വിവരക്കേടോ ആയിരത്തിനാനൂറ് വർഷത്തിന്റെ പാരമ്പര്യമോ അല്ല. ദൈവനാമം വെറുതെ യാന്ത്രികമായി നാവുകൊണ്ട് ഉരുവിടുന്നതോ അതോ ദൈവത്തിന്റെ അടയാളമായി (പ്രതീകമായി) വർത്തിക്കുന്നതോ ഏതാണ് ഉത്തമമായ അർത്ഥവും വ്യാഖ്യാനവും എന്ന് വിശ്വാസികൾക്ക് പറഞ്ഞ് മനസ്സിലാക്കി തരിക.)

അത്യുദാരനും കരുണാനിധിയുമായ അല്ലാഹുവിന്റെ അടയാളമായിക്കൊണ്ട്(ദൈവത്തിന്റെ പ്രതീകമായിക്കൊണ്ട്) ഞാൻ ഈ (വേദപാരായണം ആരംഭിക്കുന്നു) എന്നാണ് 'ബിസ്മി'യുടെ ശരിയായ അർത്ഥം.

## 'അല്ലാഹുവിന്റെ അടയാളമാകുക(ദൈവത്തിന്റെ പ്രതീകമാകുക)' എന്നതിന്റെ വിവക്ഷയെന്ത്..?

അളവറ്റ ദയാപരനും കരുണാനിധിയുമായ ഒരു മഹാ പ്രതിഭാസമാണ് അല്ലാഹു(ദൈവം).അവന്റെ കാരുണ്യം നമ്മെ എപ്പോഴും പൊതിഞ്ഞുനിൽക്കുന്നു. കരുണചെയ്യുക എന്നത് ഒരു ബാധ്യതയായി അവൻ സ്വയം ഏറ്റെടുത്തിരിക്കുന്നു. (6:154)(6:133)....(1:1-114:1)(11:6)(15:20)(51:58)അങ്ങിനെ അത്യുദാരനും കരുണാനിധിയുമായ (റഹ്മാനും റഹീമുമായ ഒരു വ്യവസ്ഥിതിയായാണ്-ഒരു മഹാ പ്രതിഭാസമായാണ്-) ഒരു മഹാശക്തിയായാണ് ഖുർആനിലെ ആയിരക്കണക്കിന് സൂക്തങ്ങളിലൂടെ അല്ലാഹു നമുക്ക് സ്വയം പരിചയപ്പെടുത്തിത്തരുന്നത്.! (2:30)(38:26)(32:9)(15:29)(38:72) (57:1-6)(50:6-16)(2:255)(13:33)(33:72)

അങ്ങിനെയുള്ള അത്യുദാരനും, കരുണാനിധിയുമായ ദൈവത്തിന്റെ പ്രതിനിധിയാണ് ഓരോ മനുഷ്യനും എന്നു ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. അവൻ ഭൂമിയിൽ നമ്മെ അവന്റെ പ്രതിനിധിയാക്കിയിരിക്കുന്നു ഓരോ മനുഷ്യനിലും ദൈവത്തിന്റെ അംശവും പ്രാതിനിധ്യവുമുണ്ട്. അല്ലാഹുവിന്റെ-ദൈവത്തിന്റെ -മാത്രം കുത്തകയായ സൃഷ്ടി-സ്ഥിതി-സംഹാരം ഒരു പരിധി വരെ ഭൂമിയിൽ നടപ്പിലാക്കാൻ അനുവാദം ലഭിച്ച-അതിനു കഴിവുള്ള-ഈ പ്രപഞ്ചത്തിലെ ഇന്നറിയപ്പെടുന്ന ഒരേയൊരു ജീവി ദൈവത്തിന്റെ പ്രതിനിധിയായ മനുഷ്യൻ മാത്രമാകുന്നു. അല്ലാഹുവിന്റെ ഖലീഫ-ദൈവത്തിന്റെ പ്രതിനിധി-ഭൂമിയിൽ ദൈവത്തിന്റെ പകരക്കാരൻ-എന്ന വിശേഷണത്തിലൂടെ കുറെ ഭാരിച്ച ഉത്തരവാദിത്വങ്ങളാണ് ദൈവം മനുഷ്യനു മേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അല്ലാഹുവിന്റെ ഗുണങ്ങൾ വിളംബരം ചെയ്യുന്ന അടയാളമാകണം.(ചിഹ്നമാകണം) ഓരോരുത്തരും എന്നത്..! ഈ ഭൂമിയിൽ ദൈവത്തെപോലെയാവാൻ ആർക്കും പറ്റില്ല. (112:4) എങ്കിലും ദൈവത്തിന്റെ ഗുണങ്ങളുടെ പ്രതീകമായും, പ്രതിരൂപമായും ഓരോ മനുഷ്യനും വർത്തിക്കണം എന്നുള്ളതാണ് പ്രസ്തുത വചനത്തിന്റെ താൽപ്പര്യം.

അല്ലാതെ അല്ലാഹുവിന്റെ തൊണ്ണൂറ്റിയൊൻപത്(99) നാമങ്ങൾ ('അസ്മാഉൽഹുസ്നാ') വെറുതെ നാവുകൊണ്ട് ഉരുവിട്ടതുകൊണ്ട് കാര്യമില്ല. 'അസ്മാഉൽഹുസ്നാ'(ദൈവിക നാമങ്ങൾ) മനോഹരമായി എഴുതിയുണ്ടാക്കി ചുമരിൽ തൂക്കിയിട്ടിട്ടും കാര്യമില്ല. ആ നാമങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് നാം ദൈവത്തിന്റെ പ്രതീകങ്ങളായി മാറുന്നത്. റഹ്മാൻ(കാരുണ്യവാൻ) റഹീം(കരുണാനിധി) സമദ്(ആരുടെയും ആശ്രയം ആവശ്യമില്ലാത്തവൻ) അസീസ്(പ്രതാപവാൻ) എന്നിങ്ങനെയുള്ള ദൈവത്തിന്റെ വിശിഷ്ടനാമങ്ങൾ അന്വർത്ഥമാകുന്നത് നാം ആ പേരിന്റെ അർത്ഥത്തിന്റെ പൊരുളറിഞ്ഞു കർമ്മം ചെയ്യുമ്പോൾ മാത്രമാണ്. വിശുദ്ധഖുർആനിൽ അല്ലാഹുവിന്റെ വിശേഷണങ്ങളായി ഏറ്റവും കൂടുതൽ പറഞ്ഞിട്ടുള്ളതും റഹ്മാൻ,റഹീം എന്നീ പദങ്ങളാണ്. അങ്ങിനെയുള്ള കാരുണ്യവാനും, കരുണാമൂർത്തിയുമായ ദൈവത്തിന്റെ പ്രതിനിധിയും, പ്രതീകവുമാണ് വിശ്വാസിയായ ഓരോ മനുഷ്യനും.

കരുണചെയ്യുക എന്നത് ഒരു ബാധ്യതയായി സ്വയം ഏറ്റെടുത്ത അല്ലാഹുവിന്റെ -കാരുണ്യവാനും കരുണാനിധിയുമായ ദൈവത്തിന്റെ പ്രാതിനിധ്യം സ്വയം ഏറ്റെടുത്തുകൊണ്ട് മാനവരാശിയുടെയും, ഈ പ്രപഞ്ചത്തിന്റെയും നിലനിൽപ്പിനും ക്ഷേമത്തിനുമായി കാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുക, അതുവഴി ഈ ഭൂമിയിൽ സ്വർഗ്ഗവും, പരലോകമോക്ഷവും കരസ്ഥമാക്കുക എന്നതാണ് വിശുദ്ധ ഖുർആൻ എന്ന ദൈവീക ഗ്രന്ഥത്തിന്റെ താൽപ്പര്യം. ഏതൊരു ഗ്രന്ഥമായാലും, ലേഖനമായാലും, കവിതയായാലും, അതിലെല്ലാം ഒരു സന്ദേശവും താൽപ്പര്യവും ഉണ്ടാകും. ഗ്രന്ഥകർത്താവ് അതിന്റെ 'തലക്കെട്ടിലോ' തുടക്കത്തിലോ അത് പ്രകടമാക്കുകയും ചെയ്യും. അപ്പോൾ വിശുദ്ധ ഖുർആൻ എന്ന വേദഗ്രന്ഥത്തിന്റെ മൊത്തം താൽപ്പര്യം വളരെ മനോഹരമായി ഖുർആനിലെ ആദ്യവചനത്തിൽതന്നെ അല്ലാഹു ഒളിപ്പിച്ചു വെച്ചിട്ടുണ്ട് എന്നു സാരം. എല്ലാ അദ്ധ്യായത്തിന്റെ തുടക്കത്തിലും ആ താൽപ്പര്യം(ബിസ്മില്ലാഹി) ആവർത്തിക്കുകയും ചെയ്തു.

അപ്പോൾ ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നതിന്റെ അർത്ഥം 'കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിന്റെ അടയാളമായിക്കൊണ്ട്' എന്നാണ്. കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിന്റെ അടയാളമായിക്കൊണ്ട്(കരുണാമയനായ ദൈവത്തിന്റെ പ്രതീകമായിക്കൊണ്ട്)(ഞാൻ ഈ വേദപാരായണം ആരംഭിക്കുന്നു) എന്നു സാരം. ഒന്നുകൂടി വിശദമായി പറഞ്ഞാൽ എത്രതന്നെ അക്രമവും, അനീതിയും ചെയ്യുന്ന ക്രൂരന്മാരോട് പോലും കാരുണ്യം ചെയ്യുക എന്നത് ഒരു ബാധ്യതയായി സ്വയം ഏറ്റെടുത്ത

കരുണാമയനായ ആ ദൈവത്തിന്റെ അംശവും പ്രതിനിധിയുമായ (ഞാൻ) ആ ബാധ്യത (സഹജീവികൾക്ക് കരുണ ചെയ്യുക എന്ന ബാധ്യത) സ്വയം ഏറ്റെടുത്തുകൊണ്ട്- ആ പ്രാതിനിധ്യം സ്വയം തിരിച്ചറിഞ്ഞുകൊണ്ട്-ഈ വേദപാരായണവും, വേദപഠനവും ,വേദപ്രചരണവും തദനുസാരമുള്ള പ്രവർത്തനങ്ങളും ആരംഭിക്കുന്നു എന്നു സാരം. (Being the Sign of God the Beneficient; the Merciful or Being the Symbol of God the Beneficient; the Merciful or Being the Representative of God the Beneficient; the Merciful or Being the Sign of Allah; Most gracious, Most Merciful etc)

ബിസ്മി-ല്ലാഹി-ർറഹ് മാനിർഹീം : അത്യുദാരനും കരണാനിധിയുമായ, അല്ലാഹുവിന്റെ അടയാളമായിക്കൊണ്ട് (ഞാനീ ഖുർആൻ പാരായണം ആരംഭിക്കുന്നു.

(അഥവാ അളവറ്റദയാപരനും കരുണാനിധിയുമായ പ്രപഞ്ചനാഥന്റെ പ്രതീകമായിക്കൊണ്ട്, ഞാനീ വേദപാരായണവും വേദപഠനവും, അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും ആരംഭിക്കുന്നു.)

'ബിസ്മില്ലാഹ്'ി എന്നതിന് 'ദിക്റുല്ലാഹി', കിതാബുല്ലാഹി(അല്ലാഹുവിന്റെ ഗ്രന്ഥം) എന്നും അർത്ഥമുണ്ട്. 'ദൈവത്തിന്റെ മന്ദഹാസം' എന്നും അർത്ഥമുണ്ട്.) (27:30) (11:41)

**ബസമ എന്നതിന് പുഞ്ചിരിക്കുക എന്നും ഒരർത്ഥമുണ്ട്. അളവറ്റ ദയാപരനും കരുണാനിധിയുമായ ദൈവം ഒരു പുഞ്ചിരിയോടുകൂടി ലോകത്തിനു സമ്മാനിച്ച ഗ്രന്ഥം എന്നും ഇതിനെ വ്യാഖ്യാനിക്കാവുന്നതാണ്.**

Note: ഇതു ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിലെ ചില പണ്ഡിതന്മാരുടെ അർത്ഥവും, വ്യാഖ്യാനവും , അഭിപ്രായവുമാണ്.. ഇത് ഒരു അന്തിമ അർത്ഥമോ, വ്യാഖ്യാനമോ അല്ല. ഖുർആൻ സുന്നത്തു സൊസൈറ്റിയുടെ ഗവേഷണവിഭാഗത്തിലെ പണ്ഡിതന്മാരുടെ അഭിപ്രായവും, വ്യാഖ്യാനവും വിശദീകരണവും കേട്ടതിനുശേഷമേ ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ ഔദ്യോഗിക പരിഭാഷയിൽ ഇത് ഉൾക്കൊള്ളിക്കുകയുള്ളു. അനാരോഗ്യകരമായ വിമർശനങ്ങളും തർക്കങ്ങളും ഇല്ലാതെ ഗൗരവമായി ഈ ചർച്ചയിൽ പ്രതികരിക്കണമെന്ന് എല്ലാ ആദർശബന്ധുക്കളോടും അഭ്യർത്ഥിക്കുന്നു.

## സർവ്വലോകരക്ഷിതാവായ അല്ലാഹുവിന്നർഹതപ്പെട്ടതാകുന്നു സർവ്വസ്തുതിയും.

# ഖുർആനിലെ ചില അടിസ്ഥാന സിദ്ധാന്തങ്ങൾ

- അല്ലാഹുവിനെ അറിഞ്ഞവർക്ക്; ഈശ്വരനെ മനസ്സിലാക്കിയവർക്ക് (അഥവാ ബ്രഹ്മത്തെ അറിഞ്ഞവർക്ക്- ബ്രാഹ്മണർക്ക്- അഥവാ മുസ്‌ലിംകൾക്ക് മതം മാറാൻ സാധ്യമല്ലെന്ന് വിശുദ്ധ ഖുർആൻ...!
- അല്ലാഹുവിനെ അറിഞ്ഞവർ; ഈശ്വരനെ അറിഞ്ഞവർ (അഥവാ ബ്രഹ്മത്തെ അറിഞ്ഞവർ - ബ്രാഹ്മണർ- അഥവാ മുസ്‌ലിംകൾ എല്ലാ മതക്കാരിലുമുണ്ടെന്ന് വിശുദ്ധ ഖുർആൻ...!
- നിർബന്ധിത മതപരിവർത്തനം ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം......!
- പ്രലോഭന മതപരിവർത്തനം ഖുർആൻ വിരുദ്ധം...!
- മുപ്പത് തെറ്റുകളുള്ള അഞ്ച് നേര നമസ്കാരം ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!
- പത്ത് തെറ്റുകളുള്ള സുന്നി, ശിയാ ബാങ്കുവിളികൾ ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!
- ഖുർആൻ പഠിപ്പിക്കാത്ത - ഖുർആൻ ബഹിഷ്കരിച്ച - പൗരോഹിത്യ ചിഹ്നമായ 'ആമീൻ' എന്ന ശിർക്കൻ പ്രാർത്ഥന ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!
- മൂന്ന് നേരമായാലും അർത്ഥമറിയാതെ അറബിഭാഷയിൽ പ്രാർത്ഥിക്കുന്നത് ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!
- അറബിഭാഷയിലായാലും മറ്റേതുഭാഷയിലായാലും എന്താണു നമസ്കാരം, എന്തിനാണ് നമസ്കാരം, എന്താണ് പറയുന്നത്, എന്തിനാണ് പ്രാർത്ഥിക്കുന്നത് എന്നറിയാതെ നമസ്കാരത്തോട് അടുക്കരുതെന്ന് വിശുദ്ധ ഖുർആൻ....!
- ഹജ്ജിലെ കല്ലേറും കല്ല് ചുംബനവും ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!
- പരോപകാരമുള്ള പുണ്യകർമ്മങ്ങൾ ചെയ്യാതെ നമസ്കാരം, നോമ്പ്, ഹജ്ജ് എന്നീ കേവലാരാധനകൾ കൊണ്ട് മാത്രം പാപം പൊറുക്കുമെന്നോ സ്വർഗത്തിൽ കയറിക്കൂടാമെന്നോ ആരും വ്യാമോഹിക്കേണ്ടതില്ല എന്ന് വിശുദ്ധ ഖുർആൻ....!
- ഹജ്ജ് കൊണ്ട് പാപം പൊറുക്കുമെന്ന വിശ്വാസം- ഹജ്ജ് ചെയ്തവൻ അന്ന് പെറ്റ കുട്ടിയെപ്പോലെയായി എന്ന സിദ്ധാന്തം - ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!
- പ്രാർത്ഥനയ്ക്കുത്തരം കിട്ടുന്ന പ്രത്യേക സ്ഥലങ്ങൾ ലോകത്തിലെവിടെയും; സാക്ഷാൽ മക്കാ - മദീനയിൽപോലും ഉണ്ടെന്ന് ഖുർആൻ പഠിപ്പിക്കുന്നില്ല. തന്റെ ഇഷ്ടദാസന്റെ പ്രാർത്ഥന ഈ പ്രപഞ്ചത്തിൽ എവിടെ നിന്നും എപ്പോൾ വിളിച്ചാലും ദൈവം ഒരുപോലെ കേൾക്കുമെന്ന് വിശുദ്ധ ഖുർആൻ....!
- മൂന്ന് തലാഖ് എന്നാൽ മൂന്ന് അവസരമാണെന്ന് മൗലവി ചേകന്നൂർ.....! (സുന്നീ തഫ്സീർ)ഒരേ സമയം 'തലാഖ് തലാഖ് തലാഖ്' എന്ന് മൂന്ന് പ്രാവശ്യം ചൊല്ലി വിവാഹബന്ധം വേർപ്പെടുത്തുന്ന അറുവഷളൻ കാടൻ ശരീഅത്ത് അനിസ്ലാമികമെന്ന് വിശുദ്ധ ഖുർആൻ. ഒരു സ്ത്രീയെ ഒരേ സമയം മൂന്ന് തവണ വിവാഹം ചെയ്യാൻ പറ്റാത്തതുപോലെ ഒരൊറ്റയിരുപ്പിൽ ഒരു ഭാര്യയെ മൂന്ന് തവണ തലാഖ് ചൊല്ലാനും പറ്റില്ലെന്ന് വിശുദ്ധ ഖുർആൻ.
- 'ജുമുഅ' ഒഴികെ നിത്യേനയുള്ള അഞ്ചുനേര അപ്രായോഗിക സംഘടിത നമസ്കാരങ്ങൾ ഖുർആൻ വിരുദ്ധം. നിത്യവും അഞ്ചുനേരം 'ജുമുഅ' നടത്തൽ (ജമാഅത്ത്) ഖുർആൻ വിരുദ്ധം....! അത്തരം അപ്രായോഗികമായ ഒരു ദുരാചാരം നബിയുടെയും ഖുർആനിന്റെയും പേരിൽ പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും, മുല്ലാക്കക്കും മുക്രിക്കും ശമ്പളം കൊടുത്ത് ആ സുന്നി മതം നില നിർത്തുന്നതും നബിയെയും വിശുദ്ധ ഖുർആനെയും കളിയാക്കുന്നതിന് തുല്യം....!
- സ്ത്രീകളുടെ മുഖവും മുൻകൈയും മറക്കുന്ന അറേബ്യൻ പരമ്പരാഗത വസ്ത്രമായ പർദ മുസ്‌ലിംകളുടെ ഔദ്യോഗിക വസ്ത്രധാരണമല്ല. പർദ അനിസ്ലാമികം....!
- ഖുർആൻ പഠിപ്പിക്കാത്ത മതാചാരങ്ങൾ 'ഇസ്ലാമികം' എന്ന പേരിൽ - ദൈവത്തിന്റെ പേരിൽ - പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും വമ്പിച്ച അപരാധമാണെന്ന് (ശിർക്കുപോലെ വൻകുറ്റമാണെന്ന്) വിശുദ്ധ ഖുർആൻ....!
- വിശുദ്ധ ഖുർആനിലെ അടിസ്ഥാന സിദ്ധാന്തങ്ങളിൽ നിന്ന് വ്യതിചലിക്കാതെ - തൗഹീദിൽ നിന്ന് വ്യതിചലിക്കാതെ - ഇസ്ലാം മതത്തിൽ എന്തു പരിഷ്കാര പ്രവർത്തനങ്ങളും നടപ്പിലാക്കാമെന്ന് വിശുദ്ധ ഖുർആൻ....!
- നിങ്ങളിൽ നിന്നുള്ള അതാത് കാലത്തെ സച്ചരിതരായ പണ്ഡിതന്മാരെയും ഭരണകർത്താക്കളെയും അനുസരിച്ച് ജീവിക്കണമെന്ന് വിശുദ്ധ ഖുർആൻ....!
- വിശുദ്ധ ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത ചേലാകർമം എന്ന അറേബ്യൻ സുന്നത്ത് കർമം ഖുർആൻ വിരുദ്ധം - അഥവാ അനിസ്ലാമികം....!
- ചേകന്നൂർ മൗലവിയുടെ ചരിത്രം സൃഷ്ടിച്ച ഗ്രന്ഥങ്ങളുടെ ജൈത്രയാത്ര തുടരുന്നു....!
- ചേകന്നൂർ മൗലവിയുടെ ഖുർആനിക ദർശനങ്ങൾ തുടരുന്നു.....!

## ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ മറ്റു പ്രസിദ്ധീകരണങ്ങൾ

1. ചേലാകർമ്മം അനിസ്‌ലാമികം *(ഡോ. എം. അബ്ദുൾ ജലീൽ, പുറ്റേക്കാട് )*
2. ചേകന്നൂർ മൗലവിയുടെ ഖുർആനിക ദർശനങ്ങൾ *(ഡോ. എം. അബ്ദുൾ ജലീൽ, പുറ്റേക്കാട് )*
3. ഇസ്‌ലാമും ജനാധിപത്യവും *(ഡോ. എം. അബ്ദുൾ ജലീൽ, പുറ്റേക്കാട് )*
4. വിശുദ്ധ ഖുർആൻ -
   മുസ്‌ലിംകളുടെ ഒരേയൊരു പ്രമാണ ഗ്രന്ഥം *(ഡോ. എം. അബ്ദുൾ ജലീൽ, പുറ്റേക്കാട് )*
5. ആമീൻ എന്ന ഖുർആൻ വിരുദ്ധ പ്രാർത്ഥനാ മൊഴിയും വിഗ്രഹാരാധനയും *(ഡോ. എം. അബ്ദുൾ ജലീൽ, പുറ്റേക്കാട് )*
6 ഹദീസുകളുടെ പ്രാമാണികത *(എം.പി. മുഹമ്മദുണ്ണി മൗലവി മാറഞ്ചേരി)*
7 ശരിഅത്ത് - വികാസവും പരിണാമവും *(എം.പി. മുഹമ്മദുണ്ണി മൗലവി മാറഞ്ചേരി)*
8. ഈ ഹദീസുകൾ ആർക്കു വേണ്ടി *(പി.സി. മുഹമ്മദ് കുട്ടി ഹാജി)*
9. ചേകന്നൂർ മൗലവിയുടെ ആദർശ പടയോട്ടം *(മൗലവി യൂസുഫ് കരുനാഗപ്പള്ളി )*
10. ഇസ്ലാമിലെ ചിന്താ പ്രസ്ഥാനങ്ങൾ *(മുഹമ്മദുണ്ണി മൗലവി )*
11. ഹസ്രത്ത് അലി *(മുഹമ്മദുണ്ണി മൗലവി )*
12. വേദദർശനം മാസിക
13. ഇസ്‌ലാമിൽ നടന്ന ഗുരുതമായ അട്ടിമറികൾ (ഇസ്‌ലാമിലേക്കുള്ള പാത) വിശുദ്ധ ഖുർആനെയും, ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തെയും പരിചയപ്പെടുത്തുന്ന 50 മണിക്കൂർ ദൈർഘ്യമുള്ള പ്രഭാഷണപരമ്പര. ഓഡിയോ സി.ഡി. (MP3 ഫോർമാറ്റ് )
14. മരണമില്ലാത്ത മൗലവി ചേകന്നൂർ (വി.സി.ഡി.)

## ചരിത്രം സൃഷ്ടിച്ച ഗ്രന്ഥങ്ങൾ....!
## ചേകന്നൂർ മൗലവിയുടെ ഗ്രന്ഥങ്ങൾ...!

- പ്രമാണയോഗ്യമായ ഹദീസേത്?
- അബൂഹുറൈറയുടെ തനിനിറം?
- നമസ്കാരം എങ്ങനെ? എത്ര? എപ്പോൾ?
- ഖുർആനിൽ നമസ്കാരത്തിനുള്ള സ്ഥാനം. (അഞ്ചുനേരത്തെ നമസ്കാരം ഖുർആനിൽ എന്ന സി.എൻ.അഹമ്മദ് മൗലവിയുടെ ഗ്രന്ഥത്തിനുള്ള മറുപടി)
- ഖുർആനിൽ നമസ്കാരം മൂന്ന് മാത്രം
  സി.എൻ. മൗലവിക്ക് ചുട്ടമറുപടി (രണ്ടാം ഭാഗം)
- ഖുർആനിലെ പിൻതുടർച്ചാനിയമം
- ഖുത്തുബ പരിഭാഷയും സ്ത്രീകളുടെ ജുമുഅയും
- തറാവീഹ് നബിക്ക് മാത്രം
- ഖുർആനിലെ ഹജ്ജ്
- ഖുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും
- ഇസ്ലാം കാര്യം പത്ത്
- ഖുർആനിലെ നമസ്കാരരൂപം
- സർവമത സത്യവാദം ഖുർആനിൽ
- ഇസ്രാഉം മിഅ്റാജും
- നബിയുടെ പേരിൽ സ്വലാത്തു ചൊല്ലൽ എങ്ങനെ?
- ബുഖാരിയും മുസ്‌ലിമും ലോകപൊള്ളന്മാർ?
- ഇന്ത്യൻ ശരീഅത്തും ഇസ്ലാമിക ശരീഅത്തും സുപ്രീംകോർട്ട് വിധിയും
- സലാം സുല്ലമിക്ക് സമുചിത മറുപടി
- മുസ്‌ലിം പിന്തുടർച്ചാ നിയമം - വിമർശകർക്ക് മറുപടി